Date of publication : 1 ജൂൺ 2023
വാല്യം 8/ലക്കം 36
ISSN 2319-9741

# സംഘടിത



## മുസ്ലീം സ്ത്രീകളുടെ സ്വത്തവകാശം



# സംഘടിത കൂട്ടായ്മയിൽ

## കണ്ണിചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു


സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായി സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാധ്യമ അവലോകനങ്ങൾ, പഴയ കുടുംബ ഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ - പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും - ക്ഷണിക്കുന്നു. താൽപര്യമുള്ളവർ

**sanghadithacalicut@gmail.com**

എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺനമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.

**www.sanghaditha.com**

# അന്വേഷിയുടെ യൂട്യൂബ് ചാനൽ സബ്സ്ക്രൈബ് ചെയ്യുക





പ്രിയ സുഹൃത്തുക്കളേ, മൂന്നു പതിറ്റാണ്ടുകളായി സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ചെറുക്കാനും ഒരു സ്ത്രീപക്ഷ ഇടം സൃഷ്ടിക്കാനും കോഴിക്കോട് രൂപീകരിച്ച ഒരു ഫെമിനിസ്റ്റ് സംഘടനയാണ് അന്വേഷി. അതിദുർഘടമായ, വെല്ലുവിളികൾ നിറഞ്ഞ ആ യാത്രയുടെ കഥകൾ ലോകം മുഴുവനുമുള്ള മലയാളികളെ അറിയിക്കാനുദ്ദേശിച്ചുകൊണ്ട് ഞങ്ങൾ ഒരു യൂട്യൂബ് ചാനൽ തുടങ്ങിയിരിക്കുന്നു. അതിന്റെ 3 എപ്പിസോഡുകൾ ഇതിനുള്ളിൽ കഴിഞ്ഞിരിക്കുന്നു. അതിന്റെ ലിങ്ക് ഇതോടൊപ്പം താഴെ കൊടുക്കുന്നു. എല്ലാവരും ഈ ചാനൽ സബ്സ്ക്രൈബ് ചെയ്യുകയും സുഹൃത്തുക്കൾക്കും വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയയിലും ഷെയർ ചെയ്തു അവരോടെല്ലാം അത് സബ്സ്ക്രൈബ് ചെയ്യാൻ അഭ്യർത്ഥിക്കുകയും ചെയ്യുമല്ലോ.

YouTube Anweshi

Anweshi Women's Counselling Centre, Kuthiravattom P.O Nr.Madakkuni Temple Kozhikode, Kerala,
www.anweshi.org

# സംഘടിത

സംഘടിത/ജൂൺ 2023/വോള്യം 19/ലക്കം 37



**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**അതിഥി പത്രാധിപ :**
സുൽഫത്ത് എം.
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ഡോ.ജാൻസി ജോസ്
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഗാർഗി ഹരിതകം
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട്, കവർ & വെബ്സൈറ്റ് :**
സുവിജ കെ.



**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4



നമുക്കു പുഴകളായി ഒഴുകാം ....
**ഡോ.ഖദീജമുംതാസ്** 7

സമുദായം അഭിസംബോധന ചെയ്യേണ്ട സ്വത്തവകാശ പ്രശ്നങ്ങൾ
**ഡോ.ഷംഷാദ് ഹുസൈൻ കെ.ടി.** 16

മുസ്ലിം പിൻതുടർച്ചാവകാശ നിയമം : ഗവേഷണം അടഞ്ഞ അധ്യായമോ ?
**ഡോ.ഷീന ഷുക്കൂർ** 22

സുറിയാനി പെണ്ണിന്റെ സ്വത്തവകാശം
**ഡോ.റോസി തമ്പി** 25

ഫോറം ഫോർ മുസ്ലിം വിമൻസ് ജെൻഡർ ജസ്റ്റിസ് എന്തിനു വേണ്ടി?
**നെജു ഇസ്മയിൽ** 30

മതമറയിൽ അകപ്പെടുന്നവർ
**നഫീസ കോലോത്ത് തയ്യിൽ** 34

മുസ്ലിം പിന്തുടർച്ചാവകാശത്തിൽ കാണാതെ പോകുന്ന ചില കണ്ണീർ ചാലുകൾ
**അഡ്വ. റംലത്ത് പുതുശ്ശേരി** 40

ഫോറം ഫോർ മുസ്ലിം വിമൻസ് ജെൻഡർ ജസ്റ്റിസ് എന്ന സംഘടന പ്രസിദ്ധീകരിച്ച ലഘുലേഖ 43

ഹിന്ദുപിൻന്തുടർച്ചാവകാശ നിയമവും സ്ത്രീ സമൂഹവും: ഒരു വിചിന്തനം
**ഡോ.ഡയാന കെ.** 53

മുസ്ലിം സ്ത്രീകളുടെ ചരിത്രപ്രധാനമായ പ്രസ്ഥാനം
**പെൺപക്ഷം/അജിത കെ.** 54

ഇനി വിചാരണ
**കവിത/വിജയരാജമല്ലിക** 58

മനുഷ്യത്വം വളരട്ടെ
**വാസ്തവം/ഡോ.ജാൻസി ജോസ്** 61

ചാന്ദ്രയാത്രക്കൊരുങ്ങി ക്രിസ്റ്റീന കോക്ക്
**ശാസ്ത്രം/സീമ ശ്രീലയം** 63



ഷീബ കെ.എം.

'ബേട്ടി ബച്ചാഓ' പോലും! കേന്ദ്ര സർക്കാരിന്റെ ഈ മധുര മനോജ്ഞ സ്ത്രീപക്ഷ മുദ്രാവാക്യം ഉള്ളു പൊള്ളയായി ദ്രവിച്ചു വീഴുകയാണിവിടെ. ജനാധിപത്യ വ്യവസ്ഥയിൽ അരിയിട്ട് വാഴ്ചകളും പുരോഗമനസാമൂഹ്യസങ്കല്പനങ്ങളിൽ ലൈംഗികാക്രമണങ്ങളും സ്ഥാനം പിടിക്കുന്ന ഇരട്ടത്താപ്പിന്റെ മാരക പ്രയോഗങ്ങളാണിവിടെ അരങ്ങേറുന്നത്. രാഷ്ട്രീയാധികാരം നാൾക്കുനാൾ എത്രമാത്രം ഭരണവർഗ്ഗകേന്ദ്രീകൃതവും മത, ജാതി, ലിംഗപദവി അധീശത്വങ്ങളെ പെരുക്കുന്നതുമാണെന്ന് ഭയാശങ്കകളോടെയാണ് നാം വീക്ഷിക്കുന്നത്. രാജ്യത്തിന്റെ യശസ്സുയർത്തിക്കൊണ്ട് ഒളിമ്പിക്ക് മെഡൽ നേടിയ ഗുസ്തിതാരങ്ങളായ സാക്ഷി മാലിക്, വിനേഷ് ഫോഗട്ട്, ബജ്റംഗ് പുനിയ തുടങ്ങിയവർ തങ്ങൾ നേരിട്ട ലൈംഗികാതിക്രമത്തിനെതിരെ പരാതിപ്പെട്ടിട്ട് നാളുകളായി. ഏപ്രിൽ 23 മുതൽ ദില്ലി ജന്തർ മന്തറിൽ സമരം നടത്തിയിട്ടും കുറ്റാരോപിതനായ ബി.ജെ.പി. എം.പി.യും ഗുസ്തി ഫെഡറേഷൻ അദ്ധ്യക്ഷനുമായ ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരെ ലൈംഗികാതിക്രമ കുറ്റത്തിന് നടപടിയെടുക്കാൻ അധികൃതർ വിസമ്മതിക്കുകയാണ്. പുതിയ പാർലമെന്റ് മന്ദിരത്തിൽ പൂജാവിധികളോടെ ചെങ്കോൽ വാഴ്ച നടന്നപ്പോൾ പുറത്ത് നീതിക്കുവേണ്ടി പൊരുതുന്ന  മൂന്നു പേരേയും അറസ്റ്റ് ചെയ്തു നീക്കിയ വൈരീബോധ അധികാരപ്രയോഗത്തിന് തലസ്ഥാനം സാക്ഷിയായി. നീതിയുള്ളിടത്തേ ദേശമുള്ളു എന്ന ആപ്തവാക്യം ഇവിടെ മുമ്പെന്നെത്തേക്കാളുമേറെ പ്രസക്തമാവുന്നുണ്ട്. പ്രതിഷേധിക്കുക, പ്രതിഷേധിക്കുക! നീതിക്കു വേണ്ടി ഏതറ്റം വരെയും പ്രതിഷേധം തുടരുക എന്നു തന്നെയാണ് ഈ ധീര പോരാളികളോട് ഐക്യദാർഢ്യത്തോടെ അപേക്ഷിക്കാനുള്ളത്.


രണ്ടായിരം രൂപ നോട്ട് പിൻവലിച്ച് കേന്ദ്രസർക്കാർ വീണ്ടും അപഹാസ്യചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. തോന്നുമ്പോൾ തോന്നുമ്പോൾ മുന്നറിയിപ്പോ ന്യായീകരണമോ ഇല്ലാതെ  നാണയവ്യവസ്ഥയെ മാറ്റുന്നത്  രാജ്യം ഭരിക്കുന്ന സർക്കാറിന് ചേർന്നതല്ല തന്നെ.മൂലധന ശക്തികളുടെ പ്രേരണകളും തെരഞ്ഞെടുപ്പുകളിൽ ഒഴുക്കപ്പെടുന്ന പണത്തിന്റെ കാരണങ്ങളും ചേർന്ന് സാധാരണ ജനങ്ങളുടെ പണമിടപാടുകൾ നിയന്ത്രിക്കപ്പെടുന്ന നോക്കുകുത്തി ജനാധിപത്യത്തിലേക്ക് ഇന്ത്യ തരം താണിരിക്കുന്നു എന്ന് പറയാതെ വയ്യ !

സ്വവർഗ്ഗവിവാഹത്തിന് വേണ്ടിയുള്ള അപേക്ഷകളിൽ  പത്ത് ദിവസം വാദം കേട്ട ശേഷം സുപ്രീം കോടതി വിധി പറയാൻ മാറ്റി വെച്ചിരിക്കുകയാണ്. നാനാമത അദ്ധ്യക്ഷരും കേന്ദ്രസർക്കാരും ഒറ്റക്കെട്ടായി എതിർ നിന്ന് പാരമ്പര്യസംരക്ഷകർ ചമയുന്ന കാഴ്ച അത്യന്തം അപലപനീയവും  നിരാശാജനകവുമാണ്. കാലം മാറുമ്പോൾ ജനാധിപത്യ സങ്കല്പങ്ങളിലും സംവിധാനങ്ങളിലും അവശ്യം മാറ്റം വരേണ്ടതുണ്ടല്ലോ.

കഴിഞ്ഞ കുറേ നാളുകളായി കേരളത്തിൽ സ്നേഹ(?)ബന്ധങ്ങളിലെ അക്രമസംഭവങ്ങൾ മുമ്പില്ലാത്ത വിധം വർദ്ധിച്ചു വരുന്നുണ്ട്. പ്രണയം നടിച്ച് സ്ത്രീകളെ കൊല ചെയ്യുന്ന ബന്ധങ്ങൾ, ഭർത്താവിനോടുള്ള വിദ്വേഷം തീർക്കാൻ മക്കളെ കൊന്ന് ആത്മഹത്യ ചെയ്ത സ്ത്രീ, കൊല നടത്തി ജഡം വെട്ടിത്തുണ്ടമാക്കി ഉപേക്ഷിച്ച ശേഷവും നിർമ്മമമായി പെരുമാറുന്ന സ്ത്രീ പുരുഷൻമാർ -ബദൽ ബന്ധങ്ങൾ ഇണക്കിചേർക്കുന്ന ട്രാൻസ് വ്യക്തികൾ പോലും ഉൾപ്പെടുന്ന ഈ  ഹിംസയുടെ മഹാവ്യാധി നമ്മെ ഗ്രസിച്ചിരിക്കുന്നു. മഹായുദ്ധങ്ങളും,  ഭീകരപ്രവർത്തനങ്ങളും, പലായനങ്ങളും , ദാരിദ്ര്യവുമൊക്കെ  മനുഷ്യജീവിതത്തിന്  ഭീഷണിയായി നിലനിൽക്കുമ്പോൾ ആർദ്രമാകേണ്ട ബന്ധങ്ങൾ  പോലും മാരകശേഷി കൈവരിക്കുകയാണ്. ബന്ധങ്ങളുടെ താൽക്കാലിക പ്രശ്നപരിഹാരം എന്ന മട്ടിൽ കൊന്നും ചത്തും മനുഷ്യരാശി അവസാനിക്കും മുമ്പ് അഴിയാത്ത വിധം കെട്ടുപിണഞ്ഞ ബന്ധങ്ങളഏ സമാധാനപരമായ വിടുതലുകൾക്കായി  വേദിയൊരുക്കപ്പെടേണ്ടതുണ്ട്.

സ്വകാര്യസ്വത്ത് ഉണ്ടായ കാലം മുതൽ സ്വത്തവകാശവും പ്രസക്തമായ ആലോചനകൾക്കും ചിട്ടപ്പെടുത്തലുകൾക്കും വിധേയമായിട്ടുള്ളതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഗോത്ര ജീവിതത്തിൽ നിന്നും ഭരണകൂട സമൂഹങ്ങൾ ഉരുത്തിരിഞ്ഞപ്പോൾ  പിതൃമേധാവിത്ത കുടുംബങ്ങളും ഉപോൽപ്പന്നങ്ങളായി ഉടലെടുത്തത് കാണാവുന്നതാണ്. പ്രാചീനകാലം മുതൽ സ്വത്ത് സമ്പാദകനായ പുരുഷൻ ഈ സ്വത്തുക്കൾക്ക് അവകാശി തന്റെ മക്കൾ തന്നെ എന്ന് ഉറപ്പിക്കാൻ സ്ത്രീ ലൈംഗികതയ്ക്ക് മേൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും നമുക്ക് പുതിയ അറിവുകളല്ല. സെമറ്റിക് മതങ്ങൾ രൂപപ്പെട്ട വേളയിൽ ദൈവവും വിശ്വാസവും മാത്രമല്ല സാമൂഹ്യക്രമങ്ങളും വ്യവസ്ഥാപിതമായി. അങ്ങനെ വിവാഹം, വിവാഹമോചനം, സ്വത്തവകാശം തുടങ്ങിയ വിഷയങ്ങളിൽ എഴുതപ്പെട്ട നിയമങ്ങൾ വിശുദ്ധ ഗ്രന്ഥങ്ങളിൽ സ്ഥാനം പിടിച്ചതായി കാണാം. എന്നാൽ ഏതു വ്യവസ്ഥാപിത മതവും അതിന്റെ പ്രയോഗവേളയിൽ മൂലഗ്രന്ഥപരാമർശങ്ങളേക്കാൾ ആശ്രയിക്കുന്നത് അവയുടെ വ്യാഖ്യാനങ്ങളെയാണെന്നതാണ് സത്യം. കാലാകാലങ്ങളിൽ പുരുഷപുരോഹിതരുടെ ആൺകോയ്മാ താൽപര്യങ്ങളെ സംരക്ഷിച്ചു കൊണ്ടാണ് ഇവ നടപ്പിലാക്കപ്പെട്ടത് എന്നതാണ് സത്യം. ഇന്ത്യ പോലുള്ള രാജ്യത്ത് അധിനിവേശ ശക്തികൾ അവർക്ക് ആധികാരികമെന്ന് തോന്നിയ മട്ടിൽ ക്രോഡീകരിച്ചവയായിരുന്നു വ്യക്തിനിയമങ്ങൾ . ഇത് തീർത്തും മൂലമതഗ്രന്ഥാധിഷ്ഠിതമാണെന്ന തെറ്റിദ്ധാരണയാണ് പരത്തപ്പെട്ടത്. ഈ പോരായ്മകൾ ഏറ്റവും ദുരിതപൂർണ്ണമാക്കിയത് ഓരോ മതത്തിലെയും സ്ത്രീകളെ ആയിരുന്നു. കാലാനുസൃതമായ മാറ്റങ്ങൾക്ക് വേണ്ടി ഓരോ മതസ്ഥരായ സ്ത്രീകളും പൊരുതേണ്ട സാഹചര്യമാണ് ഉടലെടുത്തത്. ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യതയും മതഗ്രന്ഥങ്ങൾ മുന്നോട്ടു വെയ്ക്കുന്ന നീതിബോധവുമായിരിക്കണം പരിഷ്ക്കരണങ്ങൾക്കാധാരം. മാറിയ കാലങ്ങളെയും ജീവിത സാഹചര്യങ്ങളെയും ഉൾക്കൊള്ളാതെ ഗ്രന്ഥങ്ങളിലെ വാച്യാർത്ഥങ്ങളിൽ ശാഠ്യം പിടിച്ചു നിൽക്കുന്നത് പുരോഗമന ജനാധിപത്യ ബോധത്തിന്റെ ലക്ഷണങ്ങളല്ല തന്നെ. ഈ സാഹചര്യങ്ങളെ മുൻനിർത്തി ഫോറം ഫോർ മുസ്ലീം വിമൻസ് ജെൻഡർ ജസ്റ്റിസ് എന്ന സംഘാടനത്തിന്റെ  മുൻകൈയൽ മുസ്ലീം സ്ത്രീകളുടെ സ്വത്തവകാശപ്രശ്നത്തിൽ  നടത്തുന്ന പോരാട്ടങ്ങളെ  ചർച്ച ചെയ്യുകയാണ് സുൽഫത്ത് അതിഥിപത്രാധിപരായ ഈ ലക്കം സംഘടിത. ഗൗരവ വായനയ്ക്കായി സമർപ്പിക്കുന്നു.

## അതിഥിപത്രാധിപക്കുറിപ്പ്



**സുൽഫത്ത് എം.**
റിട്ട.പ്രധാനധ്യാപിക
സാമൂഹ്യപ്രവർത്തക

ഇന്ത്യയിലെ മുസ്ലിം പിന്തുടർച്ചാവകാശ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ച് ക്രോഡീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിൽ ഒരു പ്രസ്ഥാനം ഉയർന്നുവന്നിരിക്കുകയാണ്. മുസ്ലിം സ്ത്രീകളുടെ മുൻകൈയിലാണ് അങ്ങനെയൊരാവശ്യം ഉയർന്നുവന്നത് എന്ന പ്രത്യേകതയും ആ പ്രസ്ഥാനത്തിന് ഉണ്ട്.

ഇന്ത്യയിലെ മുസ്ലിം പിന്തുടർച്ചാവകാശം 1937 ലെ മുസ്ലിം വ്യക്തിനിയമം ശരീ-അത്ത് ആക്ട് പ്രകാരമാണ്. പുരുഷനാൽ സംരക്ഷിക്കപ്പെടേണ്ടവരാണ് സ്ത്രീകൾ എന്ന ആൺകോയ്മാബോധത്തിന്റെ അടിസ്ഥാനത്തിലാണ് മുസ്ലിം വ്യക്തിനിയമത്തിലെ പിന്തുടർച്ചാവകാശങ്ങൾ. അടിസ്ഥാനപരമായി എല്ലാ മതങ്ങളും ഇതേ ആൺകോയ്മാബോധമാണ് പിന്തുടരുന്നതെങ്കിലും ഇന്ത്യയിലെ ഇതര മതങ്ങളുടെ വ്യക്തി നിയമങ്ങളിൽ പരിഷ്കരണവും ക്രോഡീകരണവും നടന്നിട്ടുണ്ട്. മത പൗരോഹിത്യത്തിന്റെ ശക്തമായ എതിർപ്പുകളെ നേരിട്ടുകൊണ്ടാണ് ഇന്ത്യയിൽ ഹിന്ദുവ്യക്തിനിയമങ്ങൾ  പരിഷ്ക്കരിച്ച് സ്ത്രീകൾക്ക് സ്വത്തവകാശം ലഭിച്ചതെങ്കിൽ, മേരി റോയ് നടത്തിയ നിയമപോരാട്ടത്തിലൂടെയാണ് ക്രിസ്ത്യൻസ്ത്രീകൾക്ക് കുടുംബത്തിൽ പിന്തുടർച്ചാവകാശം ലഭിക്കുന്നത്. മുസ്ലിം സ്ത്രീകളുടെ പിന്തുടർച്ചാവകാശത്തിലെ തുല്യനീതിക്കു വേണ്ടിയുള്ള ശബ്ദങ്ങൾ ഉയർന്നുവരുമ്പോഴൊക്കെ ഇന്ത്യൻ ശരീഅത്ത് ആക്ട് ദൈവദത്തമായ ഒന്നാണെന്നും അതിനെ പരിഷ്കരിക്കാനോ ക്രോഡീകരിക്കാനും മാനവികമായ ഭരണകൂടങ്ങൾക്കും കോടതികൾക്കും അധികാരമില്ലെന്ന  വാദവുമായി മതപൗരോഹിത്യവും മതസംഘടനകളും ചേർന്ന് സമുദായത്തെ നിശ്ശബ്ദമാക്കുകയാണ് ചെയ്തിട്ടുള്ളത്. പാഴ്സി നിയമപണ്ഡിതനായ ഡി.എഫ്.മുള്ള 1937ൽ എഴുതപ്പെട്ട മുഹമ്മദൻനിയമത്തിന്റെ തത്വങ്ങൾ (*Principles of Mahomedan Law*)എന്ന ഗ്രന്ഥത്തിലെ മുന്നൂറ്റി എഴുപത്തഞ്ചോളം വകുപ്പുകൾ, മതഗ്രന്ഥങ്ങളിലെയും ഹദീസുകളിലെയും ചില പരാമർശങ്ങൾ, മുഗൾ ഭരണകാലത്തും തുടർന്നും ഉണ്ടായിട്ടുള്ള കോടതി വിധികൾ എന്നിവയൊക്കെ അടിസ്ഥാനമാക്കി ഉണ്ടാക്കിയ മുസ്ലിം പിന്തുടർച്ചാവകാശ നിയമങ്ങൾ പരിഷ്കരിക്കേണ്ടതും ക്രോഡീകരിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. ഗോത്രവർഗ്ഗ സാമൂഹ്യവ്യവസ്ഥിതിയിൽ നിന്ന് ഏറെ മാറിയ ആധുനിക സാമൂഹ്യവ്യവസ്ഥിതിയിൽ സ്ത്രീയുടെ സംരക്ഷണ ഉത്തരവാദിത്വം പുരുഷനാണെന്ന  വാദം തന്നെ അപ്രസക്തമാണ്. 1937 ലെ മുസ്ലിം പിന്തുടർച്ചാവകാശത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് ആധുനിക കുടുംബങ്ങളും ആധുനിക സ്ത്രീപുരുഷന്മാരും വളരെയേറെ മുന്നോട്ടു പോയിട്ടുണ്ട്. മറ്റ് മതങ്ങളിലെ പിന്തുടർച്ചാവകാശ നിയമങ്ങളിൽ മാതാപിതാക്കളുടെ എല്ലാ മക്കളും തുല്യരാണ്. എന്നാൽ ആണിന് കിട്ടുന്നതിന്റെ പകുതി സ്വത്തിന് മാത്രം പെണ്ണിന് അവകാശമുള്ള മുസ്ലിം പിന്തുടർച്ച

യിൽ ട്രാൻസ് വ്യക്തികളുടെ പദവി ഏതെന്ന് ഇനിയും നിർവചിക്കേണ്ടിയിരിക്കുന്നു. ജാതി മത ലിംഗ ഭേദമില്ലാതെ എല്ലാ മനുഷ്യരും തുല്യരാണെന്നും തുല്യമായ പദവികളും നീതിയും തങ്ങളുടെ അവകാശമാണെന്നും പ്രഖ്യാപിച്ചു കൊണ്ട് മാനവികതയെ കുറിച്ചും സമത്വത്തെക്കുറിച്ചും പുതിയ കാഴ്ചപ്പാടുകൾ രൂപപ്പെടുകയും ലോകത്താകമാനം അതിനായി നിയമനിർമ്മാണങ്ങൾ നടക്കുകയും ചെയ്യുമ്പോഴാണ് ഇസ്ലാം മതത്തിൽ മാത്രം സ്ത്രീകൾക്ക് പിന്തുടർച്ചാവകാശത്തിൽ നീതി നിഷേധിക്കപ്പെടുന്നത്. പെൺമക്കൾ മാത്രമുള്ള മാതാപിതാക്കളുടെ സ്വത്ത് സംരക്ഷണ ഉത്തരവാദിത്വത്തിന്റെ പേരിൽ മാതാപിതാക്കളുടെ ബന്ധുക്കൾക്ക് വിട്ടുകൊടുക്കേണ്ടി വരുന്നതും മാതാപിതാക്കളിൽ ആരെങ്കിലും മരണപ്പെട്ടാൽ അനാഥരാകുന്ന മക്കൾക്കോ മരിച്ചയാളുടെ പങ്കാളിക്കോ മരിച്ചയാളുടെ മാതാപിതാക്കളുടെ സ്വത്ത് പിന്തുടർച്ചയായി ലഭിക്കുന്നത് നിഷേധിക്കപ്പെടുന്നതും മരിച്ചുപോയ മക്കളുടെ സ്വത്തിൽ പിതാവിന് കിട്ടുന്നതിന്റെ പകുതി മാത്രം മാതാവിന് കിട്ടുന്നതും ഇതേ പിന്തുടർച്ചാവകാശ നിയമത്തിലെ നീതികേടുകളിൽ ചിലതാണ്. നീതി തേടി കോടതിയിൽ പോയാൽ പോലും പരിഷ്കരിക്കുകയോ ക്രോഡീകരിക്കപ്പെടുകയോ ചെയ്യാത്ത ഈ നിയമം തന്നെ ബാധകമാകുന്ന ദുർവിധിയാണ് ഉള്ളത്.

ഫോറം ഫോർ മുസ്ലിം വിമൻസ് ജെൻഡർ ജസ്റ്റിസ് (FWGJ) എന്ന പേരിൽ കേരളത്തിൽ ഒരു കൂട്ടായ്മ രൂപം കൊള്ളുന്നത് ദീർഘകാല ആലോചനകളുടെയോ ചർച്ചകളുടെയോ ഒന്നും തുടർച്ചയായിട്ടല്ല. പിന്തുടർച്ചാവകാശ നിയമങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിൽനിന്ന് ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ (SLP9546 /2016) സുപ്രീംകോടതിയുടെ പരിഗണനയിലുണ്ട്. ഖുർ-ആൻ സുന്നത്ത് സൊസൈറ്റി കൊടുത്ത കേസിൽ ഹ്യൂമനിസ്റ്റ് സെന്റർ, നിസ എന്നീ സംഘടനകളും സി.വി. അബ്ദുൽസലാം എം.സി. റാബിയ എന്നീ വ്യക്തികളും കക്ഷി ചേർന്നിട്ടുള്ള കേസാണത്. കേസിൽ കേരള സർക്കാരിനോട് സുപ്രിം കോടതി സത്യവാങ്മൂലം ആവശ്യപ്പെട്ടപ്പോൾ ഇസ്ലാമിലെ യാഥാസ്ഥിതികരായ ചില ആൺ മതനേതൃത്വങ്ങളെ വിളിച്ചുചേർത്ത് അഭിപ്രായം ആരാഞ്ഞ സന്ദർഭത്തിലാണ് നിസ പ്രസിഡന്റ് വി .പി .സുഹ്റ ഒരു യോഗം വിളിച്ചു ചേർക്കുന്നതും ഫോറം ഫോർ മുസ്ലിം വിമൻസ് ജെൻഡർ ജസ്റ്റിസ് എന്ന സംഘടന രൂപം കൊള്ളുന്നതും. പൗരോഹിത്യത്തോട് ഏറ്റുമുട്ടാൻ ശേഷിയില്ലാത്തതു കൊണ്ട് നിശബ്ദമായി അനീതി ഏറ്റുവാങ്ങുന്നവർ, മതശാസനയെ മറികടക്കാൻ ആചാര വിവാഹത്തിന് പുറത്ത് സ്പെഷ്യൽ മേരേജ് ആക്ട് വഴി വിവാഹം രജിസ്റ്റർ ചെയ്ത് പെൺമക്കൾക്ക് സ്വത്തവകാശം ഉറപ്പിക്കുന്നവർ, പെൺമക്കൾക്കും ഭാര്യക്കും സ്വത്തു വിറ്റതായി രേഖയുണ്ടാക്കുന്നവർ, (ശരിയത്ത് പ്രകാരം മൂന്നിലൊന്ന് സ്വത്ത് മാത്രമേ ദാനാധാരം എഴുതാൻ അനുവദിക്കുന്നുള്ളൂ) കുടുംബ ബന്ധങ്ങൾ ശിഥിലമാവാതിരിക്കാൻ നിസ്സഹായരായി നീതി നിഷേധത്തിന്റെ ദുരിതം പേറുന്നവർ, ദൈവഭയം കൊണ്ട് അനീതിയെ നീതിയായി അംഗീകരിക്കുന്നവർ എന്നിവരൊക്കെ ഈ സമുദായത്തിൽ ഉണ്ടെന്നുള്ള തിരിച്ചറിവ് കേരളത്തിൽ ഉണ്ടായിട്ടുണ്ട്.

മറ്റെല്ലാ മതങ്ങളിലെയും വ്യക്തി നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ട്. ശക്തമായ എതിർപ്പുകളെ നേരിട്ടു കൊണ്ടാണ് അതതു മതങ്ങളിൽ പരിഷ്കരണങ്ങൾ നടന്നത്. മുസ്ലിം വ്യക്തി നിയമങ്ങളും ആ രീതിയിൽ പരിഷ്കരിച്ച് ക്രോഡീകരിക്കപ്പെടേണ്ടതുണ്ട് .അത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇന്ത്യയിൽ മറ്റെല്ലാ മതങ്ങളിലും പരിഷ്കരണങ്ങൾ നടന്നത് ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കികൊണ്ടല്ല. ഇസ്ലാം മതത്തിലെ പിന്തുടർച്ചാവകാശ നിയമങ്ങളും പരിഷ്ക്കരിക്കാൻ ഏകീകൃത സിവിൽ കോഡിന്റെ ആവശ്യവുമില്ല. തുല്യനീതിയിൽ അധിഷ്ഠിതമായി ഇന്ത്യയിലെ മുസ്ലിം പിന്തുടർച്ചാവകാശം പരിഷ്ക്കരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യേണ്ടതുണ്ട്. സംഘടിതയുടെ ഈ ലക്കം ഈ വിഷയത്തിലുള്ള ഒരു ചർച്ചയാണ്.

ചർച്ചാവിഷയം



# നമുക്കു പുഴകളായി ഒഴുകാം ....



**ഡോ.ഖദീജമുംതാസ്**
എഴുത്തുകാരി

അത്യന്തം നിരാശാജനകമായ രാഷ്ട്രീയ കാലാവസ്ഥയിലൂടെ കടന്നു പോവുകയാണല്ലോ ഇന്ന് നമ്മുടെ നാട്. സത്യവും മിഥ്യയും തമ്മിൽ വേർതിരിച്ചറിയാനാവാത്ത വിധം ഇടകലരുന്ന കാലം. അന്താരാഷ്ട്ര സംവാദങ്ങളിൽ ചോദ്യചിഹ്നമായി ഇന്ത്യയുടെ വികൃതമാക്കപ്പെട്ട ജനാധിപത്യത്തിന്റെയും മനുഷ്യാവകാശങ്ങളുടെയും മുഖം നില നിൽക്കുമ്പോൾ തന്നെ ആ അപചയത്തിനു പ്രധാന കാരണക്കാരനായ വ്യക്തിക്ക് സമാധാനനോബൽ സാധ്യത എന്ന വാർത്തയെയും വിഴുങ്ങാൻ നാം പ്രേരിപ്പിക്കപ്പെടുന്നു! മുത്തലാക്കിനെ ക്രിമിനൽവൽക്കരിച്ചത് അൽപ്പം മുമ്പെങ്കിൽ ഏകീകൃത സിവിൽ കോഡ് എന്ന മധുര വിഷമിഠായി കാട്ടി ഇന്ന് പൗരരെ ഭരണവൃന്ദം വട്ടം കറക്കുന്നു! ഇത് മധുരം തന്നെയോ, അതോ സർവ്വം തളർത്തുന്ന കയ്പ്പോ? രാജ്യത്താകമാനം ന്യൂനപക്ഷ ദലിത്, ദരിദ്ര പീഡനങ്ങൾ നടമാടുമ്പോഴും 'ഭായിയോം ബഹനോം' വിളിയിൽ ആരൊക്കെയോ ഇപ്പോഴും വഴുക്കി വീഴുന്നു!

ഇവക്കിടയിൽ നിന്നു കൊണ്ടു വേണം പോരാട്ടം. രാഷ്ട്രീയപരമായി തങ്ങളിപ്പോഴും സമ്മർദ്ദശക്തി തന്നെ എന്നു തെളിയിക്കാൻ വിഫലമായി കിണഞ്ഞു കൊണ്ടിരിക്കുന്ന പുരുഷ പൗരോഹിത്യമാണ് മറുവശത്ത്. ഒപ്പം, അവരാൽ ജ്ഞാനസ്നാനപ്പെട്ടുകൊണ്ടേയിരിക്കുന്ന ആൺപെൺ വിശ്വാസി സമൂഹവും. പിന്തുടർച്ചാവകാശ നിയമത്തിലെ അനീതികൾക്ക് വിധേയരായവരും സാമൂഹ്യപ്രവർത്തകരും ഫയൽ ചെയ്ത കേസ് സുപ്രീം കോടതി തീർപ്പിനെടുക്കാനിരിക്കുന്ന ഈ വേളയിലെങ്കിലും നിശ്ശബ്ദരായിരിക്കാൻ വയ്യെന്നറിയുന്നവരാണ് ഈ പോരാട്ടത്തിനു പിന്നിൽ.

വാസ്തവത്തിൽ ഞങ്ങളുടെയൊക്കെ പ്രായത്തിലെത്തിയ, മുസ്ലിം സമുദായത്തിൽ ജനിച്ചു വളർന്ന ഏതൊരു സ്ത്രീയും ജീവിതത്തിൽ എപ്പോഴെങ്കിലും, ചിലപ്പോൾ പലവട്ടം, ഈ അനീതിയു

ടെ മുമ്പിൽ അമർഷപ്പെട്ടോ നിസ്സഹായരായി കീഴടങ്ങിയോ നിൽക്കേണ്ടി വന്നിട്ടുണ്ടാകണം. അത്രക്കും സമഗ്രജീവിതത്തെയും ഗ്രസിച്ചു നിൽക്കുന്നുണ്ട് കാലത്തിനു നിരക്കാത്ത ഈ പരമ്പരാഗത സ്വത്തുവിഭജന രീതി.

1937ൽ പാഴ്സിയായ ഒരു പണ്ഡിതനാൽ വിരചിതമായ *Principles of Mohammedan Law* എന്ന ഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തി വാറൻ ഹേസ്റ്റിംഗ്സ് പ്രഭു തട്ടിക്കൂട്ടി ഉണ്ടാക്കിച്ച ഒന്നാണ് ഇന്നത്തെ മുസ്ലിം വ്യക്തിനിയമസംഹിത (Muslim Personal Law ). കൊളോണിയൽശക്തികൾ, അതു പോർച്ചുഗീസുകാരാവട്ടെ ബ്രിട്ടീഷുകാരാവട്ടെ ചെന്നെത്തിയ പ്രദേശങ്ങളിലെ ജനങ്ങളെ വ്യത്യസ്ത മത ചട്ടക്കൂടുകൾക്കകത്തൊതുക്കി ഭരിക്കുകയെന്ന തന്ത്രം നടപ്പിലാക്കിയവരാണ്. പോർച്ചുഗീസുകാർ  ഏർപ്പെടുത്തിയ സുനഹദോസ് വാറോലകൾ ഈ കൊച്ചു കേരളത്തിലെ ക്രൈസ്തവർക്കിടയിലെ സാംസ്കാരിക വൈവിധ്യങ്ങളെയും പ്രാദേശിക തനിമകളെയും ഇല്ലാതാക്കി റോമൻ സമ്പ്രദായത്തിലേക്ക് ഏകീകരിക്കാൻ മുഷ്ഠിപ്രയോഗം നടത്തിയതും ഓർക്കുക. ഓരോ മതവിഭാഗങ്ങളെയും കൃത്യമായ നീതി നിയമങ്ങളുള്ള കൂട്ടങ്ങളാക്കിയാൽ അവർക്ക് ഭരണം കൂടുതൽ സുഖകരമാക്കാം എന്നു ദീർഘകാലം ഇവിടം ഭരിച്ച ബ്രിട്ടീഷുകാരും കൃത്യമായി മനസ്സിലാക്കി. തലപ്പത്തുള്ള പൗരോഹിത്യത്തെ സ്വാധീനിച്ചാൽ സമുദായത്തെ നിയന്ത്രിക്കാമെന്നും ഒപ്പം വിഭിന്ന മതങ്ങളെ ഭിന്നിപ്പിച്ചും തമ്മിലടിപ്പിച്ചും ഭരിക്കുക എന്ന പ്രതിലോമപരമായ തന്ത്രം എളുപ്പമാകുമെന്നും അവർ കണ്ടെത്തിയിരുന്നു. പ്രാദേശിക സംസ്കാരങ്ങളുമായി ഇടകലർന്ന് പിന്തുടർച്ചാവകാശങ്ങളിലുൾപ്പടെ തീർപ്പുകൽപ്പിച്ചിരുന്ന മതസമൂഹത്തെ വേണ്ടത്ര വിശകലനങ്ങളില്ലാതെ തട്ടിക്കൂട്ടിയ ഒരു നിയമസംഹിതയിലേക്ക് ഒന്നിപ്പിച്ചതിന്റെ പ്രശ്നങ്ങൾ നിരവധിയാണ്.

ലോകത്തെമ്പാടും മുസ്ലീംസമൂഹം പ്രാദേശികതകളുമായി കലർന്ന് എങ്ങനെ വ്യത്യസ്തരായിരിക്കുന്നുവോ, അതുപോലെത്തന്നെയാണ് അവർ നിലനിർത്തിപ്പോന്ന മതനിയമങ്ങളും. ഇന്നും മരുമക്കത്തായ രീതി ഒട്ടും സംഘർഷങ്ങളില്ലാതെ നിലനിർത്തുന്ന മുസ്ലീങ്ങൾ കേരളത്തിൽ മാത്രമല്ല, ചില കിഴക്കനാഫ്രിക്കൻ പ്രദേശങ്ങളിലും ശ്രീലങ്കയിലും ഇൻഡോനേഷ്യയിലുമുണ്ട്. മാതൃദായക്രമത്തിൽ സ്വത്തു കയ്യാളുന്നവർ സ്ത്രീകളാണല്ലോ.

അറേബ്യയിലെ സാംസ്കാരിക പശ്ചാത്തലമുദ്രകൾ ധാരാളമായി നിറഞ്ഞു നിൽക്കുന്ന മുസ്ലിം വിശുദ്ധ വേദഗ്രന്ഥമായ ഖുർആനിലെ ചില സൂചനകളും, നബി ജീവിച്ചിരുന്ന കാലത്ത് കുടുംബ, സാമൂഹ്യപ്രശ്നങ്ങളിൽ അദ്ദേഹമെടുത്ത തീർപ്പുകൽപ്പിക്കലുകളായി പലരിലൂടെയുള്ള വാമൊഴികളുടെ സംഗ്രഹങ്ങളായ ഹദീസു ഗ്രന്ഥങ്ങളും അടിസ്ഥാനപ്പെടുത്തി, അക്കാലമാകുമ്പോഴേക്കും ഏറെ വികസിതമായ മുസ്ലിം സാമ്രാജ്യത്തിന്റെ സാംസ്കാരികകേന്ദ്രങ്ങളിൽ, അന്നത്തെ മനുഷ്യവ്യവഹാര പ്രശ്നങ്ങളെക്കൂടി കണ്ടറിഞ്ഞ് പ്രവാചക കാലത്തിനും ഏറെ ശേഷം ഒമ്പതാം നൂറ്റാണ്ടോടെ ഉരുത്തിരിഞ്ഞു വന്നു തുടങ്ങിയവയാണ് വിവിധ കർമ്മശാസ്ത്ര സ്കൂളുകൾ. പിന്നെയും നൂറ്റാണ്ടുകൾ കഴിയേണ്ടിവന്നു അവ ഗ്രന്ഥങ്ങളാവാൻ. ഷാഫി, ഹനഫി, ഹമ്പലി, മാലിക്കി എന്നിങ്ങനെ

> **“ഓരോ മതവിഭാഗങ്ങളെയും കൃത്യമായ നീതി നിയമങ്ങളുള്ള കൂട്ടങ്ങളാക്കിയാൽ അവർക്ക് ഭരണം കൂടുതൽ സുഖകരമാക്കാം എന്നു ദീർഘകാലം ഇവിടം ഭരിച്ച ബ്രിട്ടീഷുകാരും കൃത്യമായി മനസ്സിലാക്കി. തലപ്പത്തുള്ള പൗരോഹിത്യത്തെ സ്വാധീനിച്ചാൽ സമുദായത്തെ നിയന്ത്രിക്കാമെന്നും ഒപ്പം വിഭിന്ന മതങ്ങളെ ഭിന്നിപ്പിച്ചും തമ്മിലടിപ്പിച്ചും ഭരിക്കുക എന്ന പ്രതിലോമപരമായ തന്ത്രം എളുപ്പമാകുമെന്നും അവർ കണ്ടെത്തിയിരുന്നു. പ്രാദേശിക സംസ്കാരങ്ങളുമായി ഇടകലർന്ന് പിന്തുടർച്ചാവകാശങ്ങളിലുൾപ്പടെ തീർപ്പുകൽപ്പിച്ചിരുന്ന മതസമൂഹത്തെ വേണ്ടത്ര വിശകലനങ്ങളില്ലാതെ തട്ടിക്കൂട്ടിയ ഒരു നിയമസംഹിതയിലേയ്ക്ക് ഒന്നിപ്പിച്ചതിന്റെ പ്രശ്നങ്ങൾ നിരവധിയാണ്.**

നാലു പ്രധാന ചിന്താധാരകളിൽ പ്രധാനമായ ഷാഫി സ്കൂളിന് ബീജാവാപം മക്കയിൽ നിന്ന് ഏറെ ദൂരെയുള്ള ബാഗ്ദാദിലെങ്കിൽ അതു പിന്നീട് വളർന്നത് ഈജിപ്തിലെ കെയ്റോയിൽ. ആദ്യ ആധികാരിക ഗ്രന്ഥമായ *മിൻഹാജ്* ഇറങ്ങിയത് പതിമൂന്നാം നൂറ്റാണ്ടിൽ സിറിയയിൽ. പിന്നെയത് കൊണ്ടും കൊടുത്തും വളർന്നും രൂപാന്തരപ്പെട്ടും മുസ്ലിം സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും കടൽ വഴിയിലൂടെ സഞ്ചരിച്ച് ഇന്ത്യൻ മഹാസമുദ്രബന്ധിത പ്രദേശങ്ങളായ സാൻസിബാറിലും സിലോണിലും ഇൻഡോനേഷ്യയിലും എന്ന പോലെ മലബാറിലും എത്തുന്നു. മറ്റു സ്കൂളുകളും കരയിലൂടെ സഞ്ചരിച്ച് തുർക്കിയിലും വടക്കേയിന്ത്യയിലുമൊക്കെ പടരുന്നു. ഒന്നിന്റെയും മൗലികമായ രൂപം ഒരു പ്രദേശത്തും നിലനിൽക്കുന്നു എന്നു പറയാനാവില്ല. ഒട്ടോമൻ സാമ്രാജ്യം ഹനഫി സ്കൂളിന് പ്രാധാന്യം കൊടുത്തുവെങ്കിൽ മക്കയിൽ ഷാഫി സ്കൂളിനും രണ്ടാം പുണ്യനഗരിയായ മദീനയിൽ ഹമ്പലി ആശയങ്ങൾക്കുമായിരുന്നത്രെ പതിനാറാം നൂറ്റാണ്ടോടെ സ്വാധീനം.* പൊന്നാനിയെ ചെറിയ മക്ക എന്നു വിളിച്ചത് അവിടവും ഇസ്ലാമിക പഠനത്തിന്റെയും പരിഷ്കരിക്കപ്പെട്ട അല്ലെങ്കിൽ പ്രാദേശികവൽക്കരിക്കപ്പെട്ട ഇസ്ലാമിക നിയമനിർമ്മാണത്തിന്റെയും കൂടി കേന്ദ്രമായി മാറിയതിനാലാണ്. സൈനുദ്ദീൻ മഖ്ദൂമിന്റെ ഹത്തഹുൽമുഈൻ എന്ന ഗ്രന്ഥത്തിന് മലബാറിൽ മാത്രമല്ല, കിഴക്കനാഫ്രിക്കൻ രാജ്യങ്ങളുൾപ്പെടെ പുറം രാജ്യങ്ങളിലും അക്കാലത്ത് പ്രചാരമുണ്ടായിരുന്നു. സമുദ്രഞ്ചാരികൾ വഴി, ജ്ഞാനികളും മതപ്രചാരകരും വഴി, ഇസ്ലാമികനിയമത്തിന്റെ വ്യത്യസ്ത ധാരകൾ സമുദ്രം വഴി മുന്നോട്ടും തിരിച്ചുമൊഴുകി എന്നു സാരം. കര വഴി ഇന്ത്യാ ഉപഭൂഖണ്ഡത്തിലെത്തിയത് ഇസ്ലാമിക ഭരണ കർത്താക്കളുടെ വിശ്വാസധാരയെന്ന നിലയിൽ കൂടിയാകാം. എങ്ങനെയായാലും അവയെല്ലാം ഇന്ത്യയിലെ വ്യത്യസ്ത സമൂഹങ്ങളിൽ പ്രാദേശികത്തനിമ കലർന്ന് സംഘർഷങ്ങളില്ലാതെ അനുവർത്തിക്കപ്പെടുകയായിരുന്നു. കൗതുകകരമായ കാര്യം, മതഭേദമെന്യെ ഇസ്ലാമിക നിയമങ്ങൾക്കനുസരിച്ച് മറ്റു സമുദായക്കാരും, ചിലയിടങ്ങളിൽ ഹിന്ദു പിന്തുടർച്ചാസമ്പ്രദായങ്ങൾക്കനുസരിച്ച് മുസ്ലിങ്ങളും തങ്ങളുടെ ജീവിത വ്യഹാരങ്ങൾ ക്രമീകരിച്ച് സൗഹാർദ്ദപൂർവം ഈ വലിയ ഭൂപ്രദേശത്ത് കഴിഞ്ഞിരുന്നു എന്നതാണ്.പെണ്ണിനും കുടുംബസ്വത്തിൽ അവകാശമുണ്ടെന്നും അവൾക്കും വിവാഹമോചനാവകാശമുണ്ടെന്നുമുള്ള ആശയം ഇസ്ലാമിൽ നിന്നാണ് ഇവിടുത്തെ ഹിന്ദു ഭൂരിപക്ഷ ജനതയിലേക്കെത്തിയത് എന്ന കൗതുകവുമുണ്ട്. മനുഷ്യസമത്വ സങ്കൽപ്പമുൾപ്പെടെയുള്ള ഒരു ആധുനിക ചിന്താപദ്ധതിയായാണ് ഇസ്ലാം ഇന്ത്യൻ ജനതയിലേക്കെത്തിയത് എന്നു സാരം.ആ ചിന്താപദ്ധതികളിലെ കാലാനുസൃത മാറ്റങ്ങൾക്കു വേണ്ടിയാണ് ഇന്ന് പൊരുതേണ്ടിവരുന്നത് എന്നത് ചരിത്രത്തിലെ ഐറണി !

**കൗതുകകരമായ കാര്യം, മതഭേദമെന്യെ ഇസ്ലാമിക നിയമങ്ങൾക്കനുസരിച്ച് മറ്റു സമുദായക്കാരും, ചിലയിടങ്ങളിൽ ഹിന്ദു പിന്തുടർച്ചാസമ്പ്രദായങ്ങൾക്കനുസരിച്ച് മുസ്ലിങ്ങളും തങ്ങളുടെ ജീവിത വ്യഹാരങ്ങൾ ക്രമീകരിച്ച് സൗഹാർദ്ദപൂർവം ഈ വലിയ ഭൂപ്രദേശത്ത് കഴിഞ്ഞിരുന്നു എന്നതാണ്.പെണ്ണിനും കുടുംബസ്വത്തിൽ അവകാശമുണ്ടെന്നും അവൾക്കും വിവാഹമോചനാവകാശമുണ്ടെന്നുമുള്ള ആശയം ഇസ്ലാമിൽ നിന്നാണ് ഇവിടുത്തെ ഹിന്ദു ഭൂരിപക്ഷ ജനതയിലേക്കെത്തിയത് എന്ന കൗതുകവുമുണ്ട്.**

ഇന്ത്യയിലെ സിവിൽ നിയമങ്ങളിൽ ഏകദേശം 95 ശതമാനവും ഏകീകൃതമാണ്. വിവിധ വിശ്വാസികളുടെ വ്യക്തി-കുടുംബ ജീവിതങ്ങളുമായി ബന്ധപ്പെട്ട വിവാഹം, വിവാഹമോചനം, പുനർവിവാഹം, കുട്ടികളുടെ സംരക്ഷണച്ചുമതല,ദത്ത് ,സ്വ

ത്തുവിഭജനം എന്നിവയിൽ മാത്രമാണ് തനിമ നിലനിർത്താൻ അനുവാദമുള്ളത്. വ്യത്യസ്ത വ്യക്തി നിയമങ്ങൾ അങ്ങനെ ഹിന്ദു -ക്രിസ്ത്യൻ-മുസ്ലിം - സിക്ക് - പാഴ്സി വ്യക്തി നിയമങ്ങളായി ഭരണഘടനാ നിർമ്മാണ വേളയിൽ ധാരാളമായ ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കും ശേഷം നിലനിർത്തപ്പെട്ടു. കാലാനുസൃത പരിഷ്കാരങ്ങൾ വേണ്ടതാണെന്നത് നിർദ്ദേശകതത്വങ്ങളായി ഉൾചേർത്തുകൊണ്ടു തന്നെ. ഹിന്ദു, ക്രിസ്ത്യൻ വ്യക്തിനിയമങ്ങൾ, പിന്തുടർച്ചാവകാശ നിയമങ്ങളുൾപ്പെടെ ഏറെ എതിർപ്പുകൾ അതിജീവിച്ചു തന്നെ സ്വതന്ത്ര ഇന്ത്യയിൽ പരിഷ്കരിക്കപ്പെട്ടു. ഇനിയുമേറെ പരിഷ്കരണങ്ങൾ അവയിലൊക്കെ നടക്കേണ്ടതുണ്ടെങ്കിലും ദൈവകൽപ്പിതം എന്ന പേരിലും മത സ്വാതന്ത്ര്യം എന്ന ഭരണഘടനാവകാശത്തിന്റെ പേരിലും ഇസ്ലാം മതവിഭാഗം പിന്തുടർച്ചാവകാശ നിയമമെന്ന സ്ത്രീവിരുദ്ധതയെ പ്രത്യേകിച്ചും, പരിപാലിച്ചു പോരുക തന്നെ ചെയ്തു.

**പെണ്ണിനും കുടുംബസ്വത്തിൽ അവകാശമുണ്ടെന്നും അവൾക്കും വിവാഹമോചനാവകാശമുണ്ടെന്നുമുള്ള ആശയം ഇസ്ലാമിൽ നിന്നാണ് ഇവിടുത്തെ ഹിന്ദു ഭൂരിപക്ഷ ജനതയിലേക്കെത്തിയത് എന്ന കൗതുകവുമുണ്ട്. മനുഷ്യസമത്വ സങ്കൽപ്പമുൾപ്പെടെയുള്ള ഒരു ആധുനിക ചിന്താപദ്ധതിയായാണ് ഇസ്ലാം ഇന്ത്യൻ ജനതയിലേക്കെത്തിയത് എന്നു സാരം.ആ ചിന്താപദ്ധതികളിലെ കാലാനുസൃത മാററങ്ങൾക്കു വേണ്ടിയാണ് ഇന്ന് പൊരുതേണ്ടിവരുന്നത് എന്നത് ചരിത്രത്തിലെ ഐറണി !**

മുസ്ലിം വ്യക്തിനിയമസംഹിതകളിലെ പിന്തുടർച്ചാവകാശ നിയമത്തിൽ, ബാക്കി വിഷയങ്ങളിലെന്നപോലെയുള്ള വ്യക്തത കാണാനാവില്ല. വ്യത്യസ്ത സന്ദർഭങ്ങൾക്കനുസൃതമായ തരംതിരിച്ചുള്ള ക്രോഡീകരണം നടന്നിട്ടുമില്ല. അതിന്റെ സങ്കീർണതയും അവ്യക്തതയും തന്നെ കാരണം. ശരീഅത്ത് അനുസരിച്ചായിരിക്കണം തീരുമാനിക്കേണ്ടത് എന്നു മാത്രമേ പേഴ്സണൽ ലോയിൽ പറഞ്ഞിട്ടുള്ളു.

എന്താണ് ശരീഅഃ അല്ലെങ്കിൽ ശരീഅത്ത് ? അതിന്റെ വാച്യാർത്ഥം ശരിയായ വഴി എന്നു മാത്രമാണ്. വേദഗ്രന്ഥത്തിന്റെ അടിസ്ഥാന ആശയങ്ങൾക്കനുസരിച്ചുള്ള ശരിയായ ജീവിതമാർഗം എന്നു മനസ്സിലാക്കാം അതിനെ. ധാരാളം കർമ്മ ശാസ്ത്ര പുസ്തകങ്ങൾ പല കാലങ്ങളിലായി ഇറങ്ങിയതിനെപ്പറ്റി നേരത്തേ പറഞ്ഞു.കേരളത്തിൽ പതിനാറാം നൂറ്റാണ്ടിലെ സൈനുദ്ദീൻ മഖ്ദൂമിന്റെ *ഫത്തഹുൽ മുഈൻ* ഉൾപ്പെടെ വ്യത്യസ്ത മദ്ഹബുകളുടെ (School of Thoughts) കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങൾ പലതും ഇറങ്ങിയിട്ടുണ്ട്, ഇപ്പോഴും ഇറങ്ങുന്നുമുണ്ട്. മുസ്ലിമിനാൽ വിരചിതമല്ലെങ്കിലും മുല്ലയുടെ *Principles of Mohammedan Law*യും അന്ന് ലഭ്യമായിരുന്ന അത്തരം ഗ്രന്ഥങ്ങളുടെ ഒരു സംഗ്രഹമാണ്. ഓരോ വട്ടവും പിന്തുടർച്ചാവകാശ സംബന്ധമായ കേസുകൾ കോടതിയിലെത്തുമ്പോൾ ആ പ്രത്യേക സന്ദർഭത്തിൽ പ്രസക്തമായ നിയമം ഏതാണ് എന്നറിയാൻ ഖുർആനും, ആധികാരികമാണോ എന്ന സംശയം മുസ്ലിം പണ്ഡിതർ തന്നെ ഉന്നയിക്കാറുള്ള ഹദീസ് ഗ്രന്ഥങ്ങളും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളും മുമ്പുണ്ടായിട്ടുള്ള വിധി തീർപ്പുകളും ഇപ്പറഞ്ഞ 'പ്രിൻസിപ്പിൾസ് ഓഫ് മുഹമ്മദൻ ലോ'യും തിരഞ്ഞുപോകേണ്ട ഗതികേടാണ് ന്യായാധിപർക്ക്. ഒരു പരിഷ്കരണവും ഇക്കാലം വരെ സാധ്യമാകാത്തതിനു കാരണവും ഈ വ്യക്തതയില്ലായ്മ തന്നെ.

ഇന്ത്യയിൽത്തന്നെ വിവിധ കർമ്മശാസ്ത്ര മദ്ഹബ്കളുടെ സ്വാധീനമുള്ളതിനാൽ കേരളത്തിൽ സ്വീകരിക്കപ്പെട്ടവയായിരിക്കണമെന്നില്ല ഇന്ത്യയിലെ മറ്റു ഭാഗങ്ങളിൽ പ്രചാരത്തിലുണ്ടാവുക. ബഹു ഭൂരിപക്ഷമായ സുന്നികൾ പൊതുവേ ഷാഫി മദ്ഹബ് സ്വീകരിച്ചവരെങ്കിൽ ഷിയാവിഭാഗക്കാർക്ക് ഹനഫി സ്കൂളാണ് സ്വീകാര്യം. തർക്കങ്ങളായി കോടതിയിലെത്താത്ത ബഹുഭൂരിപക്ഷം പിന്തുടർച്ചാ പ്രശ്നങ്ങളും അതാതിടങ്ങളിൽ സാമ്പ്രദായികമായി നിലനിൽക്കുന്ന രീതിയിൽ തീർപ്പുകൽപ്പിക്കുന്ന രീതിയാണുള്ളത്. വില്ലേജ് ഓഫീസർമാർ, തഹസീൽദാർ തുടങ്ങിയവരൊക്കെ ഈ സാമ്പ്രദായികരീതി തന്നെ നിയമമായി കരുതി തീരുമാനങ്ങളെടുക്കുന്നു. എത്ര മനുഷ്യവിരുദ്ധമെന്നുറപ്പുണ്ടെങ്കിലും സമുദായത്തിന്റെ പ്രാദേശിക വ്യ

> **തർക്കങ്ങളായി കോടതിയിലെത്താത്ത ബഹുഭൂരിപക്ഷം പിന്തുടർച്ചാ പ്രശ്നങ്ങളും അതാതിടങ്ങളിൽ സാമ്പ്രദായികമായി നിലനിൽക്കുന്ന രീതിയിൽ തീർപ്പുകൽപ്പിക്കുന്ന രീതിയാണുള്ളത്. വില്ലേജ് ഓഫീസർമാർ, തഹസീൽദാർ തുടങ്ങിയവരൊക്കെ ഈ സാമ്പ്രദായികരീതി തന്നെ നിയമമായി കരുതി തീരുമാനങ്ങളെടുക്കുന്നു. എത്ര മനുഷ്യവിരുദ്ധമെന്നുറപ്പുണ്ടെങ്കിലും സമുദായത്തിന്റെ പ്രാദേശിക വ്യവഹാരങ്ങളിലൊക്കെ ഇടപെടുന്ന മഹല്ലു കമ്മറ്റികൾ ഇക്കാര്യത്തിൽ എപ്പോഴും പുരുഷ പക്ഷത്തു തന്നെ നിൽക്കുകയും ചെയ്യും.**

വഹാരങ്ങളിലൊക്കെ ഇടപെടുന്ന മഹല്ലു കമ്മറ്റികൾ ഇക്കാര്യത്തിൽ എപ്പോഴും പുരുഷ പക്ഷത്തു തന്നെ നിൽക്കുകയും ചെയ്യും.

എ ഡി. 569 മുതൽ 622 വരെ മുഹമ്മദു നബി ജീവിച്ച കാലയളവിനുള്ളിൽ ഇറങ്ങിയവയാണ് ഖുർആൻ വചനങ്ങൾ മുഴുവൻ. അവയുടെ സംഗ്രഹം നടന്നത് അദ്ദേഹത്തിന്റെ മരണത്തിനും ദശകങ്ങൾ കഴിഞ്ഞും. ആ കാലത്തെ സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക ബന്ധങ്ങൾ ഇന്ന് ഇസ്ലാം പ്രാക്ടീസ് ചെയ്യപ്പെടുന്ന ലോകത്തിന്റെ വിവിധ ഭാഗങ്ങളുടേതിൽ നിന്നും, ഇന്നത്തെ അറബിനാടുകളുടേതിൽ നിന്നു പോലും ഏറെ വിഭിന്നമായ ഒന്നായിരുന്നു എന്നത് ഊഹിക്കാവുന്നതല്ലേ? കുടുംബ, വൈവാഹിക ബന്ധങ്ങളും രീതികളും വ്യത്യസ്തമായിരുന്നു, സ്വത്ത് എന്ന ആശയം തന്നെ വേറെയെന്തൊക്കെയോ ആയിരുന്നു . ഈത്തപ്പഴ ശേഖരമോ ധാന്യ ശേഖരമോ കച്ചവടത്തിലൂടെ ധനികരായെങ്കിൽ ഇത്തിരി സ്വർണ്ണനാണയശേഖരമോ ഒക്കെയായിരിക്കണം സ്വത്ത് എന്നത്. പിന്നെ കാലികളും. അപൂർവം ധനികർക്ക് ഈന്തപ്പഴത്തോട്ടങ്ങൾ ഉണ്ടായാലായി. ഇതു കൊണ്ടൊക്കെയാണ് ഒരാൾ മരിച്ച് അയാൾ ബാക്കി വെച്ചത് പങ്കുവെക്കുന്ന വേളയിൽ അഗതികൾ ആരെങ്കിലും വന്നാൽ എന്തെങ്കിലുമൊക്കെ അവർക്കും ഔദാര്യപൂർവം കൊടുത്തേക്കണം എന്നു ഖുർആനിൽ പറഞ്ഞത് .അതുചിലപ്പോൾ ഒരു കൂട കാരക്കയാകാം, ധാന്യമാകാം, ഇത്തിരി നാണയങ്ങളാകാം.ബാങ്ക് ബാലൻസും വീടും പറമ്പും ബിസിനസ് സാമ്രാജ്യവും പെൻഷനും ഒന്നുമില്ലാതിരുന്ന, പ്രായമായ മാതാപിതാക്കൾ കൂടെത്തന്നെ താമസിക്കുന്ന, സമ്പാദനത്തിന്റെ ഉത്തരവാദിത്തം പുരുഷനു മാത്രമായിരുന്ന, ഭർത്താവു മരിച്ചാലോ വിവാഹമോചനം നേടിയാലോ സ്ത്രീക്ക് അധികം വൈകാതെ വീണ്ടുമൊരു വിവാഹ ജീവിതം സാധ്യമാകുമായിരുന്ന, വ്യത്യസ്ത ഉമ്മമാരുടെ മക്കളും വ്യത്യസ്ത ഉപ്പമാരുടെ മക്കളും പലതരത്തിൽ ഇടകലർന്ന് ഒരേ വീട്ടിൽ കഴിയേണ്ടിവന്നിരുന്ന കാലമായിരുന്നല്ലോ അത്. ആ കാലത്ത് ഉരുത്തിരിഞ്ഞു വന്നിരിക്കാവുന്ന സ്വത്തുവിഭജന പ്രശ്നങ്ങളിൽ ചിലവയ്ക്ക് തീർപ്പുകളായി വന്നവയാണ് ഖുർആനിൽ ഇതുമായി ബന്ധപ്പെടുന്ന നിർദ്ദേശങ്ങൾ. ഖുർആനിന്റെ അടിസ്ഥാന ആശയങ്ങളായ സമത്വം, നീതി (തീർച്ചയായും ലിംഗനീതിയുൾപ്പെടെ) ലംഘിക്കപ്പെടാതെ അവയെങ്ങനെ കാലത്തിനും ദേശത്തിനുമനുസരിച്ച് പുന:സൃഷ്ടിക്കാം എന്ന ചിന്തകളിൽ നിന്നു തന്നെയാണ് വ്യത്യസ്ത കർമ്മ ശാസ്ത്രധാരകൾ പലയിടങ്ങിൽ ചർച്ചകളിലൂടെ, വാദപ്രതിവാദങ്ങളിലൂടെ ഉണ്ടായി വന്നതും. ഈ സത്യത്തെ തമസ്കരിച്ചുകൊണ്ടാണ് കൊളോണിയൽ ഭരണാധികാരികളുടെയും ആജ്ഞാനുവർത്തികളുടെയും സൃഷ്ടിയായ വ്യക്തി നിയമസംഹിതയെ വിശുദ്ധമെന്നും ഖുർആനികമെന്നും മുദ്രചാർത്തി ഇന്ത്യയിൽ സംരക്ഷിക്കപ്പെടുന്നത്. അപഹാസ്യമാണിത്. അല്ലെന്നു കരുതുന്നുവെങ്കിൽ നമ്മുടെ നാട്ടിൽ ഇന്നു ശരീഅ: എന്ന നിലയിൽ പിന്തുടരപ്പെടുന്ന ചില സ്വത്ത് വിഭജനരീതികളും അവയുടെ സാമൂഹികാഘാതങ്ങളും ഒന്നു പരിശോധിച്ചു നോക്കുക.

1. ആൺകുട്ടിയുടെ പകുതി സ്വത്തു മാത്രം പെൺകുട്ടിക്ക് – പൊതു ജന ശ്രദ്ധ കിട്ടിയിട്ടുള്ള ലിംഗവിവേചനപരമായ ഒരേയൊന്ന് ഒരുപക്ഷേ, ഈ നിയമമായിരിക്കും.

സ്ത്രീക്ക് സ്വത്തവകാശമോ വ്യക്തി എന്ന നിലയിൽ പരിഗണനകളോ കിട്ടാതിരുന്ന അറേബ്യൻ ഗോത്ര പാരമ്പര്യത്തിലേക്കാണ് സ്ത്രീക്കും സ്വത്തിലവകാശമുണ്ട് എന്നൊരു നിയമം ഇസ്ലാമിന്റെ ആദ്യകാലത്ത് കൊണ്ടുവന്നത് എന്നോർക്കുക. അവൾക്കെന്തിനാണ് സ്വത്ത് എന്ന ഗോത്രകാല ചി

ത്തയിൽ നിന്ന് അവൾക്ക് അത്രയേ ആവശ്യമുള്ളു, വിവാഹ വേളയിൽ സ്ത്രീധനവുമായല്ലേ അവളി റങ്ങിപ്പോയത് എന്ന ന്യായീകരണത്തിലേക്കാണ് നമ്മുടെ വളർച്ച. ശരിയാണ്, സ്ത്രീക്കു കൊടുത്തു വിടേണ്ട സ്വർണവും പണവും കുടുംബത്തിന്റെ, ആങ്ങളമാരുടെ ഭാരം തന്നെയാണ്. പക്ഷേ, എങ്ങ നെയാണ് തികച്ചും ഇസ്ലാമികവിരുദ്ധമായ സ്ത്രീ ധനമെന്ന സങ്കൽപ്പത്തിലേക്ക് മുസ്ലിങ്ങൾ എത്തി ച്ചേർന്നത് എന്ന ചോദ്യമുണ്ടല്ലോ. പുരുഷൻ പെ ണ്ണിന് വിവാഹ വേളയിൽ കൊടുക്കേണ്ട മഹർ എ ന്ന ഉപഹാരമാണ് വാസ്തവത്തിൽ ഇസ്ലാമികം. അ ത് നാമമാത്രമാക്കിച്ചുരുക്കി സ്ത്രീധനത്തിന്റെ ത ട്ട് കൂടുതൽ കൂടുതൽ കനം തൂങ്ങി നിൽക്കുന്നു ഇന്ന്. സ്ത്രീയെ കൂടുതൽ കൂടുതൽ വസ്തുവൽ ക്കരിക്കുകയും അവളുടെ ജീവിതം പുരുഷവീട്ടിൽ അരക്ഷിതമാക്കുകയും ചെയ്യുന്നുണ്ട് ഈ സമ്പ്ര ദായം. സ്ത്രീധനത്തിനെതിരെ സംസാരിക്കു മ്പോൾ, സ്വത്തിലെ തുല്യാവകാശം അവൾക്കു

അടുത്തത് നോക്കുക – മക്കളുള്ള ദമ്പതിക ളിൽ ഭർത്താവ് മരിച്ചാൽ ഭാര്യയ്ക്ക് അയാളുടെ സ്വത്തിന്റെ എട്ടിലൊരു ഭാഗമേയുള്ളു. ഒന്നിൽ കൂ ടുതൽ ഭാര്യമാരുണ്ടെങ്കിൽ ഈ എട്ടിലൊരു ഭാഗം എല്ലാവരും കൂടി ഭാഗിച്ചെടുത്തോളണം. നേരെ മ റിച്ച്, ഭാര്യ (ഭാര്യമാർ) ആദ്യം മരിച്ചാൽ കാൽഭാ ഗം (ഓരോരുത്തരുടെയും ) ഭർത്താവിന് !

മുതിർന്ന, അവിവാഹിതനായ മകൻ മരിച്ചാൽ സ്വത്തെല്ലാം മാതാപിതാക്കളിലേക്ക് ന്യായമായും എത്തുമല്ലോ. പക്ഷേ, ആ മകന്റെ ഉമ്മയ്ക്ക് സ്വ ത്തിന്റെ ആറിലൊരു ഭാഗം മാത്രമായിരിക്കും ലഭി ക്കുക.അവരാണ് ആ മകനെ വളർത്തിയെടുക്കാൻ ജീവിതകാലം മുഴുവൻ കഷ്ടപ്പെട്ടതെന്നാകിലും ബാക്കി ആറിൽ അഞ്ചു ഭാഗവും ഉപ്പയ്ക്ക് ചെന്നു ചേരും. അയാൾ ആ ഉമ്മയിൽ നിന്നും മകനിൽ നിന്നും അകന്നു നിൽക്കുന്നവനായിരിക്കാമെങ്കി ലും.

> **സ്വത്തിലെ തുല്യാവകാശം അവൾക്കു നൽകാവുന്ന ആത്മവിശ്വാ സവും, സ്വന്തം വീട്ടിലേക്ക് വേണ്ടി വന്നാൽ ആത്മാഭിമാനത്തോടെ മടങ്ങി വരാനുള്ള അവകാശവും അവൾക്ക് തിരിച്ചു കിട്ടുന്നുണ്ട് എന്ന വസ്തുതയെ നാം ഓർക്കാറില്ല. അവൾക്കെന്തിനാണ് സ്ത്രീ ധനം? അതു വേണ്ടെന്നു പറയാൻ പെൺകുട്ടിയ്ക്കും കഴിയണം. അവൾക്കു വേണ്ടത് സമത്വമാണ്. എല്ലാ അർത്ഥത്തിലും!**

നൽകാവുന്ന ആത്മവിശ്വാസവും, സ്വന്തം വീട്ടിലേ ക്ക് വേണ്ടി വന്നാൽ ആത്മാഭിമാനത്തോടെ മടങ്ങി വരാനുള്ള അവകാശവും അവൾക്ക് തിരിച്ചു കിട്ടു ന്നുണ്ട് എന്ന വസ്തുതയെ നാം ഓർക്കാറില്ല. അ വൾക്കെന്തിനാണ് സ്ത്രീധനം? അതു വേണ്ടെന്നു പറയാൻ പെൺകുട്ടിക്കും കഴിയണം. അവൾക്കു വേണ്ടത് സമത്വമാണ്. എല്ലാ അർത്ഥത്തിലും!

ഇത്തരുണത്തിൽ നമുക്ക് മേരി റോയിയെ ഓർ ക്കാം. ദീർഘകാലം നിയമ പോരാട്ടം നടത്തി തു ല്യ സ്വത്തവകാശം നേടിയെടുത്ത ശേഷം നിയമ പൂർവം ലഭിച്ചത് സഹോദരനു തന്നെ വിട്ടു കൊ ടുക്കുന്നുണ്ട് മേരി റോയ്. താൻ പോരാടിയത് സ്വ ത്തുമോഹം കൊണ്ടല്ല, സ്ത്രീകൾക്കു നേരെയു ള്ള ഈ വിവേചനം നിർത്തലാക്കേണ്ടതുണ്ട് എ ന്ന നീതിബോധം കൊണ്ടാണ് എന്നു പ്രഖ്യാപി ക്കുകയായിരുന്നു അവർ. അതെ, തുല്യ സ്വത്തവ കാശം സ്ത്രീയുടെ ആത്മാഭിമാനപ്രശ്നം കൂടിയാ ണ്.

സ്ത്രീക്ക് കുടുംബത്തിന്റെ സാമ്പത്തിക ഉത്ത രവാദിത്തമേ ഇല്ലാതിരുന്ന ഒരു കാലത്ത്, നിയമ പരമായി പിരിഞ്ഞാലല്ലാത്ത അവസ്ഥയിൽ പുരു ഷൻ ആ ഉത്തരവാദിത്തം പൂർണമായി നിറവേറ്റി യിരുന്ന സാമൂഹ്യ പശ്ചാത്തലത്തിൽ, ഇവയ്ക്കൊ ക്കെ ന്യായീകരണമുണ്ടെന്നു കാണാം. പുതിയ കാ ലത്ത് ഒരു കുടുംബത്തിന്റെ സാമ്പത്തിക ധാർമ്മി ക ബാധ്യതകൾ എത്രമാത്രം സ്ത്രീയുടെ മേൽ വന്നു വീഴുന്നു എന്ന് നമുക്കറിയാം.

ഏറെ അനീതിപരവും പലപ്പോഴും സ്ത്രീകളു ടെ ജീവിതം (മക്കളുടെയും) വഴിമുട്ടിക്കുന്നതുമാ യ രണ്ടു നിയമങ്ങൾ കൂടി,

1. പെൺകുട്ടികൾ മാത്രമുള്ള കുടുംബത്തിലെ രക്ഷിതാവ് (ഉപ്പയാവാം, ഉമ്മയാവാം) മരിച്ചാൽ അ വരുടെ സ്വത്തിന്റെ 1/3 ന് അവകാശികൾ മറ്റു ബ ന്ധുക്കളാണ്. പെൺകുട്ടികൾക്ക് വീടോ ,കാറോ, മറ്റു വഹകളോ ക്രയവിക്രയം ചെയ്യണമെങ്കിൽപ്പോ ലും ആ അവകാശികളെ തേടിപ്പിടിച്ച് ഒപ്പുവാങ്ങി

ച്ച്, ഭാഗം കൊടുത്തോ ദയാപൂർവം ഒഴിമുറി വാങ്ങിയോ മാത്രമേ അതു സാധ്യമാകൂ. ബിസിനസ് നടത്തിയിരുന്ന ഒരു പിതാവാണ് മരിച്ചതെങ്കിൽ ഏറെ കഷ്ടമാകും സ്ഥിതി. പെൺമക്കൾ എത്ര വിദ്യാസമ്പന്നരും വകതിരിവുള്ളവരും ആണെങ്കിലും ബിസിനസ് നിയന്ത്രണം പിന്നെ പുരുഷ ബന്ധുക്കളുടെ കയ്യിലാവും. ഒറ്റ വീടും ഇത്തിരി മണ്ണും മാത്രമുള്ള ദരിദ്രകുടുംബങ്ങളുടെ സ്ഥിതി അതിനേക്കാൾ ദയനീയം.

ഖുർആനിലെ ഒരു ആയത്തിനെ വക്രീകരിച്ചാണ് ഈ നിയമം പ്രാവർത്തികമാക്കിയതെന്ന് മാനവികമായി ഖുർആനെ വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന പണ്ഡിതർ. 'മക്കളില്ലാതിരിക്കുന്ന അവസ്ഥയിൽ ഒരാൾ മരിച്ചാൽ സ്വത്ത് ബന്ധുക്കൾക്കും പോകും' എന്നുള്ളതിനെ വക്രീകരിച്ച് 'ആൺമക്കളില്ലാതിരുന്നാൽ.. 'എന്നു വിവർത്തനം ചെയ്യുകയായിരുന്നു പുരുഷ വ്യാഖ്യാതാക്കൾ. പിന്നെ ഷെയർ കണക്കുകളും അവകാശികളും ഉണ്ടാവുകയായി.

2. കുടുംബ സ്വത്ത് വിഭജിക്കും മുമ്പ് പ്രായമായ മാതാപിതാക്കളുടെ ഒരു മകൻ മരിച്ചാൽ പിന്നീട് ആ മകന്റെ ഭാര്യയ്ക്കോ മക്കൾക്കോ സ്വത്തിൽ യാതൊരവകാശമുണ്ടാകില്ല എന്നു നിയമം!

കൂട്ടുകുടുംബമാണെങ്കിൽ മക്കളെയും കൊണ്ട് ആ ദു:ഖിതയായ ഭാര്യയ്ക്ക് നിസ്സഹായയായി ഇറങ്ങാം. അണുകുടുംബമെങ്കിൽ കുടുംബനാഥൻ സമ്പാദിക്കുമായിരുന്ന വരുമാനവും നിലച്ച് , അയാളുടെ കുടുംബത്തിൽ നിന്നും ഒന്നും പ്രതീക്ഷിക്കാനാവാതെ കഷ്ടപ്പെടാം.

ഈയിടെ മാവേലിക്കര കുടുംബക്കോടതിയുടെ ഒരു വിധി വന്നത് ഓർമ്മിക്കുമല്ലോ .ആത്മഹത്യ ചെയ്ത മകന്റെ മക്കളെ അഗതികളാക്കാതെ, ഇഷ്ടദാനം ചെയ്യാനുള്ള തന്റെ അവകാശം (സ്വത്തിന്റെ 1/4 വരെ) ഉപയോഗിക്കാൻ, അങ്ങനെ അയാളുടെ പേരക്കുട്ടികൾക്ക് മാന്യമായി ജീവിക്കാനും വിദ്യാഭ്യാസത്തിനും ആവശ്യമായ തുക കൊടുക്കാൻ, ധനികനായ വൃദ്ധപിതാവിനോട് ആവശ്യപ്പെടുന്ന വിധി. അത്രയും നല്ലത്! പക്ഷേ, ഒസ്യത്ത് ഒരു ഔദാര്യം മാത്രമാണ്. അത് അവകാശമല്ലാത്തതു കൊണ്ടു തന്നെ എല്ലാവരും അങ്ങനെ ചെയ്യണമെന്നില്ല. ഈ കേസിൽ തന്നെ കോടതി വേണ്ടിവന്നുവല്ലോ ആ ഔദാര്യമെങ്കിലും അവർക്ക് ലഭ്യമാക്കാൻ. എത്ര പേർക്ക് അങ്ങനെ കോടതിയിൽ പോയി ഔദാര്യം സംഘടിപ്പിക്കാനാവും!

> **പെൺകുട്ടികൾ മാത്രമുള്ള കുടുംബത്തിലെ രക്ഷിതാവ് (ഉപ്പയാവാം, ഉമ്മയാവാം) മരിച്ചാൽ അവരുടെ സ്വത്തിന്റെ 1/3 ന് അവകാശികൾ മറ്റു ബന്ധുക്കളാണ്. പെൺകുട്ടികൾക്ക് വീടോ ,കാറോ, മറ്റു വഹകളോ ക്രയവിക്രയം ചെയ്യണമെങ്കിൽപ്പോലും ആ അവകാശികളെ തേടിപ്പിടിച്ച് ഒപ്പുവാങ്ങിച്ച്, ഭാഗം കൊടുത്തോ ദയാപൂർവം ഒഴിമുറി വാങ്ങിയോ മാത്രമേ അതു സാധ്യമാകൂ. ബിസിനസ് നടത്തിയിരുന്ന ഒരു പിതാവാണ് മരിച്ചതെങ്കിൽ ഏറെ കഷ്ടമാകും സ്ഥിതി. പെൺമക്കൾ എത്ര വിദ്യാസമ്പന്നരും വകതിരിവുള്ളവരും ആണെങ്കിലും ബിസിനസ് നിയന്ത്രണം പിന്നെ പുരുഷ ബന്ധുക്കളുടെ കയ്യിലാവും. ഒറ്റ വീടും ഇത്തിരി മണ്ണും മാത്രമുള്ള ദരിദ്രകുടുംബങ്ങളുടെ സ്ഥിതി അതിനേക്കാൾ ദയനീയം.**

ഓർക്കാപ്പുറത്തു വന്നു ചുറ്റി വരിയുകയാണ് പലരുടെയും ജീവിതഗതിയിൽ ഇത്തരം സന്നിഗ്ദ്ധതകൾ. മരണം പലപ്പോഴും യാദൃച്ഛികതകളാണല്ലോ. ആക്സിഡന്റിൽ മരിച്ച പിതാവിന്റെ ലൈഫ് ഇൻഷുറൻസ് തുക വരുമ്പോൾ, ദേശീയപാതാ വികസനത്തിനു വിട്ടുകൊടുത്ത സ്ഥലത്തിന്റെ തുക അനുവദിച്ചു കിട്ടുമ്പോൾ, ഒക്കെ മറ്റവകാശികൾ പെട്ടെന്നു പ്രത്യക്ഷപ്പെടുന്ന അത്ഭുതം ആൺതരിയില്ലാത്തതിന്റെ പേരിൽ കുടുംബങ്ങൾ അഭിമുഖീകരിക്കേണ്ടി വരികയാണ്.

മാറ്റി നിർത്തപ്പെടുന്നവർ, ദളിതർ, ആദിവാസി

**ലോകത്തൊരു രാഷ്ട്രത്തിലും കാലാകാലങ്ങളിലായി മാറ്റമില്ലാതെ നിലകൊള്ളുന്ന ഇസ്ലാമിക നിയമസംഹിതയില്ല എന്നതാണ്. ഇരുപതോളം മുസ്ലിം രാഷ്ട്രങ്ങളിൽ കാലാനുസൃതമായി അവ പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. പാക്കിസ്ഥാനിലുൾപ്പെടെ അമാനവികതകൾ നീക്കി നിയമങ്ങൾ ഈയടുത്ത അവസരത്തിലും പരിഷ്കരിച്ചിരിക്കുന്നു. വിവിധ മദ്ഹബുകളെ അടിസ്ഥാനമാക്കിയായിരുന്നു അവയുടെയൊക്കെ ആദ്യകാല നിയമസംഹിതകളെങ്കിലും അവയൊന്നും വെള്ളം കടക്കാത്ത അറകളിൽ തനിമയോടെ നിന്നിരുന്നവയുമല്ല.**

കൾ, ലോകത്തെമ്പാടും ദീർഘകാലം അടിമ ജീവിതം നയിച്ച ആഫ്രിക്കൻ വംശജർ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയവർ തങ്ങളുടെ അവകാശങ്ങളെപ്പറ്റി സംസാരിച്ചുകൊണ്ട് ശക്തരായി സമൂഹത്തിന്റെ മുൻനിരയിലേക്കു വന്നുകൊണ്ടിരിക്കുന്ന ആധുനിക കാലത്തും ഒരു പ്രത്യേക മതത്തിൽ പിറന്നു പോയി എന്നതിനാൽ സ്ത്രീകൾ ഈ വിധം ചൂഷണവിധേയരാകുന്നത് അനുവദിക്കുക വയ്യ. ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങൾക്കും അതിലെ ആർടികൾ 13, 14, 15, 21 എന്നിവയിലെ സമത്വത്തിലധിഷ്ഠിതമായ നിയമങ്ങൾക്കും വിരുദ്ധമാണത്. ഇന്ത്യ അംഗീകരിച്ച അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനത്തെ ലംഘിക്കലാണ്. മാത്രമല്ല, സ്ത്രീകൾക്കെതിരായ എല്ലാതരം വിവേചനങ്ങൾക്കും അറുതി വരുത്താൻ ഇടപെടണമെന്ന 1979 ലെ യുഎൻ സമ്മേളന പ്രമേയമനുസരിച്ചും ഇന്ത്യ അതിന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കേണ്ടതുണ്ട്. 1993 ൽ, ഏറെ വൈകിയാണെങ്കിലും അതിനുള്ള സന്ധിയിൽ ഒപ്പുവെച്ച രാജ്യമാണല്ലോ നമ്മുടേതും.

മറ്റൊരു പ്രധാന കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, ലോകത്തൊരു രാഷ്ട്രത്തിലും കാലാകാലങ്ങളിലായി മാറ്റമില്ലാതെ നിലകൊള്ളുന്ന ഇസ്ലാമിക നിയമസംഹിതയില്ല എന്നതാണ്. ഇരുപതോളം മുസ്ലിം രാഷ്ട്രങ്ങളിൽ കാലാനുസൃതമായി അവ പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. പാക്കിസ്ഥാനിലുൾപ്പെടെ അമാനവികതകൾ നീക്കി നിയമങ്ങൾ ഈയടുത്ത അവസരത്തിലും പരിഷ്കരിച്ചിരിക്കുന്നു. വിവിധ മദ്ഹബുകളെ അടിസ്ഥാനമാക്കിയായിരുന്നു അവയുടെയൊക്കെ ആദ്യകാല നിയമസംഹിതകളെങ്കിലും അവയൊന്നും വെള്ളം കടക്കാത്ത അറകളിൽ തനിമയോടെ നിന്നിരുന്നവയുമല്ല.

ഇസ്ലാമിന്റെ വ്യാപനമുണ്ടായ പ്രദേശങ്ങളിലെല്ലാം അതാതിടങ്ങളിലെ സംസ്കാരത്തിൽ, രാഷ്ട്രീയ കാലാവസ്ഥയിൽ, സാമൂഹ്യസാമ്പത്തിക പശ്ചാത്തലങ്ങളിൽ, അതുവരെ നിലനിന്നിരിക്കാവുന്ന നിയമങ്ങളും സമ്പ്രദായങ്ങളും ഖുർആന്റെ അടിസ്ഥാനാശയങ്ങളെ ഖണ്ഡിക്കുന്നില്ലെങ്കിൽ അവയെക്കൂടി സ്വാംശീകരിച്ചു കൊണ്ടു കൂടിയാണ് പുതിയ പുതിയ ഇസ്ലാമിക കർമ്മ ശാസ്ത്രരീതികൾ ലോകത്തിന്റെ പല ഭാഗത്തും രൂപപ്പെട്ടു വന്നത്. അതു കൊണ്ടാണ് ഇസ്ലാമിക ചരിത്രവും നിയമങ്ങളും ആഴത്തിൽ പഠിച്ച നെതർലാന്റ്സ് യൂണിവേഴ്സിറ്റി ഫാക്കൽറ്റിയും മലയാളിയുമായ മെഹമൂദ് കൂരിയ തന്റെ Islamic Law in Circulation എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയത് 'There is nothing like Islamic law unless it is contextualised and provincialised'. അതെ, കാലത്തിനും ദേശത്തിനുമനുസരിച്ച് മാറ്റങ്ങളുണ്ടാവാൻ മാത്രം വഴക്കമുള്ളവ തന്നെയാണ് ഇസ്ലാമിക നിയമങ്ങൾ! അതറിയാത്തവരോ, സൗകര്യപൂർവം വിസ്മരിക്കുന്നവരോ ആണ് വൃഥാ ശബ്ദമുണ്ടാക്കുന്നത്.

മെഹമൂദ് കൂരിയ തന്റെ ഗ്രന്ഥത്തിലുദ്ധരിക്കുന്ന കവിതാവരികൾ, ഷാഫി കർമ്മശാസ്ത്ര മദ്ഹബിന്റെ കർത്താവായ അൽ ഷാഫിയുടേതാണെന്നതും ഏറെ കൗതുകകരം !

'ചിന്താശക്തിയും ബുദ്ധിയുമുള്ളവന് വീടിനകത്ത് ചടഞ്ഞുകൂടാനാവില്ല, അയാൾ യാത്ര ചെയ്തു കൊണ്ടേയിരിക്കും.വിട്ടു പോന്നതിനേക്കാൾ ശ്രേഷ്ഠമായത് അയാൾ കണ്ടെത്തുക തന്നെ ചെയ്യും....

ഒഴുകുന്ന വെള്ളമാണ് ശുദ്ധമാവുക, കെട്ടിക്കിടക്കുന്ന ജലമല്ല .'

ചിന്തകളും അന്വേഷണങ്ങളും ശുദ്ധീകരണവും അനസ്യൂതം തുടരട്ടെ! നമുക്കുമൊഴുകാം പുഴകളായി ....

**Islamic Law in Circulation_ Shafi Texts across the Indian Ocean and the Mediterranean* by Mahmood Kooria



ചർച്ചാവിഷയം

# സമുദായം അഭിസംബോധന ചെയ്യേണ്ട സ്വത്തവകാശ പ്രശ്നങ്ങൾ



**ഡോ.ഷംഷാദ് ഹുസൈൻ കെ.ടി.**
പ്രൊഫസർ മലയാള വിഭാഗം
ശ്രീശങ്കാരാചാര്യ സംസ്കൃത സർവ്വകലാശാല,
പ്രാദേശിക കേന്ദ്രം
തിരൂർ

എന്റെ കൗമാര കാല സുഹൃത്തുക്കളിലൊരാളായിരുന്നു ബേബി. വീടിനടുത്തുള്ള സൗഹൃദമായിരുന്നു അത്. ബേബിക്ക് മൂന്ന് സഹോദരിമാർ കൂടി ഉണ്ടായിരുന്നു. എല്ലാവരും സാമാന്യ വിദ്യാഭ്യാസം നേടിയവരും എന്തെങ്കിലും തൊഴിൽ ചെയ്ത് ജീവിക്കുന്നവരുമായിരുന്നു. പോസ്റ്റോഫീസിലെ പണമിടപാടിലെ ഏജന്റായിട്ടൊക്കെ പ്രവർത്തിക്കുന്നതുപോലെ എന്തെങ്കിലും തൊഴിലിൽ എല്ലാവരും ഏർപ്പെട്ടിരുന്നു. അവരുടെ ഉമ്മയും ബാപ്പയും ഞാൻ കാണുമ്പോൾ ആടിനെ പോറ്റി അതിൽ നിന്നുള്ള ചെറിയ വരുമാനം കൊണ്ടാണ് ജീവിച്ചിരുന്നത്. അവരുടെ ചില ബന്ധുക്കളൊക്കെ പരിസരത്തു തന്നെ താമസിച്ചിരുന്നു. അവർക്കൊന്നും മുതിർന്ന പെൺകുട്ടികളെ ജോലിക്കയക്കുന്നതിൽ വലിയ അഭിപ്രായമില്ലാത്തതിനാൽ ഈ കുടുംബവുമായി വലിയ അടുപ്പം കാണിച്ചില്ല. എല്ലാവരും കല്യാണം കഴിച്ചതും ഇരുപതുവയസ്സെങ്കിലും കഴിഞ്ഞിട്ടാണ്. എന്റെ ചെറുപ്പത്തിൽ അത് വലിയ വാർത്ത തന്നെ ആയിരുന്നു. സമയത്തിന് കല്യാണം കഴിപ്പിക്കാതെ പെൺകുട്ടികളെ പണിക്കയക്കുന്ന ബാപ്പയായി അയാൾ ഇകഴ്ത്തപ്പെട്ടു. വീട്ടുകാരോടും നാട്ടുകാരോടുമുള്ള എന്റെ കലിപ്പുകളെല്ലാം ഞാൻ പറഞ്ഞ് തീർത്തിരുന്നത് ഇവരോടായിരുന്നു. അതിനിടയിൽ ബേബിയുടെ ബാപ്പ മരിച്ചു. ഖബറടക്കം കഴിഞ്ഞ് അധിക സമയം കഴിയുന്നതിനു മുമ്പെ ബാപ്പയുടെ സഹോദരന്മാരടക്കമുള്ള ബന്ധുക്കൾ സ്വത്തിന് അവകാശം പറഞ്ഞു. മരണത്തിന് കെട്ടിയ പന്തൽ അഴിക്കുന്നതിനു മുമ്പെ അവിടെ വഴക്കു തുടങ്ങി. കാരണം ബേബിയുടെ ബാപ്പ ഇതെല്ലാം മുൻകൂട്ടി കണ്ടായിരിക്കണം സ്വത്തുക്കൾ പെൺമക്കളുടെ പേരിലേക്ക് മാറ്റിയിരുന്നു. അതെങ്ങനെ ഇസ്ലാമികമാവും എന്ന പേരിലാണവർ വഴക്കടിക്കാൻ ശ്രമിച്ചത്. ഒരു ചെറിയ വീടും അത് നിൽക്കുന്ന കുറച്ചു സ്ഥലവും മാത്രമാണ് അയാൾക്കാകെയുണ്ടായിരുന്ന സ്വത്ത്. ഇസ്ലാമിലെ പിന്തുടർച്ചാവകാശപ്രകാരം 2/3 ഭാഗത്തിനു മാത്രമെ ഈ പെൺകുട്ടികൾക്കവകാശം ലഭിക്കൂ. മിക്കവാറും വീടുവരെ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാവാം. ഇതു തിരിച്ചറിഞ്ഞ ബാപ്പ തന്നെയാണ് പെൺകുട്ടികൾ വഴിയാധാരമാവാതിരിക്കാൻ മുൻകൂട്ടി ഇത് അവരുടെ പേരിലേക്ക് മാറ്റിയെഴുതിയത്. സ്വന്തം കഷ്ടപ്പാടുകൾ കൊണ്ടാണെങ്കിലും ഞങ്ങൾക്കെന്തെങ്കിലുമുണ്ടോ എന്ന ചോദ്യം തന്നെയാണ് ബാപ്പ

യുടെ സഹോദരങ്ങളെ അങ്ങോട്ടെത്തിച്ചത്.

എന്റെ ബന്ധത്തിൽപ്പെട്ട ഒരു അമ്മായിയുടെ അവസ്ഥയും ഇതിൽ നിന്ന് ഏറെയൊന്നും ഭിന്ന മായിരുന്നില്ല. അവർ ധാരാളം ഭൂസ്വത്തുള്ള സ്ത്രീയായിരുന്നു. അവർ താമസിച്ചിരുന്നതിൽ നിന്ന് ദൂരസ്ഥലങ്ങളിലായിരുന്ന അമ്മായിയുടെ സ്വത്തുക്കൾ വിറ്റ് ഭർത്താവിന്റെ പുരയിടത്തി ലാണ് അവർ താമസിച്ചിരുന്നത്. രണ്ട് പേർ മാത്ര മുള്ള വീട്ടിൽ വലിയ ആർഭാടങ്ങളില്ലാതെ ജീവിച്ച അവർക്ക് ഭൂസ്വത്തുക്കളെല്ലാം അതേപടി നില നിർത്താനായി. അതിൽ നിന്നുള്ള വരുമാനം അവർക്കു ജീവിക്കാൻ ധാരാളമായിരുന്നു. പക്ഷെ ഭർത്താവിന്റെ മരണശേഷം അവർക്ക് ആ വീട് വിട്ടിറങ്ങേണ്ടിവന്നു. സ്വന്തം പേരിൽ സ്വത്തുക്കൾ ഒന്നുമില്ലാത്തതിനാൽ ഭർത്താവിന്റെ വിഹിതത്തിൽ നിന്ന് ഒരു പങ്ക് കൊണ്ട് അവർക്ക് തൃപ്തിപ്പെ ടേണ്ടി വന്നു. മക്കൾ ഉണ്ടെങ്കിലും ഭാര്യമാരുടെ സ്ഥിതി അത്രക്ക് മെച്ചപ്പെട്ടതല്ല. സ്വത്തിലെ വിഹിതം 1/8 ആയി ചുരുങ്ങുകയാണ് ചെയ്യുക.

ഭർത്താവിന് ഭാര്യയുടെ സ്വത്തിൽ പകുതി അവകാശം ഇസ്ലാമിക പിന്തുടർച്ചാവകാശ നിയമം വ്യവസ്ഥ ചെയ്യുമ്പോഴാണ് അനാഥരായിപ്പോകുന്ന സ്ത്രീകൾക്ക് നാലിലൊന്ന് വിഹിതം മാത്രമായി ചുരുക്കുന്നത്. മക്കളുണ്ടെങ്കിൽ ഭാര്യയുടെ സ്വത്തിൽ നാലിലൊന്നിന് ഭർത്താവിന് അവകാ ശമുണ്ട്. സ്വന്തം മക്കൾക്ക് പിന്തുടർച്ചാവകാശം നൽകുന്നതിലുമുണ്ട് വ്യത്യാസങ്ങൾ. ആൺമ ക്കൾക്ക് മൂന്നിൽ രണ്ടു ഭാഗത്തിന് അർഹതയുണ്ടെ ങ്കിൽ പെൺമക്കൾക്ക് മൂന്നിലൊരുഭാഗത്തിന് മാത്ര മാണ് അർഹതയുള്ളത്. ഇനി മാതാപിതാക്കൾ ജീവിച്ചിരിക്കെ മകൻ മരിച്ചാൽ മരണപ്പെട്ട മകന്റെ മക്കൾക്കാർക്കും പാരമ്പര്യ സ്വത്തിൽ അവകാ ശമേ ഇല്ല എന്നും ഈ നിയമ വ്യവസ്ഥ അനുശാ സിക്കുന്നു. വളരെ വ്യക്തമായിത്തന്നെ പെൺകു ട്ടികളോട് വ്യക്തമായി പക്ഷപാതം കാണിക്കു ന്നുണ്ട് എന്നതുമാത്രമല്ല ഈ നിയമ വ്യവസ്ഥ യുടെ പ്രശ്നം. സ്ത്രീകൾക്കായാലും അനാഥരാ യിപ്പോകുന്ന പേരക്കിടാങ്ങൾക്കായാലും സംര ക്ഷണം ഉറപ്പു വരുത്തിയിരുന്ന ഒരു സാമൂഹ്യ വ്യവ സ്ഥയിൽ നിന്നാവാം ഈ നിയമങ്ങൾ ഉണ്ടായിട്ടു ണ്ടാവുക. ഈ നിയമങ്ങളുടെ ചരിത്ര പ്രാധാന്യവും തഴഞ്ഞു കളയാവുന്നതല്ല.

ഏകശാസനാരൂപത്തിലല്ലാതെ മതസങ്കൽപവും മതഗ്രന്ഥങ്ങളുടെ വ്യാഖ്യാന സാധ്യതകളുമാണ് ഇസ്ലാമിനെ ബഹുസ്വരമാക്കിയതിൽ വലിയ പങ്കു വഹിച്ചത്. മാറ്റമില്ലാതെ ദൈവീക നിയമം എന്ന തിലപ്പുറം മതഗ്രന്ഥങ്ങൾ അതുണ്ടായ കാലഘട്ട ത്തിലെ സവിശേഷ സന്ദർഭങ്ങളുമായി ബന്ധപ്പെ ടുത്തി വിശകലനം ചെയ്യേണ്ടതുണ്ട്. ഇസ്ലാം സ്ത്രീക്കു നൽകിയ അവകാശങ്ങളെക്കുറിച്ച് പറ യുമ്പോൾ ഖുർആനും അതിലെ പ്രബോധനങ്ങളും ഉണ്ടാകാനിടയായ ചരിത്ര സാഹചര്യംകൂടി മന സ്സിലാക്കേണ്ടതുണ്ട്.

“ ഭർത്താവിന് ഭാര്യയുടെ സ്വത്തിൽ പകുതി അവകാശം ഇസ്ലാമിക പിന്തുടർച്ചാവകാശ നിയമം വ്യവസ്ഥ ചെയ്യുമ്പോഴാണ് അനാഥ രായിപ്പോകുന്ന സ്ത്രീകൾക്ക് നാലിലൊന്ന് വിഹിതം മാത്രമായി ചുരുക്കുന്നത്. മക്കളുണ്ടെങ്കിൽ ഭാര്യയുടെ സ്വത്തിൽ നാലിലൊ ന്നിന് ഭർത്താവിന് അവകാശമുണ്ട്. സ്വന്തം മക്കൾക്ക് പിന്തുടർച്ചാ വകാശം നൽകുന്നതിലുമുണ്ട് വ്യത്യാസങ്ങൾ. ആൺമക്കൾക്ക് മൂന്നിൽ രണ്ടു ഭാഗത്തിന് അർഹതയുണ്ടെങ്കിൽ പെൺമക്കൾക്ക് മൂന്നിലൊരുഭാഗത്തിന് മാത്രമാണ് അർഹതയുള്ളത്.

ഇസ്ലാമിന് മുമ്പുള്ള കാലഘട്ടത്തിൽ നിന്നു വേണം ഇസ്ലാമിലെ സ്ത്രീയുടെ സ്ഥാനത്തെക്കു റിച്ച് മനസ്സിലാക്കാൻ. ചരിത്രകാരന്മാർ ഇതിനെ ജാഹിലിയ്യ കാലഘട്ടം എന്നു വിളിക്കുന്നു. പെൺകുട്ടികൾക്ക് ഒരു സ്ഥാനവും ഇല്ലാതിരുന്ന ജാഹിലിയ്യ കാലഘട്ടത്തിൽ ചില വ്യക്തികൾ പെൺകുഞ്ഞ് പിറക്കുന്നത് തന്നെ അപമാനമായി കരിതിയിരുന്നു. അൽ നഹൽ എന്ന സൂറത്തിൽ ഇപ്രകാരം വിമർശിക്കുന്നു – അവരിൽ ആർക്കെ ങ്കിലും ഒരു പെൺകുഞ്ഞ് ജനിച്ച വിവരം ലഭിച്ചാൽ കൊടിയ വിഷാദം മൂലം അവന്റെ മുഖം ഇരുളു ന്നു. നാണക്കേട് മൂലം അവൻ ജനങ്ങളിൽ നിന്ന് ഒളിച്ചു നടക്കുന്നു. അപമാനം സഹിച്ചുകൊണ്ട തിനെ വളർത്തണോ മണ്ണിൽ കുഴിച്ചുമൂടണോ എന്നവൻ ആലോചിച്ചുകൊണ്ടിരിക്കുന്നു. നോക്കൂ എത്ര ദുഷ്കരമാണ് അവരുടെ തീരുമാനം.

ഈ സാഹചര്യത്തിലാണ് ഖുർആൻ ആൺകു ട്ടികളോടും പെൺകുട്ടികളോടും ഒരുപോലെ പെരു മാറാൻ മാതാപിതാക്കളെ ഉദ്ബോധിപ്പിച്ചത്. കുട്ടി

കൾക്കിടയിൽ പക്ഷപാതിത്തമില്ലാതെ വളർത്തുന്നവരാണ് സ്വർഗ്ഗത്തിന് അവകാശികളായി അല്ലാഹു കൽപിച്ചിരിക്കുന്നത്.

ഇസ്ലാം അനുവദിച്ച ബഹുഭാര്യത്വവും വിവാഹമോചനവും സ്വത്തവകാശവും ജാഹിലിയ്യകാലത്തെ ഈ നിർദ്ദിഷ്ട സമൂഹത്തോടുള്ള ഉത്ബോധനം എന്ന നിലക്ക് കൂടി കാണേണ്ടതുണ്ട്. ഇഷ്ടം പോലെ ഭാര്യമാരെ സ്വീകരിക്കുകയും കയ്യൊഴിയുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇതിന് നിയന്ത്രണമേർപ്പെടുത്തുകയാണ് മുഹമ്മദ് നബി ചെയ്തത്. പരസ്പരം യുദ്ധം ചെയ്തിരുന്ന ഗോത്രസമൂഹങ്ങൾ ആയിരുന്നു അന്നുണ്ടായിരുന്നത്. നിരന്തരമായ യുദ്ധത്തിന്റെ ഫലമായി വിധവകളുടെയും അനാഥകളുടെയും എണ്ണം പെരുകി. ഇവരെ സംരക്ഷിക്കുക എന്നതും നബിയുടെ ലക്ഷ്യമായിരുന്നു. അതുകൊണ്ടുതന്നെ ബഹുഭാര്യത്വം സ്വീകരിക്കുന്നവർ വിധവകളെയും അനാഥകളെയുമാണ് സ്വീകരിക്കേണ്ടത് എന്നുവരുന്നു. അവർക്ക് തുല്യനീതി ഉറപ്പുവരുത്താനും അതിനു സാധ്യമല്ലെങ്കിൽ ഒരാളെ മാത്രം സ്വീകരിക്കാനും ഉദ്ബോധിപ്പിക്കുന്നു. ഈ സൂറത്തിൽ (അധ്യായം 4) തന്നെ മറ്റൊരിടത്ത് തുല്യനീതി ഉറപ്പുവരുത്താൻ ആവില്ലെന്ന് പറയുന്നുണ്ട്. (4:129) അതിനാൽ ബഹുഭാര്യത്വമല്ല ഏകഭാര്യത്വംതന്നെയാണ് ഇസ്ലാം നിർദ്ദേശിക്കുന്നത് എന്നും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ആദ്യഭാര്യയുടെ പൂർണ്ണസമ്മതം ഇതിനാവശ്യമാണ്. ആദ്യഭാര്യക്ക് ഏകഭാര്യയായിരിക്കണമെന്ന് വിവാഹ കരാറിൽ ഏർപ്പെടാനുള്ള സ്വാതന്ത്ര്യവുമുണ്ട്.

> **വിവാഹമോചനം അനുവദനീയമാണെങ്കിലും അല്ലാഹുവിങ്കൽ ഏറ്റവും വെറുക്കപ്പെട്ട സംഗതിയായി ഇത് വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. ഭാര്യഭർത്താക്കന്മാർ പരസ്പരം സഹിച്ചു ജീവിക്കുന്നതിനേക്കാൾ നല്ലത് പരസ്പരം ബഹുമാനത്തോടെ പിരിയുന്നതാണ് എന്നനുവദിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിന് അനേകം നിബന്ധനകളുണ്ട്. മധ്യസ്ഥർ ഇടപെട്ടു സംസാരിക്കണം. അത് പരാജപ്പെട്ടാൽ മൂന്നു മാസങ്ങൾ കൊണ്ട് മാത്രമെ വിവാഹമോചന ചടങ്ങുകൾ പൂർത്തിയാകൂ. ഈ കാലയളവിൽ ദമ്പതിമാർക്ക് അവരുടെ തീരുമാനം പുന:പരിശോധിക്കാവുന്നതാണ്.**

വിവാഹമോചനം അനുവദനീയമാണെങ്കിലും അല്ലാഹുവിങ്കൽ ഏറ്റവും വെറുക്കപ്പെട്ട സംഗതിയായി ഇത് വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. ഭാര്യഭർത്താക്കന്മാർ പരസ്പരം സഹിച്ചു ജീവിക്കുന്നതിനേക്കാൾ നല്ലത് പരസ്പരം ബഹുമാനത്തോടെ പിരിയുന്നതാണ് എന്നനുവദിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിന് അനേകം നിബന്ധനകളുണ്ട്. മധ്യസ്ഥർ ഇടപെട്ടു സംസാരിക്കണം. അത് പരാജപ്പെട്ടാൽ മൂന്നു മാസങ്ങൾ കൊണ്ട് മാത്രമെ വിവാഹമോചന ചടങ്ങുകൾ പൂർത്തിയാകൂ. ഈ




കാലയളവിൽ ദമ്പതിമാർക്ക് അവരുടെ തീരുമാനം പുന:പരിശോധിക്കാവുന്നതാണ്.

വിവാഹമോചനം സ്ത്രീക്കും പുരുഷനും ഇസ്ലാം വിധിക്കുന്നുണ്ട്. ഖുൽഅ്, മുബാറഅത്ത്, ഫസ്ഖ് എന്നീ മൂന്നു മാർഗ്ഗങ്ങളിലൂടെ സ്ത്രീക്ക് വിവാഹ മോചനം നേടാവുന്നതാണ്. ഇതിൽ ഖുൽഅ്ലും മുബാറത്തിലും വിവാഹമോചനം നൽകുന്നതിന് അധികാരം പുരുഷനാണ്. ഫസ്ഖ് സ്ത്രീക്ക് പുരുഷനെ ഒഴിവാക്കാനുള്ള അധികാരം

നൽകുന്നതാണ്. പക്ഷേ, എല്ലാത്തിനും ഉപാധിക ളോടെ മാത്രമെ അനുവാദം നൽകിയിട്ടുള്ളൂ.

സ്വത്തവകാശത്തെ സംബന്ധിച്ചും ഇന്ന് നില വിലുള്ള രീതിക്ക് പരിമിതിയുണ്ട് എന്ന് സമ്മ തിക്കാം. അതേസമയം പെൺകുട്ടികളെ ജീവ നോടെ കുഴിച്ചുമൂടിയിരുന്ന ഒരു കാലഘട്ടത്തി ലാണ് കുടുംബസ്വത്തിൽ അവർക്ക് അവകാശം നൽകുന്നതെന്നത് വിപ്ലവകരം തന്നെ.

സ്വത്തവകാശത്തെ സംബന്ധിച്ചും ഇന്ന് നില നിൽക്കുന്ന നിയമം ഒട്ടും നീതിയുക്തമല്ല എന്ന് നമുക്കറിയാം. അതേസമയം പെൺകുട്ടികളെ ജീവ നോടെ കുഴിച്ചുമൂടിയിരുന്ന കാലഘട്ടത്തിലാണ് കുടുംബസ്വത്തിൽ ഷംഷ അവർക്ക് അവ കാശങ്ങൾ നൽകിയത് എന്നുകൂടി ഓർക്കേണ്ടതു ണ്ട്. സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ പദവി നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടി അന്നത്തെ നിയമങ്ങൾ പരിഷ്കരിക്കുകയായി രുന്നു ഇസ്ലാം എന്ന് മനസ്സിലാക്കാൻ ഏറെ ബദ്ധ പ്പെടേണ്ടതില്ല. പക്ഷേ അതു കൊണ്ടുമാത്രം ഇന്ന് നിലനിൽക്കുന്ന വ്യത്യാസങ്ങളെ നീതികരിക്കാനാ വില്ല. പാരമ്പര്യ സ്വത്തിന്റെ മൂന്നിൽ രണ്ട് ഭാഗം മകനും മൂന്നിൽ ഒരു ഭാഗം മകൾക്കും എന്ന നില ക്കാണ് ഇന്ന് അനന്തരാവകാശം ലഭിക്കുന്നതിന് അർഹതയുള്ളത്. പെൺകുട്ടികൾ മാത്രമുള്ള കുടുംബത്തിൽ മാതാപിതാക്കൾ മരണപ്പെട്ടാൽ മൂന്നിൽ രണ്ടു ഭാഗം മാത്രമാണ് സ്വന്തം കുടുംബ ത്തിൽ നിന്ന് പെൺകുട്ടികൾക്ക് ലഭിക്കുക. മാതാ പിതാക്കൾ ജീവിച്ചിരിക്കെ മകൻ മരണപ്പെട്ടാൽ കുടുംബസ്വത്തിൽ മകന്റെ കുട്ടികൾക്ക് അവകാ ശമില്ല. മക്കളില്ലാതെ ഭാര്യ മരണപ്പെട്ടാൽ ഭാര്യ യുടെ സ്വത്തിന്റെ പകുതി ഭർത്താവിന് അവകാശ പ്പെട്ടതാണെങ്കിൽ ഭർത്താവിന്റെ സ്വത്തിൽ നാലി ലൊന്നിന് മാത്രമാണ് ഭാര്യക്ക് അവകാശമുള്ളത്. മക്കൾ ഉണ്ടെങ്കിൽ ഭാര്യക്ക് എട്ടിൽ ഒന്നിന് മാത്രമെ അവകാശമുള്ളൂ. ഭർത്താവിന് നാലിലൊ ന്നാണ് അപ്പോൾ വിഹിതം. അവിവാഹിതനായ മകൻ മരണപ്പെട്ടാൽ അവന്റെ സ്വത്തിന്റെ ആറിൽ അഞ്ചുഭാഗം പിതാവിനും ആറിൽ ഒരു ഭാഗം മാതാ വിനും അവകാശം ലഭിക്കും.

ഈ പിന്തുടർച്ചാവകാശ നിയമങ്ങളെല്ലാം ഗോത്രവർഗ്ഗ സങ്കൽപ്പത്തിന്റെ ഭാഗമാണെന്ന് വ്യക്തമാണ്. മാതാപിതാക്കൾ ജീവിച്ചിരിക്കെ, മകൻ മരണപ്പെട്ടാൽ അവരുടെ മക്കൾ ഈ ഗോത്ര സങ്കൽപ്പത്തിനകത്ത് സുരക്ഷിതരായിരിക്കുമെന്നു റപ്പാണ്. അതുപോലെ അനാഥരായിപ്പോകുന്ന പെൺകുട്ടികളുടെ സംരക്ഷണവും ഉറപ്പാക്കാൻ ഈ വ്യവസ്ഥയിൽ കഴിഞ്ഞിരിക്കാമെങ്കിലും അതേ ജീവിത വ്യവസ്ഥ വെച്ച് ഇന്നത്തെ ജീവിതരീതി യെയും മൂല്യങ്ങളെയും അളക്കാനാവില്ല. പല പ്പോഴും സ്വത്തവകാശത്തിന്റെ പേരിൽ വീട്ടിൽ നിന്നിറക്കിവിടുന്ന അവസ്ഥപോലും ഉണ്ടാവുന്നു ണ്ട്. യത്തീമിന്റെ സംരക്ഷണം സമുദായത്തിന്റെ ബാധ്യതയായി നാം കണക്കാക്കുമ്പോൾ ഈ സമുദായ നിയമങ്ങൾതന്നെ യത്തീമാക്കി പല രെയും തെരുവിൽ ഇറക്കുന്നുണ്ട്. ഈ നിയമങ്ങ ളിൽ പലതും അതിന്റെ വിശദീകരണത്തിൽ വ്യാഖ്യാന സാധ്യത തരുന്നതാണ് എന്നതും പ്രധാ നമാണ്.

പുരുഷന് മൂന്നിൽ രണ്ട് ഭാഗം കുടുംബസ്വ ത്തിൽ അവകാശം കൊടുക്കുമ്പോൾ അതിനോ ടൊപ്പം കുടുംബത്തിന്റെ ഉത്തരവാദിത്വം അയാ ളുടെ ബാധ്യതയാണ് എന്നനുശാസിക്കുന്നുണ്ട്. സ്ത്രീകൾക്ക് ലഭിക്കുന്ന മൂന്നിലൊരുഭാഗം സ്വന്തം ഇഷ്ടപ്രകാരം ചെലവാക്കാവുന്നതാണ്. ഇത്തരം ചുമതലകളൊന്നും സ്ത്രീകൾക്ക് ഇസ്ലാം അനു ശാസിക്കുന്നില്ല. ഇതനുസരിച്ച് ഏതെങ്കിലും സാഹ ചര്യത്തിൽ കുടുംബ ചുമതലകൾ വഹിക്കുന്നത് സ്ത്രീയാണെങ്കിൽ ഈ നിയമം എങ്ങനെ നടപ്പാ ക്കണമെന്നതിനെക്കുറിച്ച് പുതിയ വ്യാഖ്യാനങ്ങ ളാവാം. ഇസ്ലാം രൂപപ്പെട്ട അന്ന് സ്ത്രീകളുടെ മാന്യത ഉറപ്പാക്കാൻ വേണ്ടി ഇടപെട്ട ഇസ്ലാം

> **“വിവാഹമോചനം സ്ത്രീക്കും പുരുഷനും ഇസ്ലാം വിധിക്കുന്നുണ്ട്. ഖുർഅ്, മുബാറഅത്ത്, ഫസ്ഖ് എന്നീ മൂന്നു മാർഗ്ഗങ്ങളിലൂടെ സ്ത്രീക്ക് വിവാഹ മോചനം നേടാവുന്നതാണ്. ഇതിൽ ഖുൽഅ്ലും മുബാറത്തിലും വിവാഹ മോചനം നൽകുന്നതിനു അധികാരം പുരുഷനാണ്. ഫസ്ഖ് സ്ത്രീക്ക് പുരുഷനെ ഒഴിവാക്കാനുള്ള അധി കാരം നൽകുന്നതാണ്. പക്ഷേ, എല്ലാത്തിനും ഉപാധികളോടെ മാത്രമെ അനുവാദം നൽകിയിട്ടുള്ളൂ.**

ഇന്ന് സ്ത്രീകളോടുള്ള വിവേചനങ്ങൾക്കെതിരെയാണ് നിലയുറപ്പിക്കേണ്ടത്. അതായത് ഇസ്ലാമിക കാഴ്ചപ്പാടിൽ തന്നെ എതിർക്കപ്പെടേണ്ടതാണ് ഇത്തരം പക്ഷാപാതങ്ങൾ.

ഖുർആനിലെ നിയമങ്ങളും നിലവിലുള്ള വ്യക്തിനിയമങ്ങളും തമ്മിലുള്ള വലിയ അന്തരവും ഈ അനീതിക്ക് വലിയ കാരണമാണ്. എന്തുകൊണ്ടീ വിടവ്? ശരീഅത്ത് നിയമങ്ങളുടെ അടിസ്ഥാന ഘടകങ്ങളും അതിന്റെ ചരിത്രവും ഇത് വ്യക്തമാക്കും.

ഖുർ ആനിനു പുറമെ മറ്റ് പല ഘടകങ്ങളും ശരീഅത്ത് നിയമങ്ങൾക്കടിസ്ഥാനമായി സ്വീകരിച്ചിട്ടുണ്ട്.

ഹദീസ് – പ്രവാചക ചര്യകൾ പിൽക്കാലത്ത് ക്രോഡീകരിക്കപ്പെട്ടവ

ഇജ്മഅ് – പ്രവാചകനുശേഷം വന്ന പണ്ഡിതരുടെ കൂട്ട അഭിപ്രായം

ഖിയാസ് – കീഴ്വഴക്കങ്ങൾ മുൻ നടപ്പനുസരിച്ചുള്ള വിധി പുതിയതിനും ബാധകമാക്കുക.

ഇവയെക്കുറിച്ചൊന്നും അറിവില്ലാത്ത ബ്രിട്ടീഷുകാർ മുഗളന്മാരുടെ കാലത്തെ ഫത്വകൾ (മതവിധികൾ) ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി. ഇന്നും ഇന്ത്യൻ ശരീഅത്തിനടിസ്ഥാനമായി നിൽക്കുന്ന ഒരു ഗ്രന്ഥം ഹാമിൽട്ടന്റെ ഹിദായ യാണ്. മുഗൾഭരണകാലത്ത് രാജ്യതാൽപര്യങ്ങൾക്കനുസൃതമായി വിവർത്തനം ചെയ്ത ഗ്രന്ഥം. ഇതിന്റെ ഫലമായി സ്ത്രീകൾക്കുണ്ടായിരുന്ന പല ആനുകൂല്യങ്ങളും ബ്രിട്ടീഷിന്ത്യൻ കോടതികൾ നിരസിക്കുന്നു. ഇതിൽ പ്രധാനമാണ് സ്ത്രീകൾക്ക് വിവാഹമോചനത്തിനുള്ള അവകാശം. അന്ന് മതപരിവർത്തനം മാത്രമായിരുന്നു സ്ത്രീകൾക്ക് വിവാഹമോചനത്തിനുള്ള ഏകമാർഗ്ഗം. 1939 A Dissolution of Muslim Marriage Act പാസ്സാക്കിയതിലൂടെയാണ് കോടതി മുഖേനയെങ്കിലും സ്ത്രീകൾക്ക് വിവാഹമോചനത്തിനുള്ള അവകാശം കൈവന്നത്. വിധവാ വിവാഹത്തിനും തടസ്സമുണ്ടായിരുന്നില്ല. എങ്കിലും ഇന്ന് നിലനിൽക്കുന്ന നിയമങ്ങൾ എത്രമാത്രം മതപരമാണെന്ന് ഇത് വ്യക്തമാക്കും.

ഹാമിൽട്ടന്റെ ഹിദായക്ക് ഖുർആനുമായോ മറ്റ് മതഗ്രന്ഥങ്ങളുമായോ ഉള്ള ബന്ധം വളരെ പരിമിതമാണ്. ഇസ്ലാം അനുവദിക്കുന്ന വിധികൾക്ക് ഇവിടെ നിയമ സാധുതയുമില്ല. എങ്കിലും ഇന്ത്യയിലെ മറ്റ് മതവിഭാഗങ്ങളെ അപേക്ഷിച്ച് മുസ്ലീം സ്ത്രീകളുടെ അവകാശങ്ങൾ മെച്ചപ്പെട്ടതായിരുന്നുവെന്നും കാണാം. സ്വത്തവകാശത്തിനും വിവാഹമോചനത്തിനും ഇവിടെ ആദ്യം അവകാശം ലഭിച്ചത് മുസ്ലീം സ്ത്രീകൾക്കാണ്. സ്ത്രീക്ക് നീതി ഉറപ്പുവരുത്താൻ പരിശ്രമിച്ച ഇസ്ലാമിക കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഈ വ്യക്തി നിയമത്തെ പരിഷ്കരിക്കുകയാണ് വേണ്ടത്. ഇസ്ലാം രൂപപ്പെട്ട കാലത്ത് സ്ത്രീകൾക്ക് മൂന്നിലൊരുഭാഗം സ്വത്തവകാശം നൽകിയപ്പോൾ യൂറോപ്യൻ രാജ്യങ്ങളിൽ സ്ത്രീകൾക്ക് സ്വത്തവകാശം ഇല്ലെന്നു മാത്രമല്ല, വിവാഹിതയാവുന്നതോടെ സ്ത്രീകൾക്ക് സിവിൽ മരണം സംഭവിക്കുന്നതിന് തുല്യമായിരുന്നു സ്ത്രീകളുടെ പദവി. സ്വന്തം അവകാശ പ്രമാണങ്ങളിൽപോലും ഒപ്പുവെക്കേണ്ടത് ഭർത്താവായിരുന്നു. ഇസ്ലാമിക കാഴ്ചപ്പാടാണ് ഇന്ത്യയിലെ പുതിയ വ്യക്തിനിയമ പരിഷ്കരണത്തിനും ഇന്ന് നമുക്കാവശ്യം. വ്യക്തികളെന്ന നിലക്ക് മനുഷ്യരെ പരിഗണിച്ചുകൊണ്ട് അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കണക്കിലെടുത്തുകൊണ്ട് നിലനിൽക്കുന്ന പിന്തുടർച്ചാവകാശങ്ങളിലും പരിഷ്ക്കരണമുണ്ടാവേണ്ടത് അത്യാവശ്യമാണ്. മേരി റോയ് ജീവിച്ചിരുന്നിടത്ത് ഈ അവകാശങ്ങളിലേക്കുയരാൻ മുസ്ലീം സ്ത്രീകൾ വൈകിയതെന്തുകൊണ്ടെന്ന സംശയം മാത്രമാണിന്ന് ബാക്കിയാവുന്നത്.

നിലവിലുള്ള നിയമം മാറേണ്ടത് ഇന്ന് സ്ത്രീകളുടെ മാത്രം ആവശ്യമല്ല. ഇത് സ്ത്രീകളുടെ മാത്രം പ്രശ്നവുമല്ല. പെൺമക്കൾക്ക് അവകാശമില്ലാതാവുന്നത് ആണുങ്ങളുടെയും പെണ്ണുങ്ങളുടെയും പ്രശ്നമായിത്തന്നെ കാണേണ്ടതുണ്ട്. എന്നോ മതിപ്പില്ലാതെ പോയ ഇതിലെ നിയമവ്യവസ്ഥകളും ചട്ടങ്ങളും മാറേണ്ടത് സമുദായത്തിന്റെ മുഴുവൻ ആവശ്യമാണ്. പെൺകുട്ടികൾ

> **പുരുഷന് മൂന്നിൽ രണ്ട് ഭാഗം കുടുംബസ്വത്തിൽ അവകാശം കൊടുക്കുമ്പോൾ അതിനോടൊപ്പം കുടുംബത്തിന്റെ ഉത്തരവാദിത്ത്വം അയാളുടെ ബാധ്യതയാണ് എന്നനുശാസിക്കുന്നുണ്ട്. സ്ത്രീകൾക്ക് ലഭിക്കുന്ന മൂന്നിലൊരുഭാഗം സ്വന്തം ഇഷ്ടപ്രകാരം ചെലവാക്കാവുന്നതാണ്. ഇത്തരം ചുമതലകളൊന്നും സ്ത്രീകൾക്ക് ഇസ്ലാം അനുശാസിക്കുന്നില്ല.**

മാത്രമുള്ള മാതാപിതാക്കൾ ആരെങ്കിലും ഈ നിയമത്തിൽ ആശങ്കപ്പെടാതെ ഉണ്ടെന്ന് ഇന്ന് നമുക്ക് വിശ്വസിക്കാനാവില്ല. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും സ്വത്തുവിഭജനത്തിലുള്ള വ്യത്യാസത്തിന് നൽകുന്ന വിശദീകരണത്തിൽ പറയുന്നത് പെൺകുട്ടികൾക്ക് ലഭിക്കുന്ന സ്വത്തിന് ഉപാധികളില്ല എന്നതാണ്. അത് അവർക്ക് സ്വതന്ത്രമായി ചെലവഴിക്കാം. ആൺകുട്ടികൾക്കാകട്ടെ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനുള്ള ചുമതലയുണ്ട്. ഇത് പുതിയ കാലത്തിനനുസരിച്ച് വ്യാഖ്യാന സാധ്യത നൽകുന്നതുമാണ്. പെൺകുട്ടികൾക്ക് സംരക്ഷണ ചുമതല വരുന്ന ഘട്ടങ്ങളിൽ/കുടുംബങ്ങളിൽ ഈ അധിക പങ്ക് പെൺകുട്ടികൾക്കവകാശപ്പെട്ടതല്ലേ? വീണ്ടും ഇതിൽ തർക്കങ്ങളുണ്ടാവാതിരിക്കാൻ നല്ലത് ചുമതലയും ഒരേ വിഹിതത്തിൽ നൽകുന്നതാണ്. പെൺകുട്ടികൾ മറ്റൊരു വീട്ടിലേക്ക് പേകേണ്ടവർ അവിടുത്തെ കാര്യങ്ങൾ നോക്കേണ്ടവർ എന്നിങ്ങനെ വേർതിരിക്കുന്നതിനും ഇനി വലിയ അടിസ്ഥാനം ഉണ്ടായിക്കൊള്ളണമെന്നില്ല. അതുകൊണ്ട് മാതാപിതാക്കളെ സംരക്ഷിക്കുന്ന കാര്യത്തിൽ തുല്യപങ്കാളിത്തം രണ്ടു കൂട്ടർക്കും ആവശ്യമാണ്. അത് പിന്തുടർച്ചാകാശം ഒന്നും ഇല്ലാത്തിടത്തും ബാധകമാകുന്ന കാര്യം തന്നെ. സ്വത്തവകാശത്തോടൊപ്പം ഈ മൂല്യബോധം കൂടിയാണ് നാം പങ്കുവെക്കുന്നത്.

മുസ്ലീം വ്യക്തിനിയമത്തിലെ പിന്തുടർച്ചാവകാശങ്ങളിലെ ഈ വിവേചനങ്ങൾക്കെതിരെ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. സുപ്രീം കോടതിയിൽ നൽകിയ സ്പെഷൽ ലീവ് പെറ്റിഷൻ കേസിൽ, കോടതി കേരള സർക്കാരിനോട് നിലപാട് അറിയിക്കാൻ ആവശ്യപ്പെടുകയുണ്ടായി എന്നാണ് മനസ്സിലാക്കാനായത്. സർക്കാറായാലും മത നേതൃത്വമായാലും മത നിയമവും സ്ത്രീകളുടെ അവകാശങ്ങളും തമ്മിലുള്ള തർക്കമായി ഇപ്പോഴിതിനെ കാണരുതെന്നാണ് എനിക്ക് തോന്നുന്നത്. നമുക്കു ചുറ്റുമുള്ള അനുഭവങ്ങളിൽ നിന്നു തന്നെ ഇത് ഇന്ന് മുസ്ലീം സമുദായം നേരിടുന്ന പ്രശ്നമാണ് എന്നത് വ്യക്തമാണ്. അതിനെ തിരുത്തേണ്ടതും മറികടക്കേണ്ടതും മുസ്ലീം മത നിയമങ്ങൾക്കനുസൃതമായി ജീവിക്കുന്ന ഓരോ വ്യക്തിയുടെയും കടമയാണ്.

നിലവിലെ ചീഫ് ജസ്റ്റീസ് ഓഫ് ഇന്ത്യ ഡി.വൈ ചന്ദ്രചൂഡ് ആണെന്നുള്ളത് ഈ കേസിൽ അനുകൂല വിധി ഉണ്ടാവുന്നതിന് ഏറെ സാധ്യതയുള്ള ഒരു ഘടകമായി ഞാൻ കാണുന്നു. സ്ത്രീകൾക്ക് ഗർഭഛിദ്രത്തിനുള്ള അവകാശം നല്കുന്ന വിധിയിൽ, അത് ഒരു വ്യക്തിക്ക് അവരുടെ ശരീരത്തിലുള്ള സ്വയം നിർണ്ണയാവകാശത്തിന്റെ ഭാഗമായി തന്നെ വിലയിരുത്തിയ ശക്തമായ നിരീക്ഷണങ്ങൾ ഉണ്ടായിരുന്നു എന്നോർക്കുന്നുണ്ട്. അതുപോലെ ഇന്ത്യയിലെ ലൈംഗിക ന്യൂനപക്ഷങ്ങളുടെ കാര്യത്തിലും അദ്ദേഹത്തിന്റെ നിലപാടുകളാണ് LGBTIQAക്ക് അഭിമാനത്തോടെ ഇവിടെ നിലനിൽക്കാനുള്ള സാധ്യത തന്നത്. ആണും പെണ്ണും മാത്രമായി മനുഷ്യരെ കാണുന്ന ലോക ബോധത്തെ തന്നെ വിമർശിച്ച വ്യക്തിയാണ് ഇദ്ദേഹം. ഇങ്ങനെ നമ്മുടെ സാമാന്യബോധത്തെ തന്നെ ചോദ്യം ചെയ്യുകയും തിരുത്തുകയും ചെയ്തുകൊണ്ട് ഇന്ത്യയിൽ ചരിത്രം കുറിച്ച വ്യക്തിയാണ് ജസ്റ്റീസ് ചന്ദ്രചൂഡ്. അദ്ദേഹം മുസ്ലീം പിന്തുടർച്ചാവകാശത്തിന്റെ കാര്യത്തിലും സംവേദനക്ഷമമായ നിലപാടെടുക്കുമെന്നതിൽ സംശയമില്ല.

**പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും സ്വത്തുവിഭജനത്തിലുള്ള വ്യത്യാസത്തിന് നൽകുന്ന വിശദീകരണത്തിൽ പറയുന്നത് പെൺകുട്ടികൾക്ക് ലഭിക്കുന്ന സ്വത്തിന് ഉപാധികളില്ല എന്നതാണ്. അത് അവർക്ക് സ്വതന്ത്രമായി ചെലവഴിക്കാം. ആൺകുട്ടികൾക്കാകട്ടെ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനുള്ള ചുമതലയുണ്ട്. ഇത് പുതിയ കാലത്തിനനുസരിച്ച് വ്യാഖ്യാന സാധ്യത നൽകുന്നതുമാണ്. പെൺകുട്ടികൾക്ക് സംരക്ഷണ ചുമതല വരുന്ന ഘട്ടങ്ങളിൽ/കുടുംബങ്ങളിൽ ഈ അധിക പങ്ക് പെൺകുട്ടികൾക്കവകാശപ്പെട്ടതല്ലേ?**

അപ്പോഴിത് മുസ്ലീങ്ങൾക്കെതിരായ വിധി എന്ന് പറഞ്ഞ് അപഹസിക്കരുതെന്നാണ് സമുദായ സംഘടനകളോട് പറയാനുള്ളത്. സംഘബോധമുള്ളവരെന്നാൽ മതത്തിനകത്തു ജീവിക്കുന്നവരുടെ ജീവിത പ്രശ്നങ്ങളെക്കൂടി കണിക്കിലെടുക്കുന്നവരാകട്ടെ.



**ഡോ. ഷീന ഷുക്കൂർ**
ഹെഡ് ഓഫ് ദ ഡിപ്പാർട്ട്മെന്റ്
സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്
കണ്ണൂർ സർവ്വകലാശാല



# മുസ്ലിം പിൻതുടർച്ചാവകാശ നിയമം : ഗവേഷണം അടഞ്ഞ അധ്യായമോ ?

സമ്പത്ത് ചെറുതായാലും വലുതായാലും മാതാപിതാക്കളും അടുത്ത ബന്ധുക്കളും ശേഷിപ്പിച്ചതിൽ നിന്ന് സ്ത്രീ പുരുഷന്മാർക്ക് ഒരു വിഹിതമുണ്ട് – നിയമപരമായ വിഹിതം, ഓഹരികൾ നിർണ്ണയിക്കുന്നത് അല്ലാഹുവാണ് – ഖുറാൻ 4–ാം അധ്യായം 7.

(There is a share for men and share for women, from what is left by parents and those nearest relatives whether the property be small or large - the legal share, the shares are determined by Allah - Quran chapter 4 verse 7)

ഒരു മനുഷ്യൻ തന്റെ ജീവിതകാലത്ത് ആർജിച്ചതോ പരമ്പരാഗതമായി അയാൾക്ക് സിദ്ധിച്ചതോ ആയ മുതലുകളിൽ നിന്ന് അയാളുടെ ജീവിത കാലത്ത് ഉപയോഗിച്ചതും ഉത്തരവാദിത്തങ്ങൾ നിറവേറ്റിയതിനും ശേഷം അയാളുടെ മരണത്തോടെ ബാക്കിയാവുന്നതുമാണ് അനന്തരമുതലുകൾ'. ഇങ്ങിനെ ബാക്കിയാവുന്ന മുതലുകൾ അടുത്ത തലമുറയിലേക്ക് കൈമാറുന്ന അവകാശത്തെയാണ് അനന്തരാവകാശം എന്ന് പറയുന്നത്. ഇസ്ലാമിക നിയമം (ശരീഅ) അടിസ്ഥാനമാക്കുന്നത് നാല് ഘടകങ്ങളെയാണ്' . '

1.ഖുർആൻ
2.പ്രവാചക ചര്യ (സുന്ന)
3.ഇജ്മ (ഗവേഷണം – സമവായം)
4.ഖിയാസ് (യുക്തി )

ഇതിൽ നിന്നും വ്യക്തമാവുന്നത് ഏക സ്രോതസ്സിൽ നിന്നല്ല ശരീഅ രൂപപ്പെട്ടത് എന്നാണ്.

കാലാകാലങ്ങളായി പണ്ഡിതരും ഗവേഷകരും അതാതു കാലങ്ങളിൽ ഉയരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിന് ഇസ്ലാം എതിരല്ല എന്നാണ്. ആയിരത്തിനാന്നൂറ് വർഷം മുൻപ് ഗോത്രങ്ങളും കൂട്ടുകുടുംബ വ്യവസ്ഥയും നിലനിന്നിരുന്ന കാലത്ത് അറബിനാടുകളിൽ സ്ത്രീകൾക്ക് സ്വത്തവകാശി ഇല്ലാതിരുന്ന കാലത്താണ് പ്രവാചകൻ സ്ത്രീക്ക് (മുസ്ലിം)സ്വത്തവകാശം അനുവദിച്ചത്. സ്വത്തവകാശം അനുവദിച്ച ഖുർആന്റെ ലക്ഷ്യം സ്ത്രീകൾക്ക് അവകാശം ഉയർത്തിപ്പിടിക്കുക എന്നതായിരുന്നു. എന്നാൽ ഗോത്രസമൂഹവും കൂട്ടുകുടുംബ വ്യവസ്ഥിതിയും മനുഷ്യന്റെ സാംസ്കാരിക സാമൂഹ്യശാസ്ത്ര വളർച്ചയോടൊപ്പം ഘട്ടം ഘട്ടങ്ങളായി ജനാധിപത്യ അണുകുടുംബങ്ങളിലേക്കു വഴി മാറുകയും ഇന്ത്യ പോലുള്ള മതേതര ജനാധിപത്യ രാജ്യത്ത് മുസ്ലിംങ്ങളല്ലാത്ത സ്ത്രീകൾ നിരന്തരമായ പോരാട്ടത്തിലൂടെ പുരുഷന് തുല്യമായ അവകാശം അനന്തര സ്വത്തിൽ നേടിയെടുക്കുകയും ചെയ്ത വർത്തമാന സാഹചര്യത്തിൽ മുസ്ലിം സ്ത്രീക്കും അനന്തരസ്വത്തിൽ തുല്യ അവകാശം ലഭിക്കണമെന്നുള്ളത് മിതമായ ഭാഷയിൽ പറഞ്ഞാൽ അടിസ്ഥാന മനുഷ്യാവകാശമാണ് . എന്നാൽ സ്വാതന്ത്ര്യത്തിനു ശേഷം മുസ്ലിം സ്ത്രീകൾ, പൗരാവകാശ പ്രവർത്തകർ തുടങ്ങി പലരും ഈ ആവശ്യം ഉന്നയിച്ചുവെങ്കിലും ഭരണകൂടം ഇതിനു ചെവി കൊടുത്തിരുന്നില്ല . കാലാകാലങ്ങളായി മുസ്ലിം ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകളെ ജനാധിപത്യ പ്രക്രിയയിൽ നിന്നും അധികാരസ്ഥാനങ്ങളിൽ നിന്നും ബോധപൂർവം മാറ്റി നിർത്തി പുരുഷ മേൽക്കോയ്മ ഉറപ്പിക്കുന്നതിൽ വലിയ തോതിൽ വിജയം കൈവരിച്ചിട്ടുണ്ട് .പ്രത്യേകിച്ചും കേരളത്തിലെ മതാധിഷ്ഠിത പാർട്ടികൾ ആ കാര്യത്തിൽ സമ്പൂർണമായും മത യാഥാസ്ഥിതികരുടെ പിന്തുണയോടെ മികച്ച രീതിയിൽ അതു നടപ്പാക്കിയിട്ടുണ്ടെന്നു 1968നു ശേഷമുള്ള കേരള രാഷ്ട്രീയം പരിശോധിച്ചാൽ മനസ്സിലാവും. ഇത്തരമൊരു ഘട്ടത്തിൽ മുസ്ലിം സ്ത്രീകൾക്കും പുരുഷൻമാർക്കും ഭാര്യക്കും ഭർത്താവിനും അനന്തര സ്വത്തിൽ ആധുനിക ജനാധിപത്യ മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാവുന്ന രീതിയിൽ നിയമം അനുശാസിക്കുക വഴി നിലവിൽ സ്പെഷ്യൽ മാരേജ് ആക്ട് sec 15 പ്രകാരമുള്ള രജിസ്ട്രേഷൻ മാത്രമേ കരണീയമായിട്ടുള്ളൂ എന്ന ബോധ്യത്തിൽ നിന്നാണ് അന്തർ ദേശിയ വനിതാ ദിനമായ മാർച്ച് 8 നു ഞാനും ഷുക്കൂർ വക്കീലും ഞങ്ങൾ 1994 ഒക്ടോബർ ആറാം തിയതി നിക്കാഹ് വഴി നടത്തിയ വിവാഹം രജിസ്റ്റർ ചെയ്തത് . ഞങ്ങളുടെ 3 പെൺകുട്ടികളും രജിസ്ട്രേഷനു സാക്ഷികളായിരുന്നു. എന്നാൽ ഇത് ഒരു ശാശ്വത പരിഹാരമല്ല . പാർട്ണർ മരിച്ച ആൾക്കോ വിവാഹബന്ധം വേർപെടുത്തിയ ആൾക്കോ ഈ രജിസ്ട്രേഷൻ സാധ്യമാവുകയില്ല .



ഇങ്ങിനെ SMA പ്രകാരം വിവാഹം രജിസ്റ്റർ ചെയ്താൽ അവർക്കു ആക്ട് 1925 ആണ് ബാധകമാവുക. ഈ ആക്ടിൽ സ്ത്രീപുരുഷ സമത്വവും ഭാര്യയുടെ അവകാശവും ഉറപ്പാക്കുന്നുണ്ട് .

ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുന്നതിനു മുൻപ് രാജ്യത്തെ വിവിധ ദേശങ്ങളിൽ വ്യത്യസ്ത നിയമമാണ് ഉണ്ടായിരുന്നത് . വടക്കെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആചാര നിയമമനുസരിച്ച് സ്ത്രീകൾക്ക് സ്വത്തവകാശം പോലും ഉണ്ടായിരുന്നില്ല. അത്തരം Customary നിയമങ്ങൾ ബ്രിട്ടീഷ് കോടതികൾ അംഗീകരിച്ചിരുന്നു, എന്നാൽ തെക്കേ ഇന്ത്യയിൽ പ്രതേകിച്ച് മദ്രാസിൽ, അതിൽ നിന്ന് വിഭിന്നമായി സ്ത്രീകൾക്ക് കൂടുതൽ പ്രാമുഖ്യമുണ്ടായിരുന്നു. മാപ്പിള മരുമക്കത്തായം നിയമം Mappila Succession Act , പോലുള്ള നിയമങ്ങളാണ് അന്ന് ഉണ്ടായിരുന്നത്'. ഇത്തരം ഒരു പശ്ചാ

ത്തലത്തിൽ വടക്കേ ഇന്ത്യയിലെ മുസ്ലിംകൾ ബ്രിട്ടീഷ് അധികാരികൾക്ക് നൽകിയ നിവേദനത്തിന്റെ പുറത്താണ് 1939 ൽ ശരീഅത്ത് അപ്ലിക്കേഷൻ നിയമം ബ്രിട്ടീഷ് പാർലമെന്റ് പാസ്സാക്കിയത് '. വെറും 6 സെക്ഷൻ ഉള്ള നിയമം - വിവാഹം, വിവാഹമോചനം, കൃഷിഭൂമിയല്ലാത്ത ഭൂമിയിലെ അനന്തരാവകാശം, ചെലവ് ദത്തവകാശം തുടങ്ങിയ കാര്യങ്ങളിൽ ഇന്ത്യയിലെ മുസ്ലിംകൾക്ക് ശരീഅത്താണ് ബാധകമെന്ന് പ്രഖ്യാപിക്കുകയാണുണ്ടായത് . എന്നാൽ പ്രസ്തുത നിയമം എന്താണ് ശരീഅ എന്ന് നിർവചിച്ചിട്ടില്ല .1906 ൽ D.H .Mulla എന്ന പണ്ഡിതൻ എഴുതിയ Principles of Mohammedan Law എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി രാജ്യത്തെ വിവിധ കോടതികൾ എടുക്കുന്ന തീരുമാനങ്ങളാണ് പിന്നീട് രാജ്യത്ത് ശരീഅ എന്ന നിലയിൽ സ്വീകരിക്കപ്പെട്ട് പോന്നിട്ടുള്ളത്. 1906 നു ശേഷം ഉണ്ടായിട്ടുള്ള സാമൂഹിക സാമ്പത്തിക സാംസ്കാരിക ശാസ്ത്രീയ മാറ്റങ്ങൾ അതുകൊണ്ടുതന്നെ ശരിഅ നിയമത്തിൽ പ്രതിഫലിക്കുന്നില്ല'. എന്നാൽ 1939 ൽതന്നെ ആ നിയമത്തിലെ അപാകത മനസ്സിലാക്കി ക്കേഷൻ ആക്ട് മുസ്ലിം സ്ത്രീയുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ പരാജയം ആണ് എന്നാണ്.

ആധുനിക ജനാധിപത്യ സാസ്കാരിക മൂല്യങ്ങളോട് ചേർന്ന് പോകാത്ത വ്യാഖ്യാനമാണ് Principles of Mohammedan Law യിൽ സ്വത്തവകാശവുമായി ബന്ധപ്പെട്ട് കാണാൻ കഴിയുക.

മക്കളുടെ കാര്യത്തിൽ പെൺമക്കൾക്ക് ലഭിക്കുന്നതിന്റെ ഇരട്ടി സ്വത്തിന് അവകാശം ആൺമക്കൾക്ക് ഉണ്ട്. പെൺമക്കൾ മാത്രമുള്ള കുടുംബത്തിന്റെ അവകാശം അതിലും സങ്കീർണ്ണമാണ്' . ഒരൊറ്റ മകളാണെങ്കിൽ ആ മകൾക്ക് പകുതി അവകാശം മാത്രമെ ലഭിക്കൂ . ഒന്നിൽ കൂടുതൽ പെണ്മക്കൾ മാത്രമാണെങ്കിൽ അവർക്കു സ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗം ലഭിക്കും - ബാക്കി സ്വത്തിനവകാശിയായി വരുന്നത് മരിച്ചയാളുടെ ( അത് ഉമ്മയാണെങ്കിലും, ഉപ്പയാണെങ്കിലും) സഹോദരന്മാരാണ്. എന്നാൽ ആൺ മക്കൾ ഉണ്ടെങ്കിൽ മരിച്ചയാളുടെ സഹോദരന് അവകാശമില്ല. ആണുണ്ടെങ്കിൽ മാത്രമേ അച്ഛനമ്മമാരുടെ മുഴുവൻ സ്വത്തിനും മക്കൾക്ക് അവകാശമുള്ളു എന്ന നിയമം ക

> **മക്കളുടെ കാര്യത്തിൽ പെൺമക്കൾക്ക് ലഭിക്കുന്നതിന്റെ ഇരട്ടി സ്വത്തിന് അവകാശം ആൺമക്കൾക്ക് ഉണ്ട്. പെൺമക്കൾ മാത്രമുള്ള കുടുംബത്തിന്റെ അവകാശം അതിലും സങ്കീർണ്ണമാണ്' . ഒരൊറ്റ മകളാണെങ്കിൽ ആ മകൾക്ക് പകുതി അവകാശം മാത്രമെ ലഭിക്കൂ . ഒന്നിൽ കൂടുതൽ പെണ്മക്കൾ മാത്രമാണെങ്കിൽ അവർക്കു സ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗം ലഭിക്കും - ബാക്കി സ്വത്തിനവകാശിയായി വരുന്നത് മരിച്ചയാളുടെ ( അത് ഉമ്മയാണെങ്കിലും, ഉപ്പയാണെങ്കിലും) സഹോദരന്മാരാണ്. എന്നാൽ ആൺ മക്കൾ ഉണ്ടെങ്കിൽ മരിച്ചയാളുടെ സഹോദരന് അവകാശമില്ല. ആണുണ്ടെങ്കിൽ മാത്രമേ അച്ഛനമ്മമാരുടെ മുഴുവൻ സ്വത്തിനും മക്കൾക്ക് അവകാശമുള്ളു എന്ന നിയമം കടുത്ത ലിംഗവേർതിരിവാണ്..**

Dissolution of Muslim Marriages Act 1939 (സ്ത്രീകൾക്ക് വിവാഹ മോചനത്തിനായുള്ള നിയമം ), Muslim Women Protection of Rights on Divorce, Act 1986 (വിവാഹമോചന ശേഷമുള്ള അവകാശങ്ങൾ) Muslim Women Protection of Rights on Marriage Act 2019 മുത്തലാക്ക് തടഞ്ഞ നിയമം എന്നിവ രാജ്യത്തെ നിയമ നിർമ്മാണ സഭകൾ അംഗീകരിച്ചു. ഈ മൂന്ന് നിയമങ്ങളും വ്യക്തമാക്കുന്നത് 1939 ലെ ശരീഅത്ത് അപ്ലി

ടുത്ത ലിംഗവേർതിരിവാണ്.. ആണിനേക്കാൾ പെൺകുട്ടിക്ക് പകുതി ഓഹരി അവകാശം കൊടുക്കുമ്പോഴും, ആണ്മക്കളില്ലാത്തവരുടെ സ്വത്തിന് പെൺകുട്ടികളുടെ അവകാശം കുറയുമ്പോഴും നീതി നിഷേധമാണ് സംഭവിക്കുന്നത്.

മക്കളില്ലാതെ ഭർത്താവ് മരിച്ചാൽ അയാളുടെ സ്വത്തിന്റെ നാലിൽ ഒരോഹരി മാത്രമേ ഭാര്യയ്ക്ക് ലഭിക്കൂ. ' മക്കളുണ്ടെങ്കിൽ എട്ടിലൊന്നും. ഒന്നിൽ കൂടുതൽ ഭാര്യമാരാണെങ്കിലും ആകെക്കൂ

ടി ഈ ഓഹരി മാത്രമേ ലഭിക്കുംകയുള്ളൂ.

ഭർത്താവിന്റെ സമ്പത്ത് എന്നാൽ അത് അയാളുടെ മാത്രം അധ്വാനം കൊണ്ടും പ്രാപ്തി കൊണ്ടും ലഭിച്ചതല്ല . ഭാര്യയുടെ കൂടെ നിശ്ശബ്ദമായ സഹകരണത്തോടെ രേഖപ്പെടുത്തിയ അധ്വാനവും ത്യാഗവും ആ സ്വത്തിനുണ്ട് എന്ന് ആധുനിക മൂല്യ ബോധം നമ്മെ പഠിപ്പിക്കുന്നുണ്ട്.

മുസ്ലിം പിന്തുടർച്ചാവകാശനിയമത്തിൽ ഏറ്റവും വലിയ അനീതിയായി നമുക്ക് തോന്നുന്നത് നേരത്തെ മരിച്ച മക്കളുടെ കുട്ടികൾക്ക് അവകാശം നൽകാത്തതാണ്. പലപ്പോഴും ഇത് വലിയ അനീതിയും സാമൂഹ്യ അരാജകത്വത്തിന് കാരണമാവുകയും ചെയ്യാറുണ്ട്. വിശുദ്ധ ഖുർആൻ ശരിയായ അർത്ഥത്തിൽ അതിന്റെ ഉദ്ദേശലക്ഷ്യത്തോടെ വായിക്കുവാൻ തയ്യാറായാൽ ഈ പ്രശ്നം പരിഹരിക്കപ്പെടും. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഇസ്ലാംമതവിശ്വാസികൾക്കിടയിൽ നിയമം അംഗീകരിച്ചിട്ടുള്ളതും നേരത്തെ മരിച്ച മക്കളുടെ പേരക്കുട്ടികൾക്ക് സ്വത്ത് ലഭിക്കുന്നതും ആയ സാഹചര്യം ആധുനിക ഗവേഷണത്തിലൂടെ മുസ്ലിം പണ്ഡിതന്മാർ സാധ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ ഈ ഒരു നീക്കത്തെ മുസ്ലിം പക്ഷത്ത് നിൽക്കുന്നവർ വളരെ നെഗറ്റീവ് ആയ രീതിയിലാണ് സമീപിച്ചിട്ടുള്ളത്. പലപ്പോഴും അതുവഴി മരിച്ച മക്കളുടെ കുട്ടികൾ തെരുവിൽ കഴിയേണ്ട സാഹചര്യം പോലും ഉണ്ടായിട്ടുണ്ട്.

മക്കൾക്ക് സ്വത്ത് ലഭിക്കുന്നതിൽ സ്ത്രീ പുരുഷ വ്യത്യാസം ഉണ്ട്. അതുപോലെ തന്നെ പേരക്കുട്ടികൾക്ക്, നേരത്തെ അവരുടെ അച്ഛനും അമ്മയും മരിച്ചതിന്റെ പേരിൽ, സ്വത്തവകാശം നിഷേധിക്കുന്നുമുണ്ട് . ഇങ്ങനെ സ്വത്ത് ലഭിക്കാത്ത പേരക്കുട്ടികൾക്കും, സ്വത്തിൽ പാതി മാത്രം അവകാശമുള്ള പെൺകുട്ടികൾക്കും, അവരുടെ രക്ഷിതാക്കളെയും മാതാ–പിതാമഹരെയും സംരക്ഷിക്കുവാൻ നിയമം ഒരേ ഉത്തരവാദിത്വമാണ് നൽകുന്നത്. ക്രിമിനൽ നടപടി ചട്ടം എസ്.125 , മുതിർന്നപൗരന്മാരെയും രക്ഷിതാക്കളെയും സംരക്ഷിക്കുന്ന (Maintenance and Welfare of Parents and Senior Citizen Act 2007 ) നിയമം എന്നിവ സ്ത്രീപുരുഷ ഭേദമന്യേ എല്ലാ മക്കൾക്കും തുല്യ ഉത്തരവാദിത്വമാണ് ഇന്ത്യയിലെ ഈ സെക്കുലർ നിയമം നൽകുന്നത്. കൂടാതെ മുതിർന്ന പൗരന്മാരെയും രക്ഷിതാക്കളെയും സംരക്ഷിക്കുന്ന നിയമം പേരക്കുട്ടികൾക്കും ഉത്തരവാദിത്വം നൽകുന്നുണ്ട്. അങ്ങനെ രാജ്യത്ത് ആൺപെൺ വ്യത്യാസം ഇല്ലാതെ ഉത്തരവാദിത്വം നൽകേണ്ടി വരുന്ന ഘട്ടത്തിൽ പോലും സ്ത്രീക്ക് പകുതി അവകാശം എന്ന വാദം ഒരുതരത്തിലും ന്യായീകരിക്കാൻ കഴിയില്ല.

SMA (സ്പെഷൽ മാരേജ് ആക്ട് ). സെക്ഷൻ 15 പ്രകാരം ഞങ്ങൾ വിവാഹം രജിസ്റ്റർ ചെയ്ത സമയത്ത് വ്യാപകമായി ഉയർന്ന വിമർശനം ഞങ്ങൾ ഇസ്ലാമിക വിശ്വാസങ്ങൾക്കെതിരെയാണ് എന്നായിരുന്നു. വാസ്തവത്തിൽ അത് തെറ്റായ വ്യാഖ്യാനമാണ് . വിശുദ്ധഖുർആന്റെയും ഇസ്ലാം നൽകുന്ന തുല്യതാബോധത്തിന്റെയും അടിസ്ഥാനത്തിലാണ് അത്തരമൊരു ആശയം ഞങ്ങൾക്ക് ഉണ്ടായത്. വിമർശിച്ചുകൊണ്ട് വ്യാപകമായി പറഞ്ഞ കാര്യങ്ങൾ അവർ മക്കൾക്ക് സ്വത്ത് എഴുതി നൽകിയാൽ മതിയല്ലോ എന്നാണ്. അതു പറയുമ്പോൾ, ഇന്ത്യയിൽ നിലവിലുള്ള പിന്തുടർച്ചാവകാശ നിയമം നമുക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ് എന്ന് അംഗീകരിക്കുകയാണ് അത്തരം വാദം കൊണ്ട് ചെയ്യുന്നത്. രണ്ടാമത്തെ വാദം സഹോദരങ്ങൾക്ക് സ്വത്തു കിട്ടുന്നതു ഒഴിവാക്കുന്നതിനു വേണ്ടിയും, മക്കൾക്ക് മാത്രം അവ കിട്ടാൻ വേണ്ടിയുമുള്ള പരിപാടിയാണ് എന്നാണ്. എന്നാൽ ഞങ്ങളുടെ മൂത്ത സഹോദരൻ മുനീറിന്റെ ഭാര്യയാണ് വി



വാഹത്തിന് ഒന്നാം സാക്ഷിയായിരുന്നത്'. മുനീറിന് നാല് ആൺമക്കൾ മാത്രമാണുള്ളത്. സ്വത്ത് കൈമാറ്റം ആയിരുന്നില്ല ഈ പ്രശ്നത്തിലെ കാതൽ, അല്ലെങ്കിൽ പെൺകുട്ടികൾ മാത്രമുള്ളവർക്ക് സ്വത്ത് നഷ്ടപ്പെടുന്നു എന്നതുമല്ല. ആൺകുട്ടികൾ ആയാലും പെൺകുട്ടികളായാലും സമൂഹത്തിൽ ഇതര സമുദായത്തിലെ (ക്രിസ്ത്യൻ, ഹിന്ദു, മതവിശ്വാസം ഇല്ലാത്തവർ തുടങ്ങിയ) പെൺകുട്ടികളും ആൺകുട്ടികളും അനുഭവിക്കുന്ന തുല്യതാബോധം മുസ്ലിംപെൺകുട്ടികൾക്കും ഉണ്ടാകണം എന്നാണ്. നമ്മുടെ ഭരണഘടനയുടെ അനുഛേദം 14, 21 എന്നിവ ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ മുസ്ലിം സ്ത്രീകൾക്കു കൂടി ലഭ്യമാക്കേണ്ടതുണ്ട്. അത്തരം ഒരു ചർച്ച സമൂഹത്തിൽ ഉയർത്തുന്നത്/ ഉയർന്നു വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ചർച്ച ഉയർത്തുക എന്നുള്ള കൃത്യമായ ലക്ഷ്യത്തോടെയാണ് അന്തർദേശീയ വനിതാ ദിനത്തിൽ തന്നെ സ്പെഷൽ മാരേജ് ആക്ട് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചത് .



ഡോ.റോസി തമ്പി
എഴുത്തുകാരി



# സുറിയാനി പെണ്ണിന്റെ സ്വത്തവകാശം

ആണുങ്ങൾക്കെന്ന പോലെ പെണ്ണുങ്ങൾക്കു മാത്രമായും ചില നിയമങ്ങൾ കേരളത്തിലെ സുറിയാനി കത്തോലിക്കാഭവനങ്ങളിൽ പാലിക്കപ്പെടുന്നുണ്ട്.

ദൈവം പോലും പുരുഷനായ മതമാണ് ക്രൈസ്തവ മതം. സ്വർഗ്ഗസ്ഥനായ പിതാവേ എന്നാണ് ദൈവത്തെ ഞങ്ങൾ വിളിക്കുന്നത്. അപ്പന് മക്കൾ എല്ലാവരും തുല്യരാണ്. സ്നേഹമുള്ള അപ്പനാണ് ദൈവം എന്നതാണ് യേശു പഠിപ്പിച്ചത്. അങ്ങനെയാണല്ലോ ക്രിസ്

ത്യാനി ഉണ്ടായത്.

എന്നാൽ കേരളത്തിൽ പാരമ്പര്യ സ്വത്ത് അതായത് അപ്പനും അമ്മയും ഉണ്ടാക്കിയതോ അവർക്ക് പൂർവ്വികമായി കിട്ടിയതോ ആയ സ്വത്തുക്കൾ പങ്കുവെക്കുമ്പോൾ ആൺമക്കൾ ഉണ്ടെങ്കിൽ അവർക്കാണ് അതിൽ പ്രധാന അവകാശം. പെൺമക്കൾ മാത്രമാണെങ്കിൽ തുല്യമായി കിട്ടും. നമ്പൂതിരി പാരമ്പര്യം അനുസരിച്ച് ജീവിച്ചു പോരുന്ന കേരള ക്രിസ്ത്യാനികളിൽ ഇങ്ങനെയാണ് ശീലം. തറവാട് താഴെയുള്ള മകന് / മകനില്ലെങ്കിൽ മകൾക്ക് . തറവാട് എടുക്കുന്നവരുടെ പ്രധാന ഉത്തരവാദിത്വമാണ് അപ്പന്റെയും അമ്മയുടെ കാലം കഴിയും വരെ നോക്കുക, അവരുടെ മരണാനന്തര ചടങ്ങുകൾ നടത്തുക, തറവാട്ട് മഹിമ നിലനിർത്തുക എന്നതൊക്കെ.

കോട്ടയത്ത് മേരി റോയിയുടെ പരാതിയിൽ കോടതി ക്രിസ്ത്യൻ സ്ത്രീകൾക്കും പാരമ്പര്യ സ്വത്തിൽ ആൺമക്കൾക്കൊപ്പം തുല്യ അവകാശമുണ്ടെന്നു പറഞ്ഞപ്പോഴാണ് ഇങ്ങനെ ഒരു കാര്യത്തെക്കുറിച്ച് ഇവിടത്തെ ക്രിസ്ത്യാനികൾ കേട്ടതും ഞെട്ടിയതും. എന്തെന്നാൽ അങ്ങനെ ഒരു തുല്യത ഞങ്ങൾ എന്നു പറഞ്ഞാൽ ആണും പെണ്ണും അതുവരെ സ്വപ്നം കണ്ടിട്ടില്ല. കെട്ടിക്കാത്ത പെൺമക്കൾക്ക് കൂടുതൽ ഓഹരി നല്കി വരാറുണ്ട്. എന്തെന്നാൽ അവർ തറവാട് മാറിപ്പോകുന്നില്ല. മാത്രമല്ല മറ്റൊരു വീട്ടിൽ കയറി ചെല്ലാത്തതു കൊണ്ട് അവിടത്തെ സ്വത്തിനും അവകാശിയല്ലല്ലോ!

ഇത് മാറ്റമില്ലാത്ത ശീലമായി വീടുകളിൽ തുടരുകയായിരുന്നു. ആ മാമൂലിനെയാണ് മേരി റോയ് ചോദ്യം ചെയ്തതും വിജയിച്ചതും .മേരി റോയ് പിൻതുടർച്ച സ്വത്തവകാശ നിയമത്തിൽ തുല്യത നേടി. എന്നാൽ പിതൃസ്വത്ത് തുല്യമായി കിട്ടിയപ്പോൾ അത് താൻ എടുക്കാതെ തന്റെ സഹോദരനു തന്നെ കൊടുത്തു എന്നും കേട്ടിരുന്നു. അതിനർത്ഥം സ്വത്തിനോടുള്ള പ്രിയമല്ല എന്റെ അവകാശമാണ് പ്രധാനം എന്നു തെളിയിക്കലായിരിക്കാം. എന്നാൽ ഇങ്ങനെ ഒരു കോടതി വിധി ലഭ്യമായെങ്കിലും അതിനു ശേഷവും ക്രൈസ്തവകുടുംബങ്ങളിൽ കാര്യമായ മാറ്റങ്ങൾ ഒന്നും സ്വത്ത് വിഭജനകാര്യത്തിൽ ഉ



മേരി റോയ്

**കെട്ടിക്കാത്ത പെൺമക്കൾക്ക് കൂടുതൽ ഓഹരി നൽകിവരാറുണ്ട്. എന്തെന്നാൽ അവർ തറവാട് മാറിപ്പോകുന്നില്ല. മാത്രമല്ല മറ്റൊരു വീട്ടിൽ കയറി ചെല്ലാത്തതു കൊണ്ട് അവിടത്തെ സ്വത്തിനും അവകാശിയല്ലല്ലോ! ഇത് മാറ്റമില്ലാത്ത ശീലമായി വീടുകളിൽ തുടരുകയായിരുന്നു. ആ മാമൂലിനെയാണ് മേരി റോയ് ചോദ്യം ചെയ്തതും വിജയിച്ചതും .മേരി റോയ് പിൻതുടർച്ച സ്വത്തവകാശ നിയമത്തിൽ തുല്യത നേടി. എന്നാൽ പിതൃസ്വത്ത് തുല്യമായി കിട്ടിയപ്പോൾ അത് താൻ എടുക്കാതെ തന്റെ സഹോദരന് തന്നെ കൊടുത്തു എന്നും കേട്ടിരുന്നു. അതിനർത്ഥം സ്വത്തിനോടുള്ള പ്രിയമല്ല എന്റെ അവകാശമാണ് പ്രധാനം എന്നു തെളിയിക്കലായിരിക്കാം. എന്നാൽ ഇങ്ങനെ ഒരു കോടതി വിധി ലഭ്യമായെങ്കിലും അതിനു ശേഷവും ക്രൈസ്തവകുടുംബങ്ങളിൽ കാര്യമായ മാറ്റങ്ങൾ ഒന്നും സ്വത്ത് വിഭജന കാര്യത്തിൽ ഉണ്ടായിട്ടില്ല.**



> അമ്മ മരിച്ചു കഴിഞ്ഞാൽ അമ്മയുടെ സ്വർണ്ണത്തിനും അവകാശികൾ പെൺമക്കളാണ്. അമ്മായി വരുന്നു എന്നു പറയുന്നത് തറവാട്ടിൽ ഒരു അലങ്കാരമാണ്. വിശേഷങ്ങൾക്ക് വന്ന് രണ്ടു ദിവസം നിന്നുപോകാനുള്ള വിരുന്നുകാരി. ഇതാണ് കെട്ടിച്ചു വിട്ട പെൺകുട്ടികൾക്ക് ജനിച്ച വീട്ടിലുള്ള പ്രത്യേക അവകാശങ്ങൾ .എന്നാൽ കെട്ടിച്ചു ചെല്ലുന്ന വീട്ടിൽ ഭർത്താവിന്റെ സ്വത്തിന് അവൾക്കും അവകാശമുണ്ട്. അത് അവളുടെ കുടുംബമാണ്. അവിടെ എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടെങ്കിലും പിടിച്ചു നിൽക്കുന്നിടത്താണ് പെണ്ണിന്റെ വിജയം. ചട്ടീം കലവും ആകുമ്പോൾ തട്ടീം മുട്ടീം ഒക്കെയിരിക്കും അതൊന്നും കാര്യമാക്കണ്ട. ഞാൻ സഹിച്ച അത്രയൊന്നും നിനക്ക്  സഹിക്കണ്ടല്ലോ. ഇതായിരിക്കും ഓരോ അമ്മയും കെട്ടിച്ചുവിട്ട മകൾക്ക് നൽകുന്ന ഉപദേശം.

ണ്ടായിട്ടില്ല. ചിലരൊക്കെ പറയാൻ തുടങ്ങി എങ്കിലും പ്രവർത്തിയിൽ വരുമ്പോൾ പഴയ ശീലം തന്നെയാണ് തുടരുക. എന്തായാലും ആൺമക്കളില്ലാത്തവരുടെ സ്വത്ത് ബന്ധുക്കൾ കൊണ്ടുപോകുന്ന അവസ്ഥയല്ല.

പെൺമക്കളെ കെട്ടിച്ചു വിടുമ്പോൾ വരന്റെ വീട്ടുകാർക്ക് ഒത്ത വിധം പെണ്ണിന് സ്വർണ്ണാഭരണം, വസ്ത്രം, പണം എന്നിവ നൽകുക എന്നത്. പെണ്ണ് മാറ്റാൻ വീട്ടിൽ ചെന്നു കേറുമ്പോൾ ഉള്ള അന്തസ്സ് പാലിക്കാൻ അപ്പനും ആങ്ങളമാരും അമ്മ വീട്ടുകാരും ഒക്കെ ഉത്സാഹിക്കും. പിന്നെ രണ്ടു പ്രസവം വരെ പെണ്ണിന്റെ കാര്യങ്ങൾ എല്ലാം പെൺവീട്ടുകാർ നോക്കുന്നതാണ് തറവാടിത്തം. കല്യാണ സമയത്ത് കൊടുത്തതിനു പുറമേ സ്വത്ത് ഭാഗം വെക്കുമ്പോൾ ചെറിയ ഒരു വീതവും പെൺമക്കൾക്ക് നല്കും. പിന്നെ അമ്മ മരിച്ചു കഴിഞ്ഞാൽ അമ്മയുടെ സ്വർണ്ണത്തിനും അവകാശികൾ പെൺമക്കളാണ്. അമ്മായി വരുന്നു എന്നു പറയുന്നത് തറവാട്ടിൽ ഒരു അലങ്കാരമാണ്. വിശേഷങ്ങൾക്ക് വന്ന് രണ്ടു ദിവസം നിന്നുപോകാനുള്ള വിരുന്നുകാരി. ഇതാണ് കെട്ടിച്ചു വിട്ട പെൺകുട്ടികൾക്ക് ജനിച്ച വീട്ടിലുള്ള പ്രത്യേക അവകാശങ്ങൾ .എന്നാൽ കെട്ടിച്ചു ചെല്ലുന്ന വീട്ടിൽ ഭർത്താവിന്റെ സ്വത്തിന് അവൾക്കും അവകാശമുണ്ട്. അത് അവളുടെ കുടുംബമാണ്. അവിടെ എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടെങ്കിലും പിടിച്ചു നിൽക്കുന്നിടത്താണ് പെണ്ണിന്റെ വിജയം. ചട്ടീം കലവും ആകുമ്പോൾ തട്ടീം മുട്ടീം ഒക്കെയിരിക്കും അതൊന്നും കാര്യമാക്കണ്ട. ഞാൻ സഹിച്ച അത്രയൊന്നും നിനക്ക് സഹിക്കണ്ടല്ലോ. ഇതായിരിക്കും ഓരോ അമ്മയും കെട്ടിച്ചുവിട്ട മകൾക്ക് നൽകുന്ന ഉപദേശം.

കാരണം അവൾക്ക് അന്തസ്സുണ്ടാകണമെങ്കിൽ കെട്ട്യോന്റെ കൂടെ തന്നെ കഴിയണം. എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടെങ്കിലും അതെല്ലാം നന്നാക്കിയെടുക്കേണ്ടതും കുടുംബം അന്തസ്സോടെ കൊണ്ടു നടക്കേണ്ടതും അവളുടെ ഉത്തരവാദിത്വമാണ്. ഇതൊക്കെയാണ് കത്തോലിക്ക കുടുംബങ്ങളിൽ പെണ്ണുങ്ങളുടെ പ്രത്യേക അവകാശങ്ങൾ. നടക്കുന്ന ആണിന്റെ വെല ഇരിക്കണ പെണ്ണിന്റെ ഊരേടെ ചോട്ടിലാന്ന്

പെൺപഴമ. തീർച്ചയായും ആണധികാര മതമാണ് ക്രൈസ്തവ മതം. ഉമ്മറം ആണുങ്ങൾക്ക് പതിച്ചു നൽകും പോലെ വടക്കോറം അടുക്കള ഭാഗം പെണ്ണുങ്ങൾ തീരുമാനിക്കും.

പുരുഷാധികാര വ്യവസ്ഥ അതിന്റെ ഏറ്റവും ഭീകരമായ തേർവാഴ്ച നടത്തുന്നത് വിവാഹ കാര്യത്തിലാണ്. മകൻ കെട്ടിക്കൊണ്ടു വരേണ്ടവനും മകൾ കെട്ടിച്ചുകൊടുക്കേണ്ടവളുമാണ്. ഈ രീതിയെ ഇതുവരെ ആരും ചോദ്യം ചെയ്തിട്ടില്ല.

വിവാഹത്തോടെ അതുവരെ വീടിന്റെ വിളക്കും കൺമണിയുമായവൾ അന്യ വിട്ടുകാരുടേതായി. മാറ്റാം കുടുംബത്തേക്ക് അയക്കപ്പെട്ടവൾ മാറ്റാത്തിയായി. പിന്നെ ചെന്നു കേറിയിടത്തെ പെണ്ണാണ്. ഐഡന്റിറ്റിയും അഡ്രസുമെല്ലാം അവിടത്തെയാണ്. രക്ഷിതാവിന്റെ പേരിന്റെ സ്ഥാനത്ത് ഭർത്താവിന്റെ പേർ അവൾക്ക് അലങ്കാരമാകും.

ബൈബിൾ പറയുന്നത് പ്രായപൂർത്തിയായ സ്ത്രീയും പുരുഷനും തന്റെ ഭവനത്തെയും മാതാപിതാക്കളെയും വിട്ട് ഒന്നിക്കുകയം അവരിരുവരും ഒന്നായി തീരുകയും ചെയ്യും എന്നാണ്.

എന്നാൽ പുരുഷന് അവന്റെ ഭവനത്തെ ഉപേക്ഷിക്കേണ്ടതില്ല. മാത്രമല്ല സ്വന്തം ഭവനത്തിലേക്ക് തനിക്കും തന്റെ കുടുംബത്തിനും സാമ്പത്തികമായും ശാരീരികമായും സഹായിക്കാൻ കഴിയുന്നവളും തന്റെ കുഞ്ഞുങ്ങളെ പ്രസവിച്ച് വളർത്താൻ പ്രപ്തിയുമുള്ളവളുമായ ഒരു സ്ത്രീയെ തനിക്ക് അവകാശമായി ലഭിക്കുകയും ചെയ്യുന്നു. മതവും പൊതുസമൂഹവും അവനെ അതിന് ശക്തനാക്കുന്നു. കെട്ടിയ പെണ്ണിനെ എന്തു ചെയ്യണം എന്ന് അവനാണ് തീരുമാനിക്കുക. പൊതുവിൽ പണം വരുത്താനുള്ള ഒരു വഴിയാണ് അവന് പെണ്ണും പെൺവീട്ടുകാരും. അവന്റെ ആവശ്യങ്ങൾക്ക് അപ്പപ്പോൾ പണം കിട്ടിയില്ലെങ്കിൽ തല്ലാനും ‘ മോള് വീട്ടിൽ വന്ന് നിൽക്കേണ്ടത് കാണേണ്ടി വരും’ എന്ന് ഭീഷണിപ്പെടുത്താനും ഒക്കെ അവന് അധികാരമുണ്ട്. സ്ത്രീധനം നിയമം മൂലം നിരോധിക്കപ്പെട്ടിട്ട് കാലമേറെയായെങ്കിലും ചെന്നു കേറുന്ന പെണ്ണ് കൊണ്ടു വരുന്ന പൊന്നും പണവും പിന്നെ അതു കിട്ടിക്കൊണ്ടിരിക്കാനുള്ള സാധ്യതയുമാണ് അവളുടെ നിലനില്പിന്റെ ആധാരം. അപ്പനും അമ്മയും ചത്താലും പെണ്ണ് കൊണ്ടുവരുന്ന സാരിയും പലഹാരവും തറവാട്ടു മഹിമയുടെ അടയാളമാണ്.

സാമ്പത്തികമായി അല്പമെങ്കിലും ദുരിതത്തിൽ കഴിയുന്നവർക്ക് പെൺകുട്ടിയെ കെട്ടിച്ചുവിടലും രണ്ടു പ്രസവം നോക്കലും മറ്റ് അനുബന്ധ ചടങ്ങുകളും അധികഭാരവും പെൺകുട്ടിക്ക് താൻ സ്വന്തം വീടിന് എന്തൊരു ബാധ്യതയാണ് എന്ന തോന്നലും ചെന്നു കേറിയ വീട്ടിലാകാട്ടെ താനൊരു വിലയുമില്ലാത്തവളാണ് എന്ന ബോധ്യവും മാത്രം ബാക്കിയാകുന്ന, ബോധ്യത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ് അമ്മായിയമ്മ, നാത്തൂൻ എന്ന പദവികൾ. മോന്റെ ഭാര്യ എന്തുകൊണ്ടുവന്നു എന്നതാണ് പൊതുവെ ഒരു അന്വേഷണം. അതു കുറയാതിരിക്കാൻ പെൺവീട്ടുകാർ ശ്രദ്ധിക്കണം. അങ്ങനെ ചെറിയ സാമ്പത്തിക സ്ഥിതിയുള്ളവർ ഉള്ളതെല്ലാം എടുത്ത് വിറ്റ് മകളെ കെട്ടിച്ച പോരായ്മകൾ തീർത്ത് മുടിഞ്ഞിരിക്കുമ്പോൾ അതിൽ നിന്നു കരകയറാനുള്ള മാർഗ്ഗമാണ് മകൻ കെട്ടിക്കൊണ്ടുവരിക എന്നത്. ഈ പ്രരാബ്ധങ്ങൾ എല്ലാം ആ വീട്ടുകാർ നികത്തണം.

സ്വന്തം അപ്പനും അമ്മയും മരിക്കാറായി കിടന്നാലും ഒന്നു പോയി കണ്ടിട്ടു വരാനുള്ള ഉത്തരവാദിത്തമേ മകൾക്കുള്ളൂ. അത്രയേ, എത്ര വയ്യെങ്കിലും മാതാപിതാക്കളും ആഗ്രഹിക്കുന്നുള്ളൂ. രണ്ടു ദിവസത്തിൽ കൂടുതൽ നിന്നാൽ എന്നാ പോണത് എന്നാണ് കാണുന്നവർ ആദ്യം ചോദിക്കുക.- മൂന്നാം ദിവസം കണ്ടാൽ എന്തോ വഴക്കായിട്ടു പോന്നതാകും എന്നാകും കുശുകശുക്കൽ. രണ്ടു ദിവസം കൂടി ഞാൻ വീട്ടിൽ നിന്നോട്ടെ എന്നു ചോദിച്ചാൽ ഭർത്താവിന്റെ മറുപടി പിന്നെ ഇവിടത്തെ കാര്യങ്ങൾ ആരുനോക്കും എന്നാകും.

പാരമ്പര്യ സ്വത്തിൽ തുല്യ അവകാശം ലഭിച്ചാലും ആ സ്വത്ത് കൈകാര്യം ചെയ്യാൻ ഇന്നത്തെ മത/സാമൂഹ്യ വ്യവസ്ഥയിൽ പെണ്ണിന് എത്രത്തോളം അവകാശമുണ്ടാകും.

അവൾക്ക് കല്യാണത്തിത് കിട്ടുന്ന പെന്നും പണവും ഭൂരിഭാഗവും ആരാണ് കൈകാര്യം ചെയ്യുന്നത്?

പെണ്ണിന്റെ അപ്പനും അമ്മയും കെട്ടിച്ചു വിട്ടാൽ അവളെ മാറ്റാത്തിയായിട്ടാണ് കാണുന്നത്. പിന്നെ ഈ തറവാട്ടു സ്വത്തു കണ്ടു കൊതിക്കണ്ട എന്നാണ് ഏറെ സ്നേഹമുള്ള മകളോടും അവർ പറയുക. എന്തെന്നാൽ അവർക്ക് മരണം വരെ ജീവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നത് മകനോടൊപ്പമാണ്. അതിനാൽ സ്വത്ത് മകൾക്ക് നൽകി മകനെ പ്രകോപിപ്പിക്കാതിരിക്കുന്നത് അവരുടെ ആത്മ ശരീര രക്ഷക്ക് അനിവാര്യമാണ്.

അതു കൊണ്ട് പറമ്പിലെ പ്ലാവിൽ നിന്നൊരു ചക്കയിടാനോ വേപ്പിൽ നിന്ന് രണ്ട് തണ്ട് ഇല പൊട്ടിക്കാനോ ശ്രമിച്ചാൻ മകളോട് ഏറെ വാത്സല്യമുള്ള അമ്മ പറയും അയ്യോ. അത് നീ അവനോട് ( ആങ്ങളയോട്) ചോദിച്ചിട്ട് പൊട്ടിച്ചാ മതി. അങ്ങനെ വീട്ടുകാരി വിരുന്നുകാരി ആകുന്ന അവസ്ഥയാണ് ഇന്നത്തെ ക്രിസ്ത്യൻ കല്യാണം.

തുല്യമായ സ്വത്ത് ലഭിക്കു

മ്പോൾ തന്നെ അത് സ്വന്തമായി കൈകാര്യം ചെയ്യാനുള്ള സാമൂഹ്യ അന്തരീക്ഷം കൂടെ ഇനിയും ഉണ്ടാകേണ്ടതുണ്ട്. അതിന് വിവാഹരീതീയും സമൂഹത്തിന്റെ കാഴ്ചപ്പാടും മാറണം. ചുരുങ്ങിയത് ഇത്രയെങ്കിലും സംഭവിക്കണം.

ഇഷ്ടമുള്ള ഒരാളെ കണ്ടെത്തുകയും രണ്ടു പേരുടെയും ഉത്തരവാദിത്വത്തിൽ ജീവിക്കാൻ പ്രാപ്തി നേടുകയും ചെയ്യുമ്പോഴെ ഇനിയെങ്കിലും വിവാഹം തെരഞ്ഞെടുക്കാവു.

മാതാപിതാക്കൾ തങ്ങളുടെ ആരോഗ്യ കാലത്തു തന്നെ തങ്ങളുടെ മക്കൾക്ക് എന്തു കൊടുക്കാൻ ഉദ്ദേശിക്കുന്നുവോ അതു കൊടുക്കുക. കാലശേഷം എന്ന പരിപാടി ഒഴിവാക്കുക.

സ്വത്തുള്ളവർ തങ്ങൾക്ക് മരണം വരെ കഴിയാനുള്ളത് കഴിച്ചേ മക്കൾക്ക് കൊടുക്കാവൂ.

മാതാപിതാക്കൾ മക്കളെ ജനിപ്പിച്ചു വളർത്തി വലുതാക്കി എന്നതുകൊണ്ട് തങ്ങളുടെ വാർദ്ധക്യം മുഴുവൻ മക്കൾ ഏറ്റെടുക്കണം എന്നു വാശി പിടിക്കേണ്ട കാലം കഴിഞ്ഞു.

തങ്ങളുടെ സമ്പത്ത്, ആരോഗ്യം, വാർദ്ധക്യം എങ്ങനെ സന്തോഷകരമാക്കാം എന്ന് വ്യക്തികളും സമൂഹവും മതവും സർക്കാരും എല്ലാം ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു..

വിഷയം പല തരത്തിൽ മാറി പോയി എന്നറിയാം. കാർഷിക വ്യവസ്ഥയിൽ ജീവിച്ചിരുന്ന ജനത തലമുറകളുടെ സുരക്ഷിതമായ ജീവിതത്തിന് അവർക്ക് ശരിയെന്നു തോന്നിയ രീതിയിൽ ഉണ്ടാക്കിയ രീതീയാണ് വിവാഹവും സ്വത്തവകാശവുമെല്ലാം.എന്നാൽ ഇന്ന് നമ്മൾ ജീവിക്കുന്നത് സുരക്ഷിതമായ ഒരു കാർഷിക വ്യവസ്ഥയിലല്ല.ആഗോള തലത്തിലുള്ള ഐ.ടി. ലോകത്താണ്. എന്നാൽ നമ്മുടെ ശീലങ്ങൾ പഴയതും. പുതിയ വീഞ്ഞ് പഴയ തോൽക്കുടത്തിൽ നിറക്കാനാകില്ല.പുതിയ തോൽക്കുടം നമ്മൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. എന്നാൽ സമൂഹം ഒരുമിച്ചല്ല മാറ്റത്തിന് വിധേയമാകുന്നത് എന്നതുകൊണ്ട് മാറ്റം വലിയ ബുദ്ധിമുട്ടുള്ളതാണ്.

ഈ രീതീയിൽ വേണം തുല്യ സ്വത്തവകാശത്തെക്കുറിച്ച് ചിന്തിക്കേണ്ടത്. നമ്മളാകട്ടെ അമ്മാത്ത് നിന്ന് പോരുകയും ചെയ്തു, ഇല്ലത്ത് എത്തിയതുമില്ല എന്ന അവസ്ഥയിലാണ്.

ജീവിതം ഐ.ടി.യുഗത്തിലും നിയമങ്ങളും ശീലങ്ങളും മതങ്ങളും കാർഷിക / കന്നുകാലി വളർത്തൽ കാലത്തേതുമാണ്.

ഇന്നും ഒരു ആൺകുട്ടിയോട് ഇത് നിന്റെ വീടാണെന്നും പെൺകുട്ടിയോട് നീ മാറ്റാന്റേടക്ക് പോകേണ്ടവളാണെന്നും അപ്പനും അമ്മയും കുഞ്ഞുനാൾ മുതൽ പഠിപ്പിക്കുകയും ചെയ്യുമ്പോൾ അവരുടെ മരണശേഷം പിന്നെ എന്ത് സ്വത്താണ് അവൾക്ക് കിട്ടുക.

സ്വത്തിലും അവരെ സംരക്ഷിക്കുന്നതിലും തുല്യ അവകാശം മകനും മകൾക്കും ഉണ്ടാകണം.

ഒരിക്കൽ അപ്പൻ വീട് പുതുക്കി പണിയുന്നതിനെ പറ്റി എന്റെ അനിയനുമായി വഴക്കിട്ടപ്പോൾ അപ്പന്റെ പുന്നാരമോളായ ഞാൻ പറഞ്ഞു അപ്പൻ ഈ വീട് എന്റെ പേരിൽ എഴുതി തന്നോ പിന്നെ അവൻ ഇവിടെ വഴക്കിന് വരില്ലല്ലോ? ഇതു കേട്ട പാടെ അപ്പൻ അതുവരെയുണ്ടായിരുന്ന ദേഷ്യവും കോപവും എല്ലാം മറന്ന് വളരെ ഉറച്ച ശബ്ദത്തിൽ നടേലകത്തിരുന്ന് ഒരു പ്രഖ്യാപനം നടത്തി. 'ആഹ അതേയ് തെക്കടാൻമാരുടെ മെതല് കണ്ട് നീ തുള്ളണ്ട'.

അപ്പോൾ മധ്യസ്ഥം പറയാൻ ചെന്ന ഞാൻ ആരായി. ഇതാണ് ഇപ്പഴും ആൺമക്കളുള്ള തറവാട്ടുകാരുടെ അവസ്ഥ. അപ്പനും അമ്മയും ജീവിച്ചിരിക്കുമ്പോൾ തരാൻ ആഗ്രഹിക്കാത്തത് അവരുടെ കാലശേഷം കേസു കൊടുത്ത് വാങ്ങിയിട്ടെന്ത് എന്ന് പെൺമക്കളും ചിന്തിക്കുന്നുണ്ടാകും.

അപ്പൻ ഭൂസ്വത്ത് ഒന്നും തന്നില്ലെങ്കിലും അപ്പനായിരുന്നു എന്റെ സ്വത്ത് എന്ന് തിരിച്ചറിഞ്ഞത് അപ്പന്റെ മരണശേഷമാണ്. അപ്പൻ ഇറങ്ങി പോയതിനു ശേഷം വീടെനിക്ക് അന്യമായി. വീടിപ്പോൾ സഹോദരന്റെ ഭവനം മാത്രമാണ്. അമ്മയെ കാണാൻ പോകാം. ഉമ്മറത്തിരിക്കാം. വിശേഷങ്ങൾ പറഞ്ഞാൽ കേൾക്കാം. അമ്മക്ക് സുഖമല്ലേ എന്നു വെറും വാക്കു ചോദിക്കാം. എന്തെന്നാൽ മകനെതിരായൊന്നും അമ്മക്ക് പറഞ്ഞു കൂടാ. കാരണം ഭർത്താവ് മരിച്ചാൽ തന്നെ സംരക്ഷിക്കേണ്ടതു മകനാണെന്ന് ഏതൊരു കത്തോലിക്ക പെണ്ണിനും അറിയാം. അതെ അവൾ ഇപ്പോഴും അപ്പനും ഭർത്താവും മകനും സംരക്ഷിക്കുന്നവൾ തന്നെയാണ് .

അതുകൊണ്ടാകും കേസ് ജയിച്ച് സ്വത്തു കിട്ടിയാലും അത് ആങ്ങളക്കു തന്നെ തിരിച്ചു കൊടുക്കുന്നത്. ഇപ്പോൾ അപൂർവ്വമായി സ്വത്ത് തുല്യമായി പങ്കുവെക്കുന്ന വീടുകളും ഉണ്ട്. സ്വത്ത് ഭാഗം വെപ്പിനെ തുടർന്ന് പലപ്പോഴും സഹോദരങ്ങൾ തമ്മിലുള്ള സ്നേഹബന്ധം നഷ്ടപ്പെടുന്നുണ്ട്. മാതാപിതാക്കളുടെ വാർദ്ധക്യവും ദുസ്സഹമാകുന്നുണ്ട്.

ചർച്ചാവിഷയം



# ‘ഫോറം ഫോർ മുസ്ലിംവിമൻസ് ജെൻഡർ ജസ്റ്റിസ് ’ എന്തിനു വേണ്ടി?



**നെജു ഇസ്മയിൽ**
കൺവീനർ
ഫോറം ഫോർമുസ്ലിം
വിമൻസ് ജെൻഡർ ജസ്റ്റിസ്

ഇന്ത്യൻ മുസ്ലിം പിന്തുടർച്ച്വാവകാശ നിയമം അഥവാ ഇന്ത്യൻ ശരീ-അത്ത് നിയമത്തിന്റെ ദുരിതങ്ങൾ പേറുന്ന, വിവേചനങ്ങൾ അനുഭവിക്കുന്ന മനുഷ്യർ നമുക്കുചുറ്റും നിരവധിയാണ്. പലപ്പോഴും അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ മാത്രമാണ് നാം അതിന്റെ ഭീകരത തിരിച്ചറിയുന്നത്. നീതിയുടെ പ്രാഥമിക താല്പര്യങ്ങൾ ഹനിക്കുന്നതും, സ്ത്രീവിരുദ്ധവുമായ നിയമങ്ങളാണ് അതിൽ അധികവും. ഖുർആന്റെ അധ്യാപനങ്ങൾക്കും , താല്പര്യങ്ങൾക്കും നിരക്കാത്ത പ്രസ്തുത നിയമങ്ങൾ കാലികമായി പരിഷ്കരിക്കപ്പെടണമെന്ന ആവശ്യം വിവിധ കാലങ്ങളിൽ സമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ അതൊന്നും വലിയ രീതിയിൽ ശ്രദ്ധിക്കപ്പെടാതെ പോവുകയാണ് ഉണ്ടായത്. ഈ ഒരു അവസ്ഥയിലാണ് ഇന്ത്യൻ പിന്തുടർച്ച്വാവകാശ നിയമങ്ങളിൽ മാറ്റം അനിവാര്യമാണ് എന്ന മുദ്രാവാക്യവുമായി ‘ഫോറം ഫോർ മുസ്ലിം വിമൻസ് ജൻഡർ ജസ്റ്റിസ് ‘ എന്ന കൂട്ടായ്മ പിറവിയെടുക്കുന്നത് .

ഇന്ത്യൻ സ്വാതന്ത്ര്യത്തിനു മുൻപ്, 1937 ൽ ബ്രിട്ടീഷ് ഭരണാധി

കാരികൾ തട്ടിക്കൂട്ടി ഉണ്ടാക്കിയ പൂർണമായും അവ്യക്തതകൾ നിറഞ്ഞ കുറേ നിയമങ്ങളാണ് ശരീഅത്ത് നിയമങ്ങൾ എന്ന പേരിൽ നിലനിൽക്കുന്നത്. അവ നാളിതുവരെ പരിഷ്കരിക്കപ്പെടുകയോ ക്രോഡീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ അതുമൂലമുണ്ടാകുന്ന വിധി തീർപ്പുകളിൽ പലതും നീതിരഹിതവും, ന്യൂനതകൾ നിറഞ്ഞതുമായി മാറുന്നു.

ഇസ്ലാമിക വ്യക്തി നിയമങ്ങൾ ഖുർആനികമായും ഇസ്ലാമിന്റെ അടിസ്ഥാന ആശയങ്ങളോട് ചേർന്ന് നിൽക്കുന്ന ഭരണഘടനയ്ക്ക് അനുസൃതമായും നവീകരിക്കപ്പെടുകയാണ് ഈ നീതി നിഷേധത്തിന് ഏകപരിഹാരം. മത നിയമങ്ങൾ എന്ന പേരിൽ നിലനിൽക്കുന്ന മേൽ നിയമങ്ങളുടെ ദുരിതങ്ങൾ ഏറ്റവും കൂടുതൽ പേറേണ്ടി വരുന്നത് മറ്റെന്തിലും എന്നപോലെ സ്ത്രീകൾ തന്നെയാണ്.

സ്ത്രീയെ മനുഷ്യരായി പരിഗണിക്കാതിരുന്ന ,അവൾക്ക് ആത്മാവുണ്ടോ എന്നുപോലും സംശയിച്ചിരുന്ന, പെൺകുട്ടിയാണ് എന്ന കാരണത്താൽ ജീവനോടെ കുഴിച്ചുമൂടിയിരുന്ന ഒരു കാലത്താണ് ഇസ്ലാം സ്ത്രീക്ക്



**സ്ത്രീയെ മനുഷ്യരായി പരിഗണിക്കാതിരുന്ന ,അവൾക്ക് ആത്മാവുണ്ടോ എന്നുപോലും സംശയിച്ചിരുന്ന, പെൺകുട്ടിയാണ് എന്ന കാരണത്താൽ ജീവനോടെ കുഴിച്ചുമൂടിയിരുന്ന ഒരു കാലത്താണ് ഇസ്ലാം സ്ത്രീക്ക് സ്വത്തവകാശം വേദം വഴി ഉറപ്പാക്കുന്നത്. അത് അന്ന് വിപ്ലവകരമായ ഒരു മാറ്റം തന്നെയായിരുന്നു.**

**വേദത്തെ വെറും അക്ഷര വായനയിൽ ഒതുക്കാതെ , അതിന്റെ മാനവികതയിലും നീതിയിലും അധിഷ്ഠിതമായ അടിസ്ഥാന മൂല്യങ്ങൾ ഉൾക്കൊണ്ട് മനസ്സിലാക്കുകയും, വ്യാഖ്യാനിക്കുകയു മാണ് വേണ്ടത്.**

സ്വത്തവകാശം വേദം വഴി ഉറപ്പാക്കുന്നത്. അത് അന്ന് വിപ്ലവകരമായ ഒരു മാറ്റം തന്നെയായിരുന്നു.

വേദത്തെ വെറും അക്ഷര വായനയിൽ ഒതുക്കാതെ , അതിന്റെ മാനവികതയിലും നീതിയിലും അധിഷ്ഠിതമായ അടിസ്ഥാന മൂല്യങ്ങൾ ഉൾക്കൊണ്ട് മനസ്സിലാക്കുകയും, വ്യാഖ്യാനിക്കുകയുമാണ് വേണ്ടത്.

കുടുംബസ്വത്തിന്റെ വിഭജനത്തിൽ പുരുഷന് സ്ത്രീയുടെ ഇരട്ടി സ്വത്ത് എന്ന് വേദം പറയുന്നത് അത് പുരുഷനായതുകൊണ്ടല്ല . 'അവരുടെ സ്വത്തിൽ നിന്ന് അവർ ചെലവഴിക്കുന്നത് കൊണ്ടാണ് ' എന്നാണ്. സ്വന്തമായി സമ്പാദിക്കാനോ സ്വത്ത് കൈവശം വയ്ക്കാനോ സ്ത്രീകൾക്ക് കഴിയാതിരുന്നിരുന്ന കാലത്ത്, സമ്പാദിക്കുകയും ചെലവഴിക്കുകയും ചെയ്തിരുന്നത് പുരുഷനായിരുന്നു. ആ കാലത്തെ സ്വാഭാവിക നീതിയാണത്. എന്നാൽ സ്ത്രീ പുരുഷനോടൊപ്പം വിദ്യാഭ്യാസം നേടുകയും, സമ്പാദിക്കുകയും, കുടുംബ ചെലവുകളിൽ പങ്കാളിത്തം വഹിക്കുകയും, സ്വതന്ത്രമായി ചെലവഴിക്കുകയും ചെയ്യാൻ തുടങ്ങിയതോടെ പുരുഷന്റെ ആ മേധാവിത്വം അവസാനിക്കപ്പെട്ടു എന്ന് നമുക്ക് വേദത്തിൽ നിന്ന് തന്നെ വായിച്ചെടുക്കാനാവും.

പ്രമുഖ ഇസ്ലാമിക രാജ്യമായ ടുണീഷ്യയിൽ 2018 നവംബർ 25ന് ക്യാബിനറ്റിൽ തുല്യവകാശബിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട് .

പെൺമക്കൾ മാത്രമുള്ള കുടുംബത്തിലെ സ്വത്ത് ഓഹരി മാതൃ-പിതൃ സഹോദരങ്ങൾ കൈവശപ്പെടുത്തുന്ന തികച്ചും മനുഷ്യത്വവിരുദ്ധവും, അപരിഷ്കൃതവും ആയ നാട്ടുനടപ്പ് മതത്തിന്റെ പേരിൽ ഇന്ത്യയിൽ നിലനിൽക്കുന്നു. പെൺകുട്ടികളുടെ സംരക്ഷണ ബാധ്യത ഏറ്റെടുക്കുന്നതിന്റെ ഭാഗമാണത്രെ ഈ സ്വത്ത് കൈവശപ്പെടുത്തൽ . അങ്ങിനെയാണെങ്കിൽ മരണപ്പെടുന്നയാൾക്ക് ചെറിയ ആൺകുട്ടികൾ ആണെങ്കിൽ സംരക്ഷണം

വേണ്ടതില്ല എന്നാണോ ? സ്വത്ത് ഒന്നും ഇല്ലാത്ത വരാണെങ്കിൽ സംരക്ഷണത്തിന് അവർ അർഹരല്ല എന്നാണോ? പെൺമക്കൾ മാത്രമുള്ള, മരണപ്പെട്ട മാതാപിതാക്കളുടെ മക്കൾ, പങ്കാളിയും മക്കളും എല്ലാമുള്ള സ്ത്രീയാണെങ്കിലോ ? അതുകൊണ്ടൊക്കെ തന്നെ ഈ പറയുന്ന നിയമം സംരക്ഷണവുമായി ബന്ധപ്പെട്ടതല്ല എന്ന് ഉറപ്പാണ്. ആണധികാര പൗരോഹിത്യമാണ് ഇതിനെല്ലാം പിന്നിൽ. മക്കളില്ലാതെ മരിച്ചുപോകുന്നവരുടെ സ്വത്തിൽ മാത്രമാണ് സഹോദരങ്ങൾക്ക് അവകാശം എന്നാണ് ഖുർ–ആൻ പറയുന്നത്. അതിൽ മക്കൾ എന്നതിന് പകരം ആൺമക്കൾ എന്നത് പരിഭാഷയിലെ വ്യാഖ്യാനം വഴി നടത്തിയ അനീതിയാണ്.

അതുപോലെ പിതാവ് ജീവിച്ചിരിക്കെ മരണപ്പെടുന്ന മകന്റെ മക്കൾക്ക് പിതാവിന്റെ സ്വത്തിൽ നിന്നും അവകാശം നിഷേധിക്കപ്പെടുന്നതുപോലുള്ള ക്രൂരമായ നിയമവും ശരീഅത്തിന്റെ പേരിൽ നിലനിൽക്കുന്നു. അനാഥ സംരക്ഷണം ഏറ്റവും മഹത്തരമായ കാര്യമാണെന്ന് ഉദ്ഘോഷിക്കുന്ന ഒരു വേദത്തെ, ഒരു മതത്തെ എങ്ങനെയാണ് ഇങ്ങനെ വായിച്ചെടുക്കാൻ ആവുക ? എന്നാൽ പിതാമഹർ ജീവിച്ചിരിക്കെ പിതാവില്ലാത്ത അവസ്ഥയിൽ പൗത്രൻ മരിച്ചാൽ അയാളുടെ സ്വത്തിൽ നിന്ന് പിതാമഹർക്ക് അവകാശം വയ്ക്കുകയും ചെയ്യുന്നു. ഒരു നിലക്കും നീതീകരിക്കാൻ ആകാത്ത, ദൈവികമല്ലാത്ത നിയമങ്ങളാണ് ഇതെല്ലാം .അനാഥരായ പൗത്രൻമാർക്ക് സ്വത്തവകാശം നൽകിക്കൊണ്ട് അൽജീരിയ, ടുണീഷ്യ ,ഈജിപ്ത്, ലെബനാൻ, ജോർദാൻ, തുടങ്ങിയ ഇസ്ലാമിക രാജ്യങ്ങളിൽ പതിറ്റാണ്ടുകൾക്ക് മുൻപ് തന്നെ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്.

**പിതാവ് ജീവിച്ചിരിക്കെ മരണപ്പെടുന്ന മകന്റെ മക്കൾക്ക് പിതാവിന്റെ സ്വത്തിൽ നിന്നും അവകാശം നിഷേധിക്കപ്പെടുന്നതുപോലുള്ള ക്രൂരമായ നിയമവും ശരീഅത്തിന്റെ പേരിൽ നിലനിൽക്കുന്നു. അനാഥ സംരക്ഷണം ഏറ്റവും മഹത്തരമായ കാര്യമാണെന്ന് ഉദ്ഘോഷിക്കുന്ന ഒരു വേദത്തെ, ഒരു മതത്തെ എങ്ങനെയാണ് ഇങ്ങനെ വായിച്ചെടുക്കാൻ ആവുക ?**



ഇതിനെല്ലാമിടയിൽ ഖുർആൻ സ്ത്രീക്ക് നൽകുന്ന അവകാശങ്ങൾ പലതും തമസ്കരിക്കപ്പെടുന്നത് ഈ ശരീഅത്ത് സംരക്ഷകർ കാണാതെ പോകുന്നു. വിവാഹത്തിന് സ്ത്രീക്ക് വരനിൽ നിന്ന് ചോദിച്ചു വാങ്ങുവാൻ അധികാരം നൽകുന്ന മഹറിന് പ്രാധാന്യം നൽകാതെ, സ്ത്രീധനത്തി

> ഖുർആന്റെ മൂല്യങ്ങളുടെയും , തത്വങ്ങളുടെയും അനുശാസന ങ്ങളുടെയും മാനവികത ഉൾക്കൊള്ളുന്നതും , ഇന്ത്യൻ ഭരണഘടന യുടെ സമത്വം നീതി തുടങ്ങിയ തത്വങ്ങൾക്ക് നിരക്കുന്ന തരത്തി ലും ഏവർക്കും നിയമത്തിന്റെ മുൻപിൽ സമത്വം സ്ഥാപിച്ചെടുക്കാ നുള്ള പരിശ്രമം നടത്തേണ്ടത് നമ്മൾ ഏവരുടെയും ബാധ്യതയാണ് . ആ പരിഷ്കരണവും ക്രോഡീകരണവും ഒരു മതവിഭാഗത്തിന്റെയും അവകാശങ്ങളെ ഹനിക്കുന്നതാവരുത്.

ന്റെ പുറകെ പോകുന്നതും അതിന്റെ പരിണിത ഫലങ്ങളും ഒന്നും നിയമത്തെ ന്യായീകരിക്കുന്ന വർകാണാതെ പോകുന്നത് എന്തുകൊണ്ടാണ് ?

ഇന്ത്യയിലെ പിന്തുടർച്ചാവകാശ നിയമത്തിന്റെ ദുരിതം പേറുന്ന നിരവധി കുടുംബങ്ങൾ നമുക്ക് ചുറ്റിലും ഉണ്ട് .പലപ്പോഴും പങ്കാളിയുടെ മരണ ത്തോടെ അതുവരെ ജീവിച്ച വീട്ടിൽ നിന്നും മക്ക ളെയും കൊണ്ട് ഇറങ്ങി കൊടുക്കേണ്ടി വന്നവ രെ നേരിട്ട് അറിയാം. പിന്തുടർച്ചാവകാശ നിയമ ങ്ങൾ മാറ്റങ്ങൾക്ക് വിധേയമല്ല എന്ന് യാഥാസ്ഥി തിക മതവാദികൾ വാദിക്കുമ്പോൾ, അതിന്റെ അ നീതികളിൽ നിന്നും രക്ഷനേടാൻ പല മാർഗങ്ങ ളും വിശ്വാസികൾ കണ്ടെത്തുന്നു. പെൺകുട്ടികൾ മാത്രമുള്ള ദമ്പതിമാർ തങ്ങളുടെ സ്വത്ത് മക്കൾ ക്കു മാത്രമായി ലഭ്യമാക്കാനായി സ്പെഷ്യൽ മാ രേജ് ആക്റ്റ് അനുസരിച്ച് വീണ്ടും വിവാഹിതരാ കുന്ന രീതി വർധിച്ചുവരുന്നു. പിന്തുടർച്ചാവകാശി കൾക്ക് ഒസിയത്തില്ല എന്ന് മുഹമ്മദൻ ലോയിലെ സെക്ഷൻ 114, 118 മറികടക്കാനായി അവകാശി കൾക്ക് സ്വത്ത് വിറ്റതായി രേഖകൾ ഉണ്ടാക്കുന്ന രീതിയും മതവിശ്വാസികൾ പിൻപറ്റുന്നു.

1937 ലെ മുസ്ലിം പിന്തുടർച്ചാവകാശ നിയമം പരിഷ്കരിക്കപ്പെടണം എന്ന ആവശ്യം എതിർപ്പി നെ നേരിടുന്നത് പോലെ , ഹിന്ദു കോഡ് ബില്ലി നും ഹിന്ദു ദേശീയവാദികളുടെയും , ഹിന്ദുമഹാ സഭയുടെയും ശക്തമായ എതിർപ്പിനെ നേരിടേണ്ടി വന്നിരുന്നു. ക്രിസ്ത്യൻ പിന്തുടർച്ചാവകാശ നി യമങ്ങൾക്ക് മാറ്റങ്ങൾ ഉണ്ടായത് വർഷങ്ങളോളം നീണ്ടുനിന്ന നിയമ യുദ്ധങ്ങൾ ഒടുവിലാണ്.

നമ്മുടെ ആചാരപരവും വിശ്വാസപരവുമായ പരമ്പരാഗത അവകാശങ്ങൾ നിഷേധിക്കപ്പെടുമെ ന്ന് വിശ്വാസികൾ ഭയപ്പെടുന്ന, കേന്ദ്ര ഭരണകൂടം ചുട്ടെടുക്കാൻ തയ്യാറെടുക്കുന്ന ഒരു ഏകീകൃത സി വിൽ നിയമമല്ല ഇതിനുള്ള പരിഹാരമെന്ന് ഫോ റം ഉറച്ചു വിശ്വസിക്കുന്നു. ഈ അരക്ഷിത കാല ത്തും ഇത്തരം ഒരു ആവശ്യം സമൂഹത്തിൽ ശ ക്തമായി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള കാര ണം ഈ വിഷയത്തിലുള്ള ഒരു കേസിന്റെ വിധി തീർപ്പ് സുപ്രീംകോടതിയിൽ അടുത്തുതന്നെ നട ക്കാനിരിക്കുന്നു എന്നതുകൊണ്ടാണ്.

സ്ത്രീകൾക്ക് യാതൊരു അവകാശവും ലഭ്യ മല്ലാതിരുന്ന കാലഘട്ടത്തിൽ പരിമിതമായെങ്കിലും സ്ത്രീകളുടെ സ്വത്വം അംഗീകരിക്കുകയും ,അവർ ക്ക് അവകാശങ്ങൾ അനുവദിക്കുകയും ചെയ്ത മതം ആധുനീകരണത്തെ ഉൾക്കൊള്ളാൻ മടിച്ചു നിൽക്കുന്ന സാഹചര്യത്തിലാണ് മതവിശ്വാസി കൾ എന്നുള്ള നിലയിൽ ഇസ്ലാമിലെ സ്ത്രീകൾ ക്ക് പുരുഷന് തുല്യമായ സിവിൽ അവകാശങ്ങൾ ഉറപ്പുവരുത്തുന്ന വിധം 1937 ലെ മുസ്ലിം വ്യക്തി നിയമം പരിഷ്കരിക്കണം എന്ന് ആവശ്യപ്പെടുന്ന തിന്റെ പശ്ചാത്തലം.

ഖുർആന്റെ മൂല്യങ്ങളുടെയും , തത്വങ്ങളുടെ യും അനുശാസനങ്ങളുടെയും മാനവികത ഉൾ ക്കൊള്ളുന്നതും , ഇന്ത്യൻ ഭരണഘടനയുടെ സ മത്വം നീതി തുടങ്ങിയ തത്വങ്ങൾക്ക് നിരക്കുന്ന തരത്തിലും ഏവർക്കും നിയമത്തിന്റെ മുൻപിൽ സമത്വം സ്ഥാപിച്ചെടുക്കാനുള്ള പരിശ്രമം നടത്തേ ണ്ടത് നമ്മൾ ഏവരുടെയും ബാധ്യതയാണ്. ആ പരിഷ്കരണവും ക്രോഡീകരണവും ഒരു മത വി ഭാഗത്തിന്റെയും അവകാശങ്ങളെ ഹനിക്കുന്നതാ വരുത്

മതത്തിൽ വിശ്വസിക്കുന്നവരും , സാമൂഹ്യ ന ന്മയ്ക്കും മനുഷ്യനീതിക്കും വേണ്ടി നിലകൊള്ളു ന്നവരും ഉൾക്കൊള്ളുന്ന ഈ കൂട്ടായ്മ (ഫോറം ഫോർ മുസ്ലിം വിമൻസ് ജെൻഡർ ജസ്റ്റിസ്) മത വിരുദ്ധരുടെതല്ല തന്നെ.

വേദവും ഭരണ ഘടനയും മുന്നോട്ടുവയ്ക്കുന്ന നീതിയുടെയും മാനവികതയുടെയും കാഴ്ചപ്പാടിൽ നിന്നുകൊണ്ട് സംവാദങ്ങളും ചർച്ചകളും ഉയർന്നു വരേണ്ടതുണ്ട് അതിനുതകുന്ന ഒരു തുറന്ന ഇട മായി ഫോറത്തെ വളർത്തിയെടുക്കണം. വിവേച നത്തിന് കാരണമാകുന്ന , സ്ത്രീവിരുദ്ധമായ എ ല്ലാ നിയമങ്ങളും തിരുത്തപ്പെടുക എന്നത് കാലം ആവശ്യപ്പെടുന്ന അനിവാര്യതയാണ്.



ചർച്ചാവിഷയം

# മതമറയിൽ അകപ്പെടുന്നവർ




**നഫീസ കോലോത്ത് തയ്യിൽ**
എഴുത്തുകാരി, ഫാമിലി കൗൺസിലർ
മലപ്പുറം


'നിങ്ങളുടെ കൈവശം മറ്റാരുടെയെങ്കിലും സ്വത്തുക്കൾ ഉണ്ടെങ്കിൽ അത് കൊടുത്തു വീട്ടുക.'

'സ്ത്രീകളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.അവർ നിങ്ങളുടെ അടുക്കൽ ഒരു അമാനത്താണ് ' സ്ത്രീകളോട് നിങ്ങൾ മാന്യമായി പെരുമാറുക. അവർക്ക് ആവശ്യമായതെല്ലാം നീതിപൂർവ്വം നിറവേറ്റുക. '

ഹിജ്റ പത്താം വർഷം അറേബ്യയിലെ അറഫാ മലയിൽ മുഹമ്മദ് നബി (സ) നടത്തിയ മാനവ സംസ്കാരത്തിന്റെ വിളംബരമായ വിടവാങ്ങൽ പ്രസംഗത്തിലെ ചില വാക്യങ്ങളാണ്... അവസാന കാലം വരെയും ഒരു പുരുഷ വിശ്വാസി സ്ത്രീയോട് നിലനിർത്തേണ്ട മര്യാദകളാണ് പ്രവാചകൻ ഇവിടെ പ്രതിപാദിച്ചത്.

‘മലപ്പുറം ജില്ലയിലെ താനൂരിൽ താമസിക്കുന്ന അറുപത്തെട്ടുകാരിയായ ആയിശുമ്മക്ക് ബന്ധുക്കളായി മൂന്നു പെണ്മക്കളും അഞ്ചു പേരമക്കളുമാണ് ഉള്ളത്. വാർധക്യത്തിലേക്കു കാലെടുത്തുവെച്ച ആ ഉമ്മ ഇന്ന് കടത്തിന്റെ കെട്ടിക്കുടുക്കിൽ കിടന്നു പിടയുകയാണ്.

മലപ്പുറത്തുള്ള മറ്റു ഗൾഫു കുടിയേറ്റക്കാരെ പോലെ തന്നെ ദാരിദ്ര്യം അലട്ടിയപ്പോഴാണ് ഭാര്യയെയും മൂന്നു പെൺകുട്ടികളെയും വാടക വീട്ടിൽ വിട്ടു കൊണ്ട് ഹംസക്കോയയും കടൽ കടന്നത്. സ്വന്തമായി ഒരു കൂര പണിയാനുള്ള പെടാപാടിനിടയിൽ മണലാരണ്യത്തിൽ നിന്നും ഹംരിക പ്രയാസം നേരിടാൻ തുടങ്ങിയപ്പോൾ നാട്ടിൽ തിരിച്ചെത്തി.

രണ്ടു പെണ്മക്കളുടെ വിവാഹത്തിന്റെയും സ്വന്തം ചികിത്സയുടെയും സാമ്പത്തിക ബാധ്യതകൂടിയപ്പോൾ കിടപ്പാടം അവർ വിൽക്കാൻ നിർബന്ധിതരായി.

മണലാരണ്യത്തിലെ മുൻസിപ്പാലിറ്റിയിൽ ഇരുപത് വർഷത്തോളം കൂലി വേല ചെയ്തു കിട്ടിയ തുച്ഛമായ വരുമാനം ഊറ്റിപ്പെറുക്കി വെച്ചു കൊണ്ട് വാങ്ങിയ വീടും പറമ്പും വിറ്റ അവർ വീണ്ടും വാടക വീട്ടിലേക്ക് താമസമാക്കി. കടബാധ്യതകൾ തീർത്തതിൽ മിച്ചം വന്ന പണം കൊണ്ട് ഹംസ



സക്കോയ സ്വന്തം മണ്ണിൽ കാലു കുത്തിയത് ഏഴു വർഷങ്ങൾക്ക് ശേഷമാണ്. വാടക വീട്ടിൽ ഭർത്താവിന്റെ അഭാവത്തിൽ മൂന്നു പെൺ മക്കളുമായി ആയിശുമ്മ കണ്ണിൽ എണ്ണ ഒഴിച്ചു കാത്തിരുന്ന നാളുകളായിരുന്നു.

ഏഴു വർഷം മരുഭൂമിയിൽ ജോലി ചെയ്തു സ്വരൂപിച്ചത് അഞ്ചു ലക്ഷം രൂപയായിരുന്നു. അത് കൊണ്ട് സ്വന്തമായി ഭൂമി വാങ്ങി. അതിൽ ഭാര്യയുടെ കുടുംബ വിഹിതം ചിലവാക്കിക്കൊണ്ട് വീടു നിർമ്മിക്കുകയും ചെയ്തു. ഹംസക്കോയ ഗൾഫിൽ ജോലി ചെയ്തു കൊണ്ടിരിക്കെ മൂത്ത മകളുടെ വിവാഹം നടത്തി. ഇരുപത് വർഷത്തോളം ഹംസക്കോയ ഗൾഫിൽ കൂലി വേല ചെയ്തു. ശാരീക്കോയ വീണ്ടും വീട് നിർമ്മിക്കുവാനായി ഒമ്പത് സെന്റ് ഭൂമി വാങ്ങുകയും അതിലൊരു കൊച്ചു വീടു പണിയും ആരംഭിച്ചു. എന്നാൽ വീടു പണി പൂർത്തിയാകും മുമ്പ് ആരോഗ്യസ്ഥിതി മോശമാവുകയും 2018ൽ അദ്ദേഹം മരണപ്പെടുകയും ചെയ്തു. ഇതോടെ ആയിശുമ്മയിൽ കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്വങ്ങളും വന്നു ചേർന്നു. ഇതിനിടയിൽ മൂത്ത മകൾ വിവാഹബന്ധം ഒഴിവാക്കി വീട്ടിൽ തിരിച്ചു വന്നു.

ദാരിദ്ര്യത്തിന്റെ കൈപുനീർ നുണഞ്ഞു ശീലിച്ചതെങ്കിലും, ആയിശുമ്മ പെൺമക്കളുമായി അടച്ചുറപ്പില്ലാത്ത വീട്ടിൽ താമസിക്കാൻ ഭയപ്പെട്ടു.പരിചയമുള്ള പലരോടും കടം വാങ്ങിയും സുമന

സ്സുകളുടെ സഹായത്താലും ആയിഷുമ്മ വീടിന് വാതിലിനു പൊളികളടക്കം അത്യാവശ്യം വേണ്ട മറ്റു പണികളും ചെയ്യിച്ചു. നിത്യ ജീവിതത്തിലെ ചിലവുകളും വീടു പണിയും കാരണം ഈ കുടുംബം തിരിച്ചു നൽകാൻ സാധിക്കാത്ത വലിയൊരു സംഖ്യയുടെ കടക്കെണിയിലകപ്പെട്ടു. വീണ്ടും ആ ഉമ്മയും മക്കളും കിടപ്പാടം വില്പന നടത്തി കടങ്ങൾ വീട്ടാൻ തീരുമാനിച്ചു. എന്നാൽ ഇത്തവണ അവർക്ക് അതിന് സാധിക്കുന്നില്ല.

ഹംസക്കോയക്ക് പെണ്മക്കൾ മാത്രമായത് കൊണ്ട് സഹോദരങ്ങൾക്കും അവകാശം കൊടുക്കണം. അവരുടെ സമ്മതത്താൽ മാത്രമാണ് ആയിശുമ്മയും മക്കളും താമസിച്ചു വരുന്ന വീടും സ്ഥലവും വിൽക്കാൻ സാധിക്കുകയുള്ളൂ.

സഹോദരങ്ങളിൽ ഒരാളെ കാലങ്ങൾക്ക് മുമ്പ് കാണാതായതാണ്. വീടും സ്ഥലവും വിൽക്കുവാൻ ഈ സഹോദരന്റെയും സമ്മതം ആവശ്യമായിരിക്കുന്നു.

സഹോദരങ്ങളുടെ എല്ലാവരുടെയും സമ്മതപത്രം ഉണ്ടെങ്കിലേ വീട് വിൽക്കാനും ഈ കുടുംബത്തിന് കടബാധ്യതയിൽ നിന്നും രക്ഷപ്പെടാനും സാധിക്കുകയുള്ളൂ. ഹംസക്കോയ തന്റെ യൗവ്വന കാലം മുഴുവനും മണലാരണ്യത്തിൽ ഉരുക്കി ഒഴുക്കിയും ദാമ്പത്യത്തിന്റെ വിരഹ വേദനയിൽ പിടഞ്ഞു കൊണ്ട് ആയിശുമ്മയും മനസ്സും ശരീരവും മറന്നു കൊണ്ട് അധ്വാനിച്ചുണ്ടാക്കിയ കിടപ്പാടം കുടുംബത്തിന്റെ ആവശ്യത്തിന് ഉപകരിക്കാതെ നിൽക്കുന്നു.

നിലവിലുള്ള ഇസ്ലാമിക സ്വത്തവകാശ നിയമപ്രകാരം ( ശരീഅഃ 1937 ) ആൺകുട്ടികളില്ലാത്തവരുടെ സമ്പാദ്യത്തിൽ സഹോദരങ്ങളും അവകാശികളായി വരുന്നു എന്ന ഒറ്റക്കാരണത്താൽ ഇന്ന് സ്വസ്ഥത നശിപ്പിക്കുന്ന കടക്കെണിയിൽ നിന്നും രക്ഷപ്പെടാനുള്ള വക ഈ കുടുംബത്തിന്റ കൈവശം ഉണ്ടെങ്കിലും ആവശ്യം വന്നപ്പോൾ ഉപയോഗിക്കാൻ അവർക്ക് സാധിക്കുന്നില്ല.

ഹംസക്കോയക്ക് പെൺമക്കൾ മാത്രമായി എന്ന കാരണം ഒന്നു കൊണ്ട് മാത്രം ഈ കുടുംബം കടമുള്ള കാരണത്താൽ ജീവൻ വെടിയേണ്ട നിലയിൽ എത്തിയിട്ടുണ്ട്. ഓരോ കാലഘട്ടത്തിനനുസരിച്ചുണ്ടായ നിയമങ്ങൾ പലയിടത്തും മാറ്റം വന്നിരിക്കുന്നു.എന്നാൽ പലരും ചേർന്നു എഴുതി ഉണ്ടാക്കിയ നിയമങ്ങളെ നീതികരിക്കാനും മനുഷ്യർക്ക് ഉപകാരപ്പെടുത്താനും സാധിക്കുന്നില്ല. കൂടാതെ ഇത്തരം നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം സാധാരണക്കാർക്ക് കൊടുക്കാതിരിക്കുന്നതും ചതിയേക്കാൾ ചെറുതല്ല.

പാവപ്പെട്ട ഒരു കുടുംബം ഉടലെടുക്കുമ്പോൾ ഒരു കുടുംബനാഥൻ കുടുംബത്തിന്റെ സംരക്ഷണത്തെക്കുറിച്ചു മാത്രമേ ചിന്തിക്കുന്നുള്ളൂ. പെൺമക്കൾ മാത്രമുള്ള മാതാപിതാക്കൾ മാന്യമായ രീതിയിൽ അവരെ വിവാഹം ചെയ്തു സുരക്ഷിതമാക്കുക എന്നതും സുപ്രധാന കർത്തവ്യമായി കാണുന്നു. പെൺമക്കളുള്ള രക്ഷിതാക്കൾ മണലാരണ്യത്തിലേക്ക് കടക്കുന്നത് പെൺമക്കൾക്ക് വേണ്ട സ്ത്രീധനം ഒരുക്കുവാനും വേണ്ടിയാണ്. ഹംസക്കോയ പെണ്മക്കളുടെ വിവാഹദൗത്യം നിർവ്വഹിച്ചു. എങ്കിലും, വിറ്റ വീടിനു പകരം നിർമ്മിക്കുന്ന വീടിന്റെ പണി പൂർത്തീകരിക്കാതെ ജീവിതത്തിൽ നിന്നും വിട പറയുകയായിരുന്നു.

വിധവയായ ഭാര്യക്കും മക്കൾക്കും ഇപ്പോൾ ഇങ്ങനെ ഒരവസ്ഥ ഉണ്ടാവുമെന്ന് അദ്ദേഹം ഒരിക്കൽ പോലും ചിന്തിച്ചു കാണില്ല. കാരണം പ്രവാചകരെ പിന്തുടരുന്ന സത്യവിശ്വാസികൾ ഒരാളുടെയും കണ്ണുനീര് വീഴാൻ അനുവദിക്കുകയില്ല എന്ന വിശ്വാസം അദ്ദേഹത്തിന്റെ ഉള്ളിൽ ഉണ്ടായിരിക്കണം.

> **'അനാഥർക്ക് സംരക്ഷണം നൽകുന്നവനും ഞാനും തമ്മിൽ സ്വർഗ്ഗത്തിൽ കൈവിരലുകൾ പോലെ അടുത്തായിരിക്കും എന്ന് റസൂൽ പറഞ്ഞതാണ്.' അനാഥരിൽ നിന്നും സമ്പത്തിന്റെ മൂന്നിൽ ഒരു ഓഹരിയും വാങ്ങി പിന്നീട് അവരെ തിരിഞ്ഞു നോക്കാത്ത സഹോദരങ്ങളെയാണ് സമൂഹത്തിലിന്നു അധികവും കാണുന്നത്.**

ഒരു കുടുംബനാഥൻ മരണപ്പെടുമ്പോൾ പറക്കമുറ്റാത്ത കുടുംബത്തെ സഹായിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ അദേഹത്തിന്റ കൂടെപ്പിറപ്പുകൾ ബാധ്യസ്ഥരാണ്. മരണപ്പെട്ട ആളിന്റെ സ്വത്തിന്റെ ഓഹരി മൂന്നിൽ ഒന്ന് കിട്ടിയില്ല എങ്കിലും ഈ കടമ സഹോദരങ്ങൾ നിറവേറ്റേണ്ടതാണ് .

ആയിശുമ്മയെ പോലെ അനേകം സ്ത്രീകളുണ്ട് നമുക്ക് ചുറ്റും. ഭർത്താവിന്റെയോ പിതാവിന്റെയോ സമ്പാദ്യത്തിന്റെ വീതം ലഭിച്ചിട്ടുള്ളവർ. ഇതൊന്നും ആ സ്ത്രീകൾക്ക് സ്വന്തം ആവശ്യത്തിനു ഉപയോഗപ്പെടുത്താൻ സാധിക്കാറില്ല, ദാരിദ്ര്യത്തിന്റെ ദുരിതം പേറിക്കൊണ്ട് അവർ പലരു

ടെയും ഔദാര്യത്തിൽ ജീവിച്ചു കൊണ്ട് മരിച്ചു പോകുന്നു. ഇവരുടെ മരണ ശേഷം ഈ സ്വത്തുക്കൾ അവരെ സംരക്ഷിക്കാൻ ഏൽപ്പിക്കപ്പെട്ടവർ കൈവശപ്പെടുത്തുന്നു.

'അനാഥർക്ക് സംരക്ഷണം നൽകുന്നവനും ഞാനും തമ്മിൽ സ്വർഗ്ഗത്തിൽ കൈവിരലുകൾ പോലെ അടുത്തായിരിക്കും എന്ന് റസൂൽ പറഞ്ഞതാണ്.' അനാഥരിൽ നിന്നും സമ്പത്തിന്റെ മൂന്നിൽ ഒരു ഓഹരിയും വാങ്ങി പിന്നീട് അവരെ തിരിഞ്ഞു നോക്കാത്ത സഹോദരങ്ങളെയാണ് സമൂഹത്തിലിന്നു അധികവും കാണുന്നത്.

പിൻതുടർച്ചാവകാശനിയമം മാറ്റിപ്പിടിക്കേണ്ടത് പോലെ ഇന്ന് മുസ്ലിംസ്ത്രീകൾ മറ്റുള്ളവർക്കിടയിൽ അവഹേളിക്കപ്പെടാനുതകുന്ന പല തടസ്സങ്ങളും സമുദായത്തിൽ നിന്നും നീങ്ങേണ്ടതുണ്ട്.


ചില പുരുഷൻമാരുടെ മതചര്യയെന്ന വ്യാജേന കുടുംബത്തിലെ സ്ത്രീകൾക്ക് നേരെ നടത്തി വരുന്ന കടും പിടുത്തമാണ് ഇതിനു കാരണം.

പ്രവാചകൻ വിടവാങ്ങൽ പ്രസംഗത്തിലൂടെ സ്ത്രീകളോട് അവരുടെ ഭർത്താക്കന്മാരോട് നീതി പുലർത്തുവാൻ ആജ്ഞാപിച്ചു. കിടപ്പറയിൽ അന്യ പുരുഷനു കയറാൻ അനുവാദം നൽകാൻ പാടില്ല. ഭർത്താവിന്റെ അഭാവത്തിൽ അവന്റെ സ്വത്ത് സംരക്ഷിക്കാനും സന്താനങ്ങളെ നല്ല രീതിയിൽ വളർത്തുവാനും നബി കല്പിച്ചു. അത് പോലെ ഉമ്മയുടെ കാലിനടിയിലാണ് മക്കളുടെ സ്വർഗ്ഗമെന്നും പറയപ്പെടുന്നു. ഉമ്മ അവൾക്ക് സ്വർഗ്ഗം ജീവിച്ചു കൊണ്ട് കാണിച്ചു കൊടുക്കണം. ഇതിനായി നിർബന്ധമായും ഇന്ന് സ്ത്രീകൾ വീടിനു പുറത്തിറങ്ങേണ്ടതായി വരുന്നുണ്ട് . ഖുർആനും പ്രവാചകനും പറയാത്ത നിബന്ധനകളാണ് പല സ്ത്രീകളും പുരുഷൻമാരിൽ നിന്നും നേരിടുന്നത്.

സ്വന്തമായി അഭിപ്രായങ്ങളോ ഇഷ്ടങ്ങളോ ഉണ്ടാവാൻ പാടില്ലെന്നോ അത് പോലെ അന്യരോട് മിണ്ടാനോ, ചിരിക്കാനോ, ചിന്തിക്കാനോ പാടില്ല എന്ന വിലക്കുകളൊന്നും ഖുർആൻ എവിടെയും എഴുതി വെച്ചിട്ടില്ല. ഇതെല്ലാം സ്ത്രീകളെ തളച്ചിടാനായി പലരും മതത്തോട് ചേർത്തു കെട്ടിയവയാണ്. ഇതിൽ ചിലതെല്ലാം ചില സാഹചര്യത്തിൽ അതിരു ലംഘിക്കരുത് എന്ന് മാത്രമേ പറയുന്നുള്ളൂ. എന്നാലത് പുരുഷനും ബാധകമാണ്.

ഇസ്ലാമിൽ സ്ത്രീവിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുന്നു. വളർത്തുമൃഗങ്ങളെ വീടിനു പുറത്തു കെട്ടിയിട്ട് പോറ്റുന്നത് പോലെ വീടിനുള്ളിൽ കെട്ടിയിട്ടു കൊണ്ട് സ്ത്രീകൾ എതെകിലും പുരുഷന്റെ സംരക്ഷണത്തിൽ കഴിയുന്ന കാലം കഴിഞ്ഞു.

കാലത്തിനൊത്ത് കോലം മാറുന്ന ഈ കാലത്ത് മതത്തിന്റെ വിപരീതമായി നടത്തി വരുന്ന പല തരം അനാചാരങ്ങൾക്കും സമുദായം മൗന സമ്മതം നൽകുമ്പോൾ സ്ത്രീകളുടെ കഴിവുകളെ അംഗീകരിച്ചു കൊടുക്കുന്നതിനും അവർക്ക്




> **"സ്വന്തമായി അഭിപ്രായങ്ങളോ ഇഷ്ടങ്ങളോ ഉണ്ടാവാൻ പാടില്ലെന്നോ അത് പോലെ അന്യരോട് മിണ്ടാനോ, ചിരിക്കാനോ, ചിന്തിക്കാനോ പാടില്ല എന്ന വിലക്കുകളൊന്നും ഖുർആൻ എവിടെയും എഴുതി വെച്ചിട്ടില്ല. ഇതെല്ലാം സ്ത്രീകളെ തളച്ചിടാനായി പലരും മതത്തോട് ചേർത്തുകെട്ടിയവയാണ്.**

പുരുഷനു തുല്യമായ പ്രാധാന്യം നൽകുവാനും സമ്പത്തിന്റെ വീതം നൽകുന്ന കാര്യത്തിലും ഈ കടും പിടുത്തത്തിന്റ ആവശ്യമുണ്ടോ..??

പല കുടുംബങ്ങളിലും പുരുഷൻമാരുടെ നിരുത്തരവാദിത്വപരമായ പെരുമാറ്റത്താലും അതല്ല എങ്കിൽ അവരുടെ അഭാവത്തിലും സ്ത്രീകൾ സ്വയം പുറത്തു പോയി അധ്വാനിച്ചു കൊണ്ട് കുടുംബം പുലർത്തുന്നുണ്ട്. രോഗികളും വാർദ്ധക്യവുമായ മാതാപിതാക്കൾക്ക് ആൺമക്കളെക്കാളും അധികം പെൺമക്കൾ സംരക്ഷണം നൽകുന്നുണ്ട്. സ്ത്രീകൾക്ക് അവർ ആഗ്രഹിക്കുന്ന വസ്ത്രങ്ങൾ മാന്യമായ രീതിയിൽ ധരിച്ചുകൊണ്ട് സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി വീട്ടിൽ നിന്നും പുറത്തിറങ്ങാനുള്ള സ്വാതന്ത്ര്യവും ഇസ്ലാം നൽകുന്നുണ്ട്. ക്ഷമയും മനോ ബലവും സ്ത്രീകൾക്ക് പുരുഷനേക്കാൾ കുറവില്ല എന്നത് പ്രസവം എന്ന മഹത് കർമത്തിലൂടെ അവൾ തെളിയിക്കുന്നു.

'ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്.' സ്ത്രീകളോട് കാണിക്കുന്ന കണ്ണടച്ചു ഇരുട്ടാക്കുന്ന ഈ വിവേചനം പുരുഷ മേധാവിത്വങ്ങൽ അവസാ

നൽകും എന്ന് 1400 വർഷങ്ങൾക്ക് മുമ്പ് പ്രവാചകൻ പറഞ്ഞത് ഭർത്താവിന്റെ മരണശേഷം എന്നല്ല. ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ തന്നെയാണ്.

ഭർത്താക്കന്മാരെ യജമാനന്മാരായി കണ്ടു ജീവിക്കാൻ വിധിക്കപ്പെട്ട സ്ത്രീകൾ ഭാര്യയെ അടിമയായി കാണുന്ന ഭർത്താക്കന്മാർ– ഇന്ന് കുടുംബത്തിന്റെ ശക്തി ക്ഷയിക്കുന്നതിനു ഇതിൽപരം കാരണങ്ങൾ തിരയേണ്ടതില്ല. സ്ത്രീകൾക്ക് പുരുഷന്മാരെ ഭരിക്കാനുള്ള അധികാരം അല്ല വേണ്ടത്. സംരക്ഷണം ഏല്പിക്കപ്പെടുന്ന പുരുഷന്മാരുടെ അഭാവത്തിലും സ്വന്തം അസ്ഥിത്വത്തിനു സ്വയം സംരക്ഷണം നൽകാനുള്ള സാമ്പത്തിക ശക്തിയും സ്വാതന്ത്ര്യവുമാണ് വേണ്ടത്.



**ഭർത്താക്കന്മാരെ യജമാനന്മാരായി കണ്ടു ജീവിക്കാൻ വിധിക്കപ്പെട്ട സ്ത്രീകൾ ഭാര്യയെ അടിമയായി കാണുന്ന ഭർത്താക്കന്മാർ - ഇന്ന് കുടുംബത്തിന്റെ ശക്തി ക്ഷയിക്കുന്നതിനു ഇതിൽപരം കാരണങ്ങൾ തിരയേണ്ടതില്ല. സ്ത്രീകൾക്ക് പുരുഷന്മാരെ ഭരിക്കാനുള്ള അധികാരം അല്ല വേണ്ടത്. സംരക്ഷണം ഏല്പിക്കപ്പെടുന്ന പുരുഷന്മാരുടെ അഭാവത്തിലും സ്വന്തം അസ്ഥിത്വത്തിനു സ്വയം സംരക്ഷണം നൽകാനുള്ള സാമ്പത്തികശക്തിയും സ്വാതന്ത്ര്യവുമാണ് വേണ്ടത്.**

നിപ്പിക്കേണ്ട സമയം അധികരിച്ചിരിക്കുന്നു.സ്ത്രീകൾ കുടുംബത്തിന്റെ വിളക്കാണെങ്കിൽ ആ വിളക്കിന്റെ വെളിച്ചത്തിൽ ജീവിക്കുമ്പോഴാണ് കുടുംബവും സമൂഹവും സമുദായവും നിറമുള്ളതാകുന്നത്.

ഭാര്യമാർക്ക് നിങ്ങളുടെ സമ്പത്തിൽ നിന്നും ഒരു വീതം നൽകുക. അതവൾക്ക് സുരക്ഷിതത്വം

ബാപ്പ ഇല്ലെങ്കിലും ആങ്ങള ഇല്ലങ്കിലും ഭർത്താവില്ലെങ്കിലും മകനില്ലെങ്കിലും അവൾക്കീ ഭൂമിയെ അറിഞ്ഞു കൊണ്ടും അനുഭവിച്ചു കൊണ്ടും ആത്മാഭിമാനത്തോടെ ഇവിടെ ജീവിക്കണം.



ചർച്ചാവിഷയം

# മുസ്ലിം പിന്തുടർച്ചവകാശത്തിൽ കാണാതെ പോകുന്ന ചില കണ്ണീർ ചാലുകൾ




അഡ്വ. റംലത്ത് പുതുശ്ശേരി
മഞ്ചേരി കോടതി


ആയിഷുമ്മ. വയസ്സ് അറുപത്തിയെട്ട്. മലപ്പുറം ജില്ലയിലെ താനൂര് ആണ് സ്വദേശം. മൂന്ന് പെൺമക്കളാണ് ആയിഷുമ്മക്ക്. 2018ൽ ഭർത്താവ് ഹംസക്കോയ മരിക്കുമ്പോൾ പണി തീരാത്ത ഒരു വീടും എട്ട് സെന്റ് സ്ഥലവും ആണ് അവർക്ക് ഉണ്ടായിരുന്നത്. സ്വന്തമായുള്ളതൊക്കെ വിറ്റും കുടുംബശ്രീയിൽ നിന്നും ലോൺ എടുത്തും ചിലരിൽ നിന്നും കടം വാങ്ങിയും വീടിന്റെ പണി പൂർത്തിയാക്കുമ്പോൾ ആയിഷുമ്മയുടെ മനസ്സിൽ ഉണ്ടായിരുന്നത് ഒരു വിധം ഭേദപ്പെട്ട ഈ വീട് വിറ്റ് കടബാധ്യതകൾ തീർക്കാം. മറ്റൊരു സ്ഥലത്ത് ചെറിയൊരു വീട് സ്വന്തമാക്കി താമസം അങ്ങോട്ട് മാറാം. വീടിന്റെ പണി പൂർത്തിയാക്കി നിയമപ്രകാരമുള്ള അവകാശ സർട്ടിഫിക്കറ്റിനായി വില്ലേജ് ഓഫീസറെ സമീപിച്ചപ്പോഴാണ് പെൺമക്കൾ മാത്രമുള്ള ഒരു മുസ്ലിം സ്ത്രീക്കും മക്കൾക്കും ഇന്ത്യയിലെ ശരീ–അത്ത് (പിന്തുടർച്ചാവകാശ നിയമപ്രകാരം) പ്രകാരം ഭർത്താവിന്റെ സ്വത്തിൽ പൂർണവകാശം ഇല്ലെന്ന് മനസ്സിലായത്. തങ്ങളുടെ എട്ട് സെന്റ്

സ്ഥലത്തിനും വീടിനും ഭർത്താവിന്റെ സഹോദര ങ്ങളും അവകാശികൾ ആണെന്ന് വില്ലേജോഫീസർ പറഞ്ഞപ്പോഴാണ് അവർ മനസ്സിലാക്കിയത്.

1937 ലെ ഇന്ത്യൻ ശരിയത്ത് നിയമപ്രകാരം ഒന്നിലധികം പെൺമക്കളാണ് മരിച്ച ഒരാൾക്കുള്ള തെങ്കിൽ സ്വത്തിന്റെ മൂന്നിൽ രണ്ടുഭാഗത്തിന് മാത്രമേ മക്കൾക്ക് അവകാശമുള്ളൂ മൂന്നിലൊന്നു ഭാഗത്തിന് ഭർത്താവിന്റെ സഹോദരങ്ങൾക്കും അവകാശമുണ്ട്. ഒന്നുകിൽ അവർക്ക് ആവശ്യമായ സ്വത്തിൽ നിന്ന് അവകാശം കൊടുക്കണം അതല്ലെങ്കിൽ ഐഷുമ്മയുടെ ഭർതൃസഹോദരങ്ങളായ അഞ്ചുപേരും ഒപ്പിട്ടു ഒഴിമുറി നൽകിയാൽ മാത്രമേ ഭാര്യക്കോ മക്കൾക്കോ സ്വത്തിന് അവകാശം ലഭിക്കുകയുള്ളൂ. പല കാരണങ്ങളാൽ ഇതൊന്നും നടക്കാതെ കടബാധ്യതയും അതിനു മേലുള്ള പലിശയും വർദ്ധിച്ചു. ജീവിതം ദുരിത പൂർണമായ ആയിശുമ്മ മുട്ടാത്ത വാതിലുകളില്ല .ഓരോ ദിവസവും കടം വീട്ടാനുള്ള ആധിയിൽ ഉരുകി നീറുകയാണവർ.

2. റൂബിയ. വയസ്സ് ഇരുപത്തിയാറ്. മൂവാറ്റുപുഴ സ്വദേശിനി മാതാപിതാക്കളുടെ ഏക മകൾ. 2020ൽ പിതാവ് മരിക്കുമ്പോൾ പിന്തുടർച്ച അവകാശമായി കിട്ടേണ്ടിയിരുന്നത് പിതാവ് സ്വന്തമായി സമ്പാദിച്ച ഷോപ്പിംഗ് കോംപ്ലക്സുകളും വാടക കെട്ടിടങ്ങളും ഒക്കെയാണ്. എന്നാൽ ഇന്ത്യയിലെ മുസ്ലിംപിന്തുടർച്ചവകാശ നിയമപ്രകാരം മരണപ്പെട്ട ഒരാൾക്ക് പെൺമക്കൾ മാത്രമാണുള്ളതെങ്കിൽ മരിച്ചയാളുടെ സ്വത്തിന്റെ പകുതി മാത്രമേ മകൾക്ക് അവകാശപ്പെട്ടതായി ഉണ്ടാവുകയുള്ളൂ. ബാക്കി പകുതിയിൽ പിതാവിന്റെ സഹോദരങ്ങൾക്ക് അവകാശമുണ്ട്. സ്ത്രീകളുടെ സംരക്ഷണ ഉത്തരവാദിത്വം പുരുഷനിൽ നിക്ഷിപ്തമാണ് എന്ന കാഴ്ചപ്പാടിൽ രൂപം കൊണ്ട പിന്തുടർച്ചാവകാശ നിയമം സംരക്ഷണച്ചുമതലയുടെ പേരിൽ പെൺമക്കളുടെ സ്വത്തിൽ പിതാവിന്റെ സഹോദരങ്ങൾക്ക് കൂടി അവകാശം കൊടുക്കുകയാണ്. വിവാഹിതയായ റൂബിയയുടെ സംരക്ഷണച്ചുമതല പിതാവിന്റെ സഹോദരങ്ങൾക്ക് ഉണ്ട് എന്നത് ആധുനിക കുടുംബസംവിധാനത്തിൽ അപ്രായോഗികമാണ്. സംരക്ഷണച്ചുമതല ഏറ്റെടുത്തില്ല എന്ന് മാത്രമല്ല തന്റെ പിതാവിന്റെ സ്വത്തിൽ അവകാശം സ്ഥാപിച്ചുകൊണ്ട് പിതൃസഹോദരങ്ങൾ എത്തുന്ന ദുരനുഭവമാണ് അവർക്കുണ്ടായത്. തന്റെ പിതാവിന്റെ സ്വത്തിനു വേണ്ടി കോടതി കയറി ഇറങ്ങുന്ന സ്ഥിതിയിലാണ് രണ്ടു കുട്ടികളുടെ മാതാവായ റൂബിയ. പിതാവ് സമ്പാദിച്ച സ്വത്തിന് അവകാശിയാകേണ്ട ഏക മകൾ ഇന്നിപ്പോൾ അവർക്ക് പണം കൊടുത്ത് അവകാശം സ്ഥാപിച്ചു കിട്ടേണ്ട അവസ്ഥയിലാണ് ഉള്ളത് .

3. പന്ത്രണ്ട് വർഷങ്ങൾക്കു മുമ്പ് ജോലി സൗകര്യാർത്ഥം ടൗണിലെ ഒരു ഫ്ളാറ്റിലായിരുന്നു താമസം. തൊട്ടടുത്ത ഫ്ളാറ്റിൽ താമസിക്കുന്നത് ഏകദേശം അറുപത്തിയഞ്ച് വയസ്സിനോടടുത്ത് പ്രായമുള്ള വിധവയായ ഒരു ഉമ്മയും അവരുടെ മുപ്പത്തിരണ്ട് വയസ്സുള്ള ഒരു മകളും ഭർത്താവും, 2 കുട്ടികളും. ഒരു ദിവസം സൗഹൃദ സംഭാഷണത്തിനിടെ അവർ എന്നോട് പറഞ്ഞു 'ഞങ്ങളുടെ കേസ് തീർന്നു വക്കീലേ, നാളെ സെറ്റിൽ ചെയ്യാൻ ഞങ്ങൾ എറണാകുളം പോകുകയാണ്,' പിന്നെ അവർ കണ്ണീരോടെ ആ സങ്കടക്കഥകൾ എന്നോട് പറഞ്ഞു. നീണ്ട ഇരുപത്തിനാല് വർഷങ്ങൾ വിധവായ ആ ഉമ്മയും മകളും താണ്ടിയ കണ്ണീരിന്റെയും നിയമപോരാട്ടങ്ങളുടെയും കഥകൾ.. മകൾ സീനക്ക് (പേര് മാറ്റിയിട്ടുണ്ട്) ഏഴുവയസുള്ളപ്പോൾ അവളുടെ ഉപ്പ മരിച്ചു. അത്യാവശ്യം സാമ്പത്തിക സ്ഥിതിയുള്ള ഒരു കുടുംബം. സീനയുടെ ഉപ്പയുടെ സമ്പാദ്യം കൊണ്ടു വാങ്ങിയ സ്ഥലവും അതിൽ നഫീസയുടെ സ്വർണവും കൂടി കൂട്ടി ഉണ്ടാക്കിയ ഒരു ബിൽഡിംഗ് ഉണ്ട്. കുഴപ്പമില്ലാത്ത വാടക ഉണ്ട്. ഭർത്താവ് മരിച്ചപ്പോഴും ചെറിയ പ്രായത്തിൽ വിധവ ആയപ്പോഴും നഫീസക്ക്പിന്നെ പ്രതീക്ഷ മകളായിരുന്നു. സീനയുടെ ഉപ്പ മരിക്കുന്നതിന് മുൻപ് സീനയുടെ ഉപ്പൂപ്പാ മരണപെട്ടിരുന്നു. കുടുംബനാഥന്റെ മരണത്തിൽ തളർന്നിരിക്കുന്ന സ്വന്തമായി ജോലിയോ വരുമാനമോ ഇല്ലാത്ത നഫീസയുടെ ആശ്വാസം ഭർത്താവിന്റെ പേരിലുള്ള ആ ബിൽഡിംഗും അതിൽ നിന്ന് ലഭിക്കുന്ന വാടകയും ആയിരുന്നു. അങ്ങനെ ആശ്വസിച്ചിരിക്കുമ്പോഴാണ് ആ ബിൽഡിംഗിൽ അവകാശം ചോദിച്ചു സീനയുടെ മൂത്താപ്പ വന്നത്. സീന പെൺകുട്ടി ആയതു കൊണ്ട് സീനയുടെ ഉപ്പയുടെ സ്വത്തിൽ പകുതി അവകാശം സഹോദരങ്ങൾക്കുണ്ടത്രേ. ഇടി വെട്ടേറ്റവനെ പാമ്പ് കടിച്ച അവസ്ഥ. എന്നാൽ സീനയുടെ ഉമ്മുമ്മയും മറ്റു സഹോദരങ്ങളും അവരുടെ അവകാശം സീനയുടെ പേരിൽ എഴുതി കൊടുത്തു. പലരും പറഞ്ഞു നോക്കിയങ്കിലും മൂത്താപ്പ സ്വത്ത് കിട്ടിയേ അടങ്ങൂ എന്നായി. അങ്ങനെ വിധവയായ ആ ഉമ്മയുടെയും ഉപ്പ നഷ്ടപെട്ട ആ കുഞ്ഞിന്റെയും കണ്ണീരു കാണാതെ ശരീഅത്ത് പ്രകാരം അവകാശം കിട്ടാനായി ആ മൂത്താപ്പ partition suit file ചെയ്തു. ഉപ്പൂപ്പ സീനയുടെ ഉപ്പ മരിക്കുന്നതിന് മുൻപ് മരിച്ചതിനാൽ സീനയുടെ ഉപ്പക്കുള്ള അവകാശം കിട്ടാനായി നാഫീസയും കേസ് ഫയൽ ചെയ്തു. അ

ങ്ങനെ കേസും സ്റ്റേയും അപ്പീലും ഒക്കെയായി ഹൈക്കോടതി വരെയെത്തി. നീണ്ട ഇരുപത്തി നാല് വർഷങ്ങൾ... അതിനിടക്ക് സീനക്ക് കല്യാണ പ്രായമായി. നാഫീസയുടെ വീട്ടുകാരുടെ സഹായത്തോടെ സീനയുടെ കല്യാണം കഴിഞ്ഞു. രണ്ട് കുട്ടികളായി. കേസും കൂട്ടവുമായി ഇരുപത്തിനാല് വർഷം പിന്നിട്ടപ്പോൾ കേസ് കൊടുത്ത മൂത്താപ്പ മരിച്ചു. അദ്ദേഹത്തിന്റെ നല്ലവരായ മക്കൾ ആ കേസിൽ കക്ഷി ചേരാൻ തയ്യാറായില്ല. അവർ ആ സ്വത്ത് സീനക്ക് തന്നെ നൽകാൻ തയ്യാറായി.

എങ്ങനെ ഇതെല്ലാം സംഭവിച്ചു.. സീന ഒരു പെൺകുട്ടി ആയതു കൊണ്ട് മാത്രം. സീനക്ക് പകരം ഒരാൺകുട്ടി ഉണ്ടായിരുന്നതെങ്കിൽ ഇന്ത്യൻ ശരീ–അത്ത് നിയമത്തിന്റെ പേരിൽ, വിധവയായ നഫീസയ്ക്ക് നീണ്ട ഇരുപത്തിനാല് വർഷം കണ്ണീർ കുടിച്ചു മറ്റുള്ളവരുടെ ഔദാര്യത്തിന് കാത്തിരിക്കേണ്ടി വരുമായിരുന്നില്ല. ഇന്ത്യൻ ശരീഅത്ത് ആക്ടിലെ ഈ ലിംഗവിവേചനം കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ശരീഅത്തിന്റെ പേരിൽ ഒരു അനാഥരും കണ്ണീർ കുടിക്കേണ്ടി വരരുത്. സ്നേഹത്തിന്റെയും കരുണയുടെയും മതമാണ് ഇസ്ലാം. ഇങ്ങനെയുള്ള അനീതികൾ തുടച്ചു മാറ്റേണ്ടത് ഒരു പരിഷകൃത സമൂഹത്തിന്റെ ഉത്തരാവാദിത്തമാണ്



4.തൃശൂർ ജില്ലയിലാണ്. കോവിഡാനന്തരമുള്ള സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് മുപ്പത്തിനാല് വയസ്സുള്ള ചെറുപ്പക്കാരൻ ആത്മഹത്യ ചെയ്യുന്നു. അയാൾക്ക് പങ്കാളിയും നാലര വയസ്സും രണ്ടര വയസ്സുമുള്ള രണ്ടു പെൺകുട്ടികളും ഉണ്ട്. മാതാപിതാക്കളും ഒരു ജ്യേഷ്ഠസഹോദരനും ഒരു സഹോദരിയും ജീവിച്ചിരിപ്പുണ്ട്. ഉണ്ട്. പലയിടങ്ങളിലായി ലോണും കടങ്ങളും പൂർത്തിയാവാറായ കുറികളും ഉണ്ട്. അയാൾ നടത്തിക്കൊണ്ടിരുന്ന കച്ചവടം ഉണ്ട്. ഒരു ടൂവീലറും ഒരു ഫോർ വീലറും ഉണ്ട്. ഭർതൃവീട്ടിലായിരുന്നു താമസം.

ഭർതൃവീട്ടിൽ താമസമായിരുന്ന ഭാര്യ അദ്ദേഹത്തിന്റെ മരണശേഷം അഞ്ചാം ദിവസം കുട്ടികളെയും കൂട്ടി സ്വന്തം വീട്ടിലേക്ക് മടങ്ങി. ഭർതൃവീട്ടിലെ അന്തരീക്ഷം അത്ര സുഖകരമായിരുന്നില്ല. മാത്രമല്ല ഇന്ത്യയിലെ മുസ്ലിം പിന്തുടർച്ചാവകാശ നിയമപ്രകാരം മാതാപിതാക്കൾ ജീവിച്ചിരിക്കെ അവരുടെ മക്കൾ മരിച്ചാൽ മാതാപിതാക്കളുടെ സ്വത്തിൽ നിന്ന് ജീവിച്ചിരുന്നെങ്കിൽ അയാൾക്ക് കിട്ടേണ്ടിയിരുന്ന അവകാശം നഷ്ടപ്പെടുകയാണ്. അതായത് മരിച്ചയാളുടെ അനാഥരായ മക്കൾക്ക് പിതാവിന്റെ കുടുംബസ്വത്തിൽ അവകാശമില്ല. സംരക്ഷണച്ചുമതലയുണ്ടെന്ന് പറഞ്ഞ് പിന്തുടർച്ചാവകാശം നിഷേധിക്കുന്ന നിയമത്തിൽ സംരക്ഷിക്കാത്തവരെ നിയമപരമായി എന്ത് ചെയ്യണമെന്ന് പറയുന്നുമില്ല.

മരിച്ചിട്ട് ഇപ്പോൾ അഞ്ചു മാസം ആകുന്നു. അങ്ങോട്ട് ഒന്നും കൊടുത്തില്ലെങ്കിലും മരിച്ചയാൾക്ക് രണ്ട് പെൺമക്കളായതുകൊണ്ട് അയാളുടെ കാലാവധി പൂർത്തിയായ കുറിക്കും കടയ്ക്കും വണ്ടികൾക്കും എല്ലാം ശരീഅത്ത് പ്രകാരമുള്ള അവകാശം പറഞ്ഞുകൊണ്ട് മാതാപിതാക്കളും സഹോദരനും വരുന്നുമുണ്ട്.

5. പേര് കേട്ട തറവാട്ടിലാണ് റഷീദ് ജനിച്ചത്. സഹോദരന്മാർ എല്ലാവരും വിവാഹം കഴിച്ചത് വല്യ തറവാട് വീടുകളിൽ നിന്ന് തന്നെ. പക്ഷെ റഷീദ് തന്റെ കൂടെ പഠിച്ച പാവപെട്ട വീട്ടിലെ പെൺകുട്ടിയുമായി പ്രണയത്തിലായി. ഇതറിഞ്ഞ റഷീദിന്റെ വീട്ടുകാർ ഉറഞ്ഞു തുള്ളി. തങ്ങളുടെ നിലക്കും വിലക്കും ചേരാത്ത ഈ ബന്ധം ഒരു കാരണവശാലും ഈ തറവാട്ടു മുറ്റത്തു നടത്തില്ലെന്നു വാശി പിടിച്ചു. അവസാനം വീട്ടുകാരുടെ സമ്മതമില്ലാതെ റഷീദ് അവളെ നിക്കാഹ് ചെയ്തു. വാടക വീട്ടിലേക്കു മാറി. അത് കഴിഞ്ഞു റഷീദ് ചെറിയൊരു വീട് വെച്ചു. സന്തോഷകരമായ ദാമ്പത്യം. മൂന്ന് മക്കളും അവർക്കു ജനിച്ചു. പത്ത് വർഷ

ത്തിനു ശേഷം ഒരു ദിവസം ഹൃദയാഘാതം റഷീദിന്റെ ജീവനെടുത്തു. അതോടെ റഷീദിന്റെ ഭാര്യയും മക്കളും അനാഥരായി. റഷീദ് പോയതോടെ ആ കുടുംബത്തിന്റെ വരുമാനം നിലച്ചു. കോടീശ്വരനായ റഷീദിന്റെ പിതാവ് തന്റെ മകന്റെ ഭാര്യക്കും മക്കൾക്കും ഒന്നും നൽകാൻ തയ്യാറായില്ല. അതുമാത്രമല്ല മരിച്ച റഷീദിന്റെ പേരിലുള്ള സ്വത്തിന് ഉമ്മാക്കും ഉപ്പാക്കും അവകാശം ഉണ്ടുതാനും. ഈ അവകാശം മകന്റെ ഭാര്യക്കും മക്കൾക്കും വിട്ടു കൊടുക്കാൻ അവർ തയ്യാറായില്ല.

മുസ്ലിം വ്യക്തിനിയമ പ്രകാരം ബാപ്പയും ഉമ്മയും ജീവിച്ചിരിക്കെ മകനോ മകളോ മരണപെട്ടാൽ അവരുടെ മക്കൾക്ക് മുത്തശ്ശി മുത്തശ്ശന്മാരുടെ സ്വത്തിൽ അവകാശമില്ല, എന്തൊരു അനീതിയാണത്! അനാഥരായ മക്കൾ കൂടുതൽ അനാഥത്വത്തിലേക്കു വീഴുന്നു. പരിഷ്കരിക്കപ്പെടേണ്ടതല്ലേ ഈ നിയമം.

6. അബ്ദുള്ള ഹാജിക്ക് 3 മക്കൾ.. ഒരാണും 2 പെണ്ണും. എല്ലാവരും ഉന്നത വിദ്യാഭ്യാസം നേടി നല്ല ജോലിയായി. ശരീ-അത്ത് ലെ പിന്തുടർച്ചവകാശനിയമങ്ങളിലുള്ളഅനീതികളെക്കുറിച്ച് ആരെങ്കിലും പറഞ്ഞാൽ ഹാജിയാർ ദേഷ്യപ്പെടും. മതം പഠിക്കാത്തതിന്റെ കുഴപ്പമാണെന്ന്. അല്ലെങ്കിൽ ഹാജിയർക്കു എന്ത് പേടിക്കാനാ. ആണിന് ആണും പെണ്ണിന് പെണ്ണും... വിദ്യാഭ്യാസം, ജോലി..സന്തോഷം സമാധാനം..

വീട്ടിൽ ജനാധിപത്യം ഉള്ളത് കൊണ്ട് ഹാജിയാർ ഭാര്യയുടെ സ്വർണം കൂടി വീട് വെക്കാൻ ഉപയോഗിച്ചപ്പോൾ വീടും സ്ഥലവും ഭാര്യയുടെ പേർക്കും കൂടി പകുതി അവകാശം എഴുതി വെച്ചു. എല്ലാം ശുഭമായി പോയിക്കൊണ്ടിരിക്കുന്ന ഒരു ദിവസം അപ്രതീക്ഷിതമായി അപകടത്തിൽപെട്ടു മകൻ മരണപെട്ടു. മകന്റെ വേർപാടിൽ മനംനൊന്ത് ഹാജിയരുടെ ഭാര്യയും . അധികം വൈകാതെ മരണപെട്ടു. ഈ വിയോഗങ്ങൾ ഹാജിയാരെയും രോഗബാധിതനാക്കി . സാമ്പത്തിക ബുദ്ധിമുട്ടിലായ ഹാജിയർ തൊടിയിൽ നിന്നും ഒരു 10സെന്റ് വിൽക്കാൻ തീരുമാനിച്ചു. അപ്പോഴാണ് അടുത്ത പുകിൽ.. ഹാജിയാരുടെ വീടും പറമ്പും ഭാര്യയുടെ കൂടി പേരിലാണ്. ഭാര്യ മരിക്കുന്നതിന് മുൻപ് മകൻ മരണപെട്ടിരിക്കുന്നു. അതിനാൽ ഹാജിയാരുടെ കുടുംബത്തിന്റെയും അനന്തരാവകാശത്തിന്റെ സ്റ്റാറ്റസ് മാറിയിരിക്കുന്നു. ഹാജിയരുടെ ഭാര്യ മരണപ്പെടുന്ന സമയത്ത് പെണ്മക്കൾ മാത്രമേ മക്കളായുള്ളൂ. അതിനാൽ ഹാജിയാരുടെ ഭാര്യടെ മൂന്നിൽ ഒന്ന് അവകാശം ഭാര്യയുടെ സഹോദരങ്ങൾക്ക് ഉള്ളതാണ്. ഒരു ദിവസം ഹാജിയാർ അളിയന്മാരെ കണ്ടു തന്റെ വീടിലും പറമ്പിലും അവർക്കുള്ള അവകാശം ഒഴിമുറി ഒപ്പിട്ടു തരണമെന്ന് സ്നേഹപൂർവ്വം പറഞ്ഞു. ഒപ്പിട്ടൊക്കെ തരാം പക്ഷെ ഞങ്ങൾക്ക് ശരീഅത്ത് പ്രകാരമുള്ള വിഹിതം കാശായി തരണമെന്നായി അളിയന്മാർ. തന്റെ നിസഹായാവസ്ഥ ഹാജിയാർ ബോധ്യപെടുത്തി എങ്കിലും അളിയന്മാർ ശരീ- അത്തിന്റെ പിടിവള്ളിയിൽ പിടിച്ചു തൂങ്ങി.അവസാനം വിവാഹം കഴിച്ചയച്ച പെണ്മക്കളുടെ സ്വർണം വിറ്റാണ് അളിയന്മാരുടെ അവകാശം കൊടുത്തു ഒഴിമുറി ഒപ്പിട്ടു വാങ്ങിയത്... ഈ നിയമം മാറേണ്ടതല്ലേ.. ആകസ്മികതകൾ ആരുടെ ജീവിതത്തിലും എപ്പോൾ വേണമെങ്കിലും കടന്നു വരാം. വന്നിട്ട് വിലപിച്ചിട്ടു കാര്യമില്ല.



**മുസ്ലിം വ്യക്തിനിയമ പ്രകാരം ബാപ്പയും ഉമ്മയും ജീവിച്ചിരിക്കെ മകനോ മകളോ മരണപെട്ടാൽ അവരുടെ മക്കൾക്ക് മുത്തശ്ശി മുത്തശ്ശന്മാരുടെ സ്വത്തിൽ അവകാശമില്ല, എന്തൊരു അനീതിയാണത്! അനാഥരായ മക്കൾ കൂടുതൽ അനാഥത്വത്തിലേക്കു വീഴുന്നു. പരിഷ്കരിക്കപ്പെടേണ്ടതല്ലേ ഈ നിയമം.**



# ഫോറം ഫോർ മുസ്ലിം വിമൻസ് ജെൻഡർ ജസ്റ്റിസ്

## ഇന്ത്യൻമുസ്ലിം പിന്തുടർച്ചാവകാശം കാലോചിതമായി പരിഷ്കരിക്കണമെന്നാവശ്യപ്പെട്ട് രൂപം കൊണ്ട് പ്രസിദ്ധീകരിച്ച ലഘുലേഖ

പ്രിയപ്പെട്ടവരെ,

മുസ്ലീം സ്ത്രീകൾ കാലങ്ങളായി കുടുംബസ്വത്തുവിഭജനകാര്യത്തിൽ നേരിടുന്ന വിവേചനങ്ങളെപ്പറ്റി അറിവുണ്ടാകുമല്ലോ. ചിലപ്പോൾ വലിയതോതിൽ നിങ്ങളെ അതു ബാധിച്ചിട്ടില്ലാത്തതിനാൽ കാര്യമായി അക്കാര്യങ്ങളെപ്പറ്റി ചിന്തിക്കുന്നുണ്ടാവില്ല. ഇതുവരെ ബാധിച്ചിട്ടില്ല എന്നതുകൊണ്ട് ഭാവിയിൽ നിങ്ങൾക്കോ നിങ്ങളുടെ മക്കൾക്കോ അതിന്റെ തിക്താനുഭവങ്ങൾ ഉണ്ടാവില്ല എന്നും കരുതാനാവില്ല. ജീവിതം ആകസ്മികതകൾ നിറഞ്ഞതാണല്ലോ. ഓർക്കാതിരിക്കുമ്പോൾ വലിയ പ്രതിസന്ധികൾ ഇതുമൂലം നമ്മുടെയൊക്കെ ജീവിതത്തിൽ വന്നു ചേർന്നെന്നും വരാം. മലപ്പുറത്തെ ഒരു ഉമ്മയ്ക്ക് ഉണ്ടായ ദുരനുഭവം ഒരു പക്ഷേ നിങ്ങൾ സോഷ്യൽ മീഡിയയിലൂടെ കേട്ടു കാണും. അവരുടെ ഭർത്താവ് വർഷങ്ങളായി ഗൾഫിൽ കഠിനാധ്വാനം ചെയ്ത് ഒരു വീടും പറമ്പും സ്വന്തമാക്കുകയാണ്. അതിനപ്പുറം അയാൾക്കൊന്നും സമ്പാദിക്കാനാവാതിരുന്നത് അവർക്ക് മൂന്നു പെൺമക്കളായിരുന്നു എന്നതിനാലായിരിക്കണം. അവരിൽ ഒരാൾ തലാക്ക് ചൊല്ലപ്പെട്ട് മക്കളോടൊപ്പം ആ വീട്ടിൽത്തന്നെ കഴിയുന്ന അവസ്ഥയിൽ ഹതഭാഗ്യനായ ആ ഉപ്പ മരണപ്പെടുന്നു. ശേഷം ആ ഉമ്മക്കും കുടുംബത്തിനും വന്നു പെട്ട ദുരവസ്ഥ വാക്കുകൾക്കതീതമാണ്. മരണം ആർക്കും എപ്പോൾ വേ

> **ഖുർ-ആനിൽ അനാഥകളുടെ സ്വത്തിന്റെ നടത്തിപ്പുകാരായി മാത്രമാണ് ബന്ധുക്കളെ ചുമതലപ്പെടുത്തിയത്. അവർക്ക് പ്രായപൂർത്തിയെത്തും വരെയുള്ള ഉത്തരവാദിത്ത്വമാണത്. മക്കളായി ആരുമില്ലാതിരിക്കുന്ന അവസ്ഥയിൽ മാത്രമാണ് സഹോദരങ്ങൾ അവകാശികളായി വരുന്നത് എന്നു ഖുർ-ആൻ (4:12,176).**

ണമെങ്കിലും സംഭവിക്കാവുന്നതാണല്ലോ. കുടുംബനാഥൻ കൂടിയാവുമ്പോൾ ആ ആളുടെ മരണം കുടുംബാംഗങ്ങളെ അരക്ഷിതരാക്കുന്നു. ആ അരക്ഷിതാവസ്ഥയിൽ കൂടെ നിൽക്കേണ്ട ബന്ധുജനങ്ങൾ അതൊരവസരമാക്കി പുരുഷാനുകൂല നിയമങ്ങളെ കൂട്ടുപിടിച്ച് അവരുടെ ജീവിതം നരകതുല്യമാക്കിയാലോ? ആ വീടും പറമ്പും വിൽപ്പന നടത്തി അതിന്റെ മേൽ വന്നു പതിച്ച ലോൺ അടച്ചുതീർക്കാനും ചെറിയൊരു ജീവിതം തുടങ്ങാനുമുള്ള അവരുടെ ആഗ്രഹത്തിനുതടസ്സമാകും വിധം അതു തങ്ങൾക്കും കൂടി അവകാശപ്പെട്ട സ്വത്താണ്, വിൽക്കാനനുവദിക്കില്ല എന്ന സമീപനമായിരുന്നു ആ ഉപ്പയുടെ സഹോദരർ സ്വീകരിച്ചത്. വർഷങ്ങൾ കടന്നു പോകെ ലോൺ പെരുകിപ്പെരുകി നിസ്സഹായതയുടെ നടുക്കടലിലായി ആ പാവങ്ങൾ.

പെൺകുട്ടികൾ മാത്രം മക്കളായി പിറന്നതിനാലാണ് ആ ഉമ്മയ്ക്ക് ഒറ്റയ്ക്ക് ഈ സങ്കടങ്ങൾ അനുഭവിക്കേണ്ടി വന്നത്. വാസ്തവത്തിൽ ഇത് പെൺകുട്ടികൾ മാത്രമുള്ള, ജീവിച്ചിരിക്കുന്ന പിതാക്കന്മാരുടേയും ആധിയാണ്. തങ്ങൾ കഷ്ടപ്പെട്ടു സമ്പാദിച്ച സ്വത്തിന്റെ മൂന്നിലൊരു ഭാഗം അതു വരെ തങ്ങളോട് ഒരു പരിഗണനയും കാണിക്കാത്തവരോ, തങ്ങളേക്കാൾ ധനികരോ ആയവർ കൊണ്ടു പോയേക്കാമെന്ന ഭീതി.




ഖുർ-ആനിൽ അനാഥകളുടെ സ്വത്തിന്റെ നടത്തിപ്പുകാരായി മാത്രമാണ് ബന്ധുക്കളെ ചുമതലപ്പെടുത്തിയത്. അവർക്ക് പ്രായപൂർത്തിയെത്തും വരെയുള്ള ഉത്തരവാദിത്ത്വമാണത്. മക്കളായി ആരുമില്ലാതിരിക്കുന്ന അവസ്ഥയിൽ മാത്രമാണ് സഹോദരങ്ങൾ അവകാശികളായി വരുന്നത് എന്നു ഖുർ-ആൻ (4:12,176). ഈ വചനത്തെ വളച്ചൊടിച്ച് ആൺമക്കളായി ആരുമില്ലാത്ത അവസ്ഥ എന്നാക്കിയെടുക്കുകയായിരുന്നു എന്നു ഇസ്ലാ

മിലെ അപൂർവമെങ്കിലും ചില പണ്ഡിതർ അഭിപ്രായപ്പെടുന്നു. അനാഥരുടെ സ്വത്ത് അനർഹമായി കൈവശപ്പെടുത്തരുത്, അത് നിങ്ങളുടെ വയറുകളിൽ തീ നിറക്കുന്നതിനു തുല്യമാണ് എന്നത്രെ ഖുർ- ആൻ മുന്നറിയിപ്പു നൽകുന്നത്. അപ്പോൾ ഗൾഫിൽ കഷ്ടപ്പെട്ടുണ്ടാക്കിയ ആ പിതാവിന്റെ സ്വത്തിന് അവകാശം പറഞ്ഞു വന്ന ബന്ധുക്കൾ നീതിരഹിതമായി ഖുർ-ആൻ വിരുദ്ധതയാണ് പ്രവർത്തിക്കുന്നത് എന്നത് വ്യക്തമല്ലേ?

അപകടത്തിൽ മരിച്ച ഉപ്പയുടെ ഇൻഷുറൻസ് തുക പാസ്സായി വരുമ്പോഴും, വാപ്പയില്ലാത്ത കുടുംബത്തിന് ദേശീയപാതാവികസനത്തിനു വിട്ടുകൊടുത്ത ഭൂമിക്ക് പ്രതിഫലം കിട്ടുമ്പോഴും ബന്ധുക്കൾക്ക് കൂടി വീതം വെക്കേണ്ടി വരുന്ന അവസ്ഥ ഈ വളച്ചൊടിക്കൽ മൂലം ഉണ്ടായി വരുന്നു എന്നത് എത്ര ദയനീയമാണ്!

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു മുമ്പ് 1937ൽ ബ്രിട്ടീഷ് ഭരണാധികാരികൾ തട്ടിക്കൂട്ടിയുണ്ടാക്കിച്ച അവ്യക്തത നിറഞ്ഞ മുസ്ലീം വ്യക്തിനിയമത്തിന്റെ കാർക്കശ്യത്തിൽ തട്ടി ജഡ്ജിമാരുടെ വിധിപ്രസ്താവങ്ങൾപോലും നീതിരഹിതമായി മാറുന്നു. എങ്കിൽ ഈ നിയമം പരിഷ്കരിക്കപ്പെടേണ്ടതും ക്രോഡീകരിക്കപ്പെടേണ്ടതും അത് എല്ലാ വിഭാഗം മുസ്ലീങ്ങൾക്കും ഒരു പോലെ ബാധകമാക്കപ്പെടേണ്ടതുമല്ലേ? ക്രോഡീകരിക്കപ്പെടാത്തത് കൊണ്ടുതന്നെ ഓരോ വട്ടവും ഖുർ-ആനും, കർമ്മശാസ്ത്ര പുസ്തകങ്ങളും, മുമ്പു നൽകപ്പെട്ട കോടതി വിധികളും ചികഞ്ഞുപോയി വിധി പ്രസ്താവിക്കേണ്ടി വരിക പലപ്പോഴും മുസ്ലീമല്ലാത്ത ന്യായാധിപർക്കു കൂടിയാണ്. അങ്ങനെ വരുമ്പോൾ ഉണ്ടാകാവുന്ന വിധിതീർപ്പുകളിലെ ന്യൂനതകൾക്ക് ആരാണ് ഉത്തരവാദികൾ? വ്യക്തിനിയമത്തിൽ തൊടുന്നത് ഖുർ-ആനെ തൊട്ടു കളിക്കുന്നതിനു തുല്യമാണെന്ന് വാദിച്ച് പുരുഷാനുകൂല നിയമങ്ങളെ കാലാകാലങ്ങളായി സംരക്ഷിച്ചു നിർത്തുന്നത് എന്തിനു വേണ്ടിയാണ്?

കുടുംബസ്വത്ത് വിഭജിക്കുമ്പോൾ ഇസ്ലാമിൽ ആണിന്റെ സ്വത്തവകാശം പെണ്ണിന്റെ ഇരട്ടിയാണ് എന്ന് മിക്കവാറും എല്ലാവർക്കും അറിയാമായിരിക്കും. പിന്തുടർച്ചാവകാശത്തെപ്പറ്റി പറയുമ്പോൾ ആ ഒരു കാര്യം മാത്രമേ പൊതുവേ പരാമർശിക്കപ്പെടാറുമുള്ളൂ. പെണ്ണിന് സ്വത്തിൽ അവകാശമേ ഇല്ലാതിരുന്ന കാലത്ത്, വിപ്ലവകരമായ ഒരു നിയമം കൊണ്ടുവരികയായിരുന്നു വാസ്തവത്തിൽ ഇസ്ലാം. കാലാനുസൃതമായി അത് പരിഷ്ക്കരിക്കേണ്ടതാണെന്ന് ഖുർ-ആന്റെ അടിസ്ഥാന



**ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു മുമ്പ് 1937ൽ ബ്രിട്ടീഷ് ഭരണാധികാരികൾ തട്ടിക്കൂട്ടിയുണ്ടാക്കിച്ച അവ്യക്തത നിറഞ്ഞ മുസ്ലീം വ്യക്തിനിയമത്തിന്റെ കാർക്കശ്യത്തിൽ തട്ടി ജഡ്ജിമാരുടെ വിധിപ്രസ്താവങ്ങൾ പോലും നീതിരഹിതമായി മാറുന്നു. എങ്കിൽ ഈ നിയമം പരിഷ്കരിക്കപ്പെടേണ്ടതും ക്രോഡീകരിക്കപ്പെടേണ്ടതും അത് എല്ലാ വിഭാഗം മുസ്ലീങ്ങൾക്കും ഒരു പോലെ ബാധകമാക്കപ്പെടേണ്ടതുമല്ലേ?**

**പ്രായം ചെന്ന മാതാപിതാക്കളെയും മാതാ-പിതാമഹരെയും സംരക്ഷിക്കാനുള്ള പ്രായപൂർത്തിയായവരുടെ ഉത്തരവാദിത്തത്തെ സംബന്ധിച്ചുള്ള** Maintenance and Welfare of Parents and Senior Citizen Act 2007. **ഇതു പ്രകാരം ആൺ പെൺ ഭേദം ഈ ഉത്തരവാദിത്ത്വ നിർവഹണ കാര്യത്തിൽ ഇല്ല.**



ആശയങ്ങൾ വെച്ചുകൊണ്ട് മനസ്സിലാക്കാവുന്നതേയുള്ളു.. പുരുഷൻ തന്നെ കുടുംബത്തിന്റെ ചെലവുകൾ നടത്തിയിരുന്ന കാലത്താണല്ലോ അങ്ങനെയൊരു നിയമമുണ്ടായത്. ('അവൻ കുടുംബത്തിന്റെ കൈകാര്യകർത്താവായതിനാൽ' എന്ന് ഖുർ-ആൻ). ഇന്ന് കാലം മാറി. ഇസ്ലാമിലെ തന്നെ നവീകരണ പ്രവർത്തനങ്ങളിലൂടെ സ്ത്രീയും വിദ്യാഭ്യാസം നേടുന്നു, ജോലി സമ്പാദിക്കുന്നു, വിവാഹശേഷം കുടുംബച്ചെലവുകളിൽ പങ്കാളിത്തം വഹിക്കുന്നു. ചില കുടുംബങ്ങളിലെങ്കിലും, പുരുഷന്റെ നിരുത്തരവാദപരമായ നിലപാടുകൾ മൂലം മുഴുവൻ ചെലവും അവൾ തന്നെ വഹിക്കേണ്ടിയും വരുന്നു. അപ്പോഴും നിയമത്തിൽ അവൾ പകുതിക്കാരി തന്നെ! ബാപ്പയുടെ സ്വത്തിൽ ആങ്ങളയുടെ പകുതിയെങ്കിൽ, ഭർത്താവു മരിച്ചാൽ അവൾക്ക് അയാളുടെ സ്വത്തിലുള്ള അവകാശം, അവൾ മരിച്ചാൽ ഭർത്താവിനു കിട്ടുന്ന അവകാശത്തിന്റെ പകുതി മാത്രം! അവിവാഹിതനായി മരിച്ച ഒരു മകൻ സമ്പാദിച്ച സ്വത്തിന്റെ ആറിൽ അഞ്ചു ഭാഗവും പിതാവിനു പോകുമ്പോൾ ആറിൽ ഒരു ഭാഗം മാത്രം വാങ്ങി അവനെ വളർത്താൻ കഷ്ടപ്പെട്ട മാതാവ് ക്ഷമാശീലയായി വർത്തിക്കണം. ഒന്നിൽ കൂടുതൽ ഭാര്യമാരുള്ള, മക്കളുമുള്ള, പുരുഷന്റെ സ്വത്തിൽ ഒറ്റ ഭാര്യക്കായി നിർദ്ദേശിക്കപ്പെട്ട എട്ടിൽ ഒന്നെന്ന അവകാശത്തെയാണ് എല്ലാ ഭാര്യമാരും തുല്യമായി ഭാഗിക്കേണ്ടതും. മക്കളില്ലാത്ത ഏക ഭാര്യയ്ക്ക് ഭർത്താവിന്റെ സ്വത്തിന്റെ കാൽ ഭാഗം മാത്രം ലഭിക്കുകയും ബാക്കി മുക്കാൽ പങ്കും ബന്ധുക്കളിലേയ്ക്ക് പോയി ചേരുകയും ചെയ്യും എന്നത് ഇരു മെയ്യാണെങ്കിലും ഒന്നെന്ന രീതിയിൽ സുഖദുഃഖങ്ങൾ പങ്കിട്ടു ജീവിച്ച സ്ത്രീയോടു ചെയ്യുന്ന കടുത്ത അനീതിയല്ലേ? വിവാഹ സമയത്ത് സ്ത്രീയുടെ അവകാശമായി ഖുർ-ആൻ നിർദ്ദേശിച്ച മെഹറിന് ഇന്ന് പ്രസക്തിയില്ലാതായിരിക്കുന്നു. ഒപ്പം, കനത്ത സ്ത്രീധന ഭാരവുമായി അവൾ വിവാഹപ്പന്തലിലെത്തുന്ന പുതിയ രീതി മുസ്ലീം ജനസാമാന്യത്തിനിടയിൽ നിലവിൽ വരികയും ചെയ്തിരിക്കുന്നു.

അക്കാര്യങ്ങളൊന്നും ഖുർ-ആൻ വിരുദ്ധമായി കണക്കിലെടുക്കാത്തവർ നീതിരഹിതമായി സ്ത്രീകളുടെ സ്വത്തിൽ അവകാശമെടുക്കുന്ന നിയമത്തെ നിലനിർത്താൻ വേണ്ടി ഖുർ-ആനെ കൂട്ടുപിടിക്കുന്നത് ഇസ്ലാമികവിരുദ്ധതയല്ലേ? നിങ്ങൾ ചിന്തിക്കുന്നില്ലേ, നിങ്ങൾ ബുദ്ധി ഉപയോഗിക്കുന്നില്ലേ എന്ന് പലവട്ടം ചോദ്യമുയരുന്നുണ്ടല്ലോ ഖുർ-ആനിൽ? ഇനി വ്യക്തിനിയമത്തിന്റെ പേരിൽ നടമാടുന്ന മറ്റൊരനീതിയെപ്പററി. നിങ്ങളിൽ പലരും ഈ അവസ്ഥയിലൂടെ കടന്നുപോയവരുമാകാം. ഉപ്പൂപ്പയോ ഉമ്മൂമ്മയോ ജീവിച്ചിരിക്കേ പിതാവിനെ നഷ്ടപ്പെടുന്ന കുഞ്ഞുങ്ങൾക്കും അവരുടെ മാതാവിനും പിതാമഹരുടെ സ്വത്തിൽ അവകാശമില്ലാതാവുന്ന ദുരവസ്ഥ! പലപ്പോഴും പ്രായപൂർത്തിയെത്താത്ത

**തലാക്കുചൊല്ലപ്പെട്ട ദരിദ്രയായ ഭാര്യയ്ക്ക് (ഷബാനുബീഗം കേസ്) അഭിഭാഷകനായി ജോലി ചെയ്യുന്ന ധനികനായ ഭർത്താവ് മാസം തോറും ചെറിയ സംഖ്യ ജീവനാംശം കൊടുക്കണമെന്ന കോടതി വിധിക്കെതിരെ ഖുർ-ആൻ വിരുദ്ധതയാരോപിച്ച് പുരുഷ ഇസ്ലാം സമരമാരംഭിച്ചപ്പോൾ നടത്തിയ നിയമനിർമാണമാണ് അവയിലൊന്ന്. അതനുസരിച്ച് ഒറ്റത്തവണ കോടതി നിശ്ചയിക്കുന്ന സംഖ്യ അവൾക്ക് കൊടുത്താൽ മതി. വേണമെങ്കിൽ അതും ഖുർ-ആൻ വിരുദ്ധമെന്നാരോപിക്കാം.**

കുഞ്ഞുങ്ങളുമായി മരണപ്പെട്ടവന്റെ ഭാര്യ കഷ്ടപ്പെടേണ്ടിവരുന്ന വേളയിലാണ് ഈ പാരമ്പര്യ സ്വത്തവകാശം നഷ്ടമാകുന്ന ദുർവിധിയും ഉണ്ടാകുന്നത്. ഈ ദുർവിധിക്കാധാരമായി ഏതു ഖുർ–ആൻ ആയത്താണ് പണ്ഡിതർക്ക് ചൂണ്ടിക്കാണിക്കാനുള്ളത്?

പല മുസ്ലീം ഭൂരിപക്ഷ രാജ്യങ്ങളിലും പല കാലങ്ങളിലായി ഇത്തരം വിഷയങ്ങളിൽ ശരീഅ: നിയമങ്ങൾ ഉണ്ടാവുകയും പരിഷ്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മൊറോക്കോ (1958ൽ) ടുണീഷ്യ (1957 ൽ) ജോർദ്ദാൻ (1951ൽ) പാകിസ്ഥാൻ (1961 ൽ) സിറിയ (1953 ൽ) ഇറാക്ക്(1959ൽ) കൂടാതെ തുർക്കി, ഈജിപ്ത്, ബംഗ്ലാദേശ് തുടങ്ങി 20–ൽ അധികം മുസ്ലീം രാജ്യങ്ങളിൽ വ്യക്തിനിയമങ്ങളിൽ പരിഷ്കരണങ്ങൾ നടന്നിട്ടുണ്ട്. അവർക്കൊന്നുമില്ലാത്ത ശരീഅ: സംരക്ഷണ ഉത്തരവാദിത്വം ഇന്ത്യൻ മുസ്ലീങ്ങൾക്കു മാത്രമായി അല്ലാഹു കൽപ്പിച്ചു നൽകിയെന്നോ?എങ്കിൽ ഏതാണ് ആ മാതൃകാ ശരീഅ: ?




ഇന്ത്യയിലെ എല്ലാ ജാതി മതസ്ഥർക്കും ബാധകമാക്കി ഈയിടെ ഉണ്ടായവയാണ് പ്രായം ചെന്ന മാതാപിതാക്കളെയും മാതാ–പിതാമഹരെയും സംരക്ഷിക്കാനുള്ള പ്രായപൂർത്തിയായവരുടെ ഉത്തരവാദിത്വത്തെ സംബന്ധിച്ചുള്ള Maintenance and Welfare of Parents and Senior Citizen Act 2007. ഇതു പ്രകാരം ആൺ പെൺ ഭേദം ഈ ഉത്തരവാദിത്വ നിർവഹണ കാര്യത്തിൽ ഇല്ല. മുസ്ലീം വ്യക്തി നിയമമനുസരിച്ച് പാതി സ്വത്ത് മാത്രം ലഭിച്ച പെൺപ്രജകളെയും പാരമ്പര്യസ്വത്തു നിഷേധിക്കപ്പെട്ട പേരക്കുട്ടികളെയും ഈ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറാൻ നിയമം അനുവദിക്കുന്നുമില്ല. അപ്പോൾ പരിഷ്ക്കരിക്കപ്പെടേണ്ടത് ഏതു നിയമമാണ്? പ്രായമായവരെ സംരക്ഷിക്കേണ്ട നിയമമാകാൻ വയ്യല്ലോ! അപൂർവസുന്ദരമായ ഒരു ഭരണഘടനയാണ് ഇന്ത്യൻ ഭരണഘടന.സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾ അതിന്റെ ആമുഖത്തിൽ തന്നെ ചേർക്കപ്പെട്ടിരിക്കുന്നു. അത് ജാതി, മത, ലിംഗ, ഭാഷാഭേദമില്ലാതെ എല്ലാ പൗരർക്കും ബാധകമാണുതാനും. വാസ്തവത്തിൽ ഇസ്ലാമിന്റെ അടിസ്ഥാനാശയങ്ങളോട് ചേർന്നു നിൽക്കുന്നു ഈ ആശയങ്ങൾ. ഏതു വിധിതീർപ്പിനു മുമ്പും സന്ദേഹങ്ങളുയർന്നാൽ ഈ അടിസ്ഥാനാശയങ്ങളോട് അത് യോജിച്ചു പോകുന്നുണ്ടോ എന്നു പരിശോധിക്കുക എന്നാണ് ഭരണഘടനാശിൽപ്പികൾ അതിൽ രേഖപ്പെടുത്തിയിട്ടുള്ളതും. കൂടാതെ ഇന്ത്യയിലെ വിശ്വാസ വൈവിധ്യങ്ങളെ തികച്ചും അംഗീകരിക്കുംവിധം ആർടികിൾ 25 ൽ മതവിശ്വാസം പുലർത്തുന്നതിനും മതാചാരങ്ങൾക്കനുസരിച്ച് ജീവിക്കുന്നതിനും ഭരണഘടന സ്വാതന്ത്ര്യം നൽകുന്നു. പൊതുധാർമ്മികതയ്ക്കോ, പൊതുജനാരോഗ്യത്തിനോ, ക്രമസമാധാനപാലനത്തിനോ ആചാരങ്ങൾ വിഘാതമാകരുതെന്നു മാത്രം. ഹിന്ദു, കൃസ്ത്യൻ വ്യക്തിനിയമങ്ങളിൽ കാലാനുസൃതമായി പരിഷ്കരണം നടക്കുകയും ക്രോഡീകരിക്കപ്പെടു

കയും ചെയ്തിട്ടുണ്ട്. അവ ഇപ്പോഴും കുറ്റമറ്റതാണെന്ന് പറയാൻ കഴിയില്ല. എന്നാൽ മുസ്ലീം വ്യക്തിനിയമത്തിൽ അത്തരമൊരു പരിഷ്കരണമോ ക്രോഡീകരണമോ നടന്നിട്ടില്ല. മുസ്ലീം നിയമങ്ങളിൽ നാമമാത്രമായി കൂട്ടിച്ചേർക്കലുകൾ ഉണ്ടായിട്ടുണ്ട്. അവയിൽ ചിലവയെപ്പറ്റി ഓർമ്മപ്പെടുത്തുന്നതും പ്രസക്തമാണിവിടെ. തലാക്കുചൊല്ലപ്പെട്ട ദരിദ്രയായ ഭാര്യയ്ക്ക് (ഷബാനുബീഗം കേസ്) അഭിഭാഷകനായി ജോലി ചെയ്യുന്ന ധനികനായ ഭർത്താവ് മാസം തോറും ചെറിയ സംഖ്യ ജീവനാംശം കൊടുക്കണമെന്ന കോടതി വിധിക്കെതിരെ ഖുർ-ആൻ വിരുദ്ധതയാരോപിച്ച് പുരുഷ ഇസ്ലാം സമരമാരംഭിച്ചപ്പോൾ നടത്തിയ നിയമനിർമാണമാണ് അവയിലൊന്ന്. അതനുസരിച്ച് ഒറ്റത്തവണ കോടതി നിശ്ചയിക്കുന്ന സംഖ്യ അവൾക്ക് കൊടുത്താൽ മതി. വേണമെങ്കിൽ അതും ഖുർ-ആൻ വിരുദ്ധമെന്നാരോപിക്കാം. പുരുഷപക്ഷപരമായിരുന്നതിനാൽ ആയിരിക്കണം അത് സ്വീകരിക്കപ്പെട്ടു. ഒരേ സമയം തന്നെ മൂന്ന് തലാക്കും ചൊല്ലി മൊഴി ചൊല്ലപ്പെടുന്ന മുസ്ലീം സ്ത്രീകൾക്ക് ആശ്വാസപ്രദമാണെങ്കിലും ബി.ജെ.പി.സർക്കാർ കൊണ്ടുവന്ന മുത്തലാഖ് നിരോധനനിയമം ഭാര്യയെ മുത്തലാഖ് (3 തലാഖും ഒന്നിച്ച്) ചൊല്ലുന്ന പുരുഷനെ ക്രിമിനൽ കുറ്റവാളിയാക്കുന്നു. ഇത് അത്യന്തം മനുഷ്യവിരുദ്ധമായിട്ടും അതിനെതിരെ ശബ്ദമുയർത്താൻ വേണ്ട ആത്മധൈര്യം സമുദായത്തിനുണ്ടായില്ല എന്നതും ശ്രദ്ധേയമാണ്. ജനാധിപത്യവാദികളിൽ നിന്നാണ് അതിനെതിരെയും ശബ്ദങ്ങളുയരുന്നത്. കേരളത്തിൽ നാമതിന്റെ കെടുതികൾ അറിയുന്നില്ലെങ്കിലും വടക്കേയിന്ത്യയിൽ മുസ്ലീം പുരുഷന്മാരെ കുറ്റവാളികളാക്കി ജയിലിലടക്കാൻ മറ്റൊരു കാരണം ഉണ്ടാക്കിക്കൊടുക്കുകയായിരുന്നു വ്യക്തിനിയമപരിഷ്കരണ നടപടി കാലോചിതമായി നടത്താനനുവദിക്കാതെ സമുദായ നേതൃത്വം. പിന്തുടർച്ചാവകാശ നിയമങ്ങൾ മുസ്ലീം സ്ത്രീകൾക്കനുകൂലമായി പരിഷ്കരിക്കപ്പെടണമെന്ന ആവശ്യം ഈ അരക്ഷിത കാലത്തും സമൂഹത്തിൽ ശക്തമായി ഉയർന്നു വരുന്നതിനു കാരണം ഈ വിഷയത്തിലുള്ള ഒരു കേസിന്റെ വിധിതീർപ്പ് സുപ്രീംകോടതിയിൽ അടുത്തു തന്നെ നടക്കാനിരിക്കുന്നു എന്നതുകൊണ്ടാണ്. ഇന്ത്യയിലെ മുസ്ലീം പിന്തുടർച്ചാവകാശ നിയമത്തിന്റെ ദുരിതം പേറുന്ന നിരവധി കുടുംബങ്ങൾ നമ്മുടെ ചുറ്റിലുമുണ്ട്. പുരുഷന്റെ സംരക്ഷണയിൽ മാത്രമാണ് കുടുംബങ്ങൾ നിലകൊള്ളേണ്ടത് എന്ന സങ്കല്പത്തിൽ ഉണ്ടാക്കിയ നിയമങ്ങൾ മൂലം ആധുനികകാലത്തും മുസ്ലീം സ്ത്രീകൾ അനുഭവിച്ചു വരുന്ന വിവേചനങ്ങളിൽ ചിലവ താഴെ ചൂണ്ടിക്കാണിക്കുന്നു.

ഗോത്ര സാമൂഹ്യവ്യവസ്ഥയും കൂട്ടുകുടുംബവ്യവസ്ഥയും മാറി അണുകുടുംബങ്ങളായി സമൂഹം മാറുകയും കുടുംബ ഉത്തരവാദിത്തങ്ങൾ തുല്യമായി പങ്കുവെക്കപ്പെടുകയും ചെയ്യുന്ന പുതിയ കാലത്ത് ഈ വിവേചനങ്ങൾ മാറേണ്ടതല്ലേ?

1. മരണപ്പെട്ട ഒരാളുടെ മകനും മകളും ജീവി



**ഒരേ സമയം തന്നെ മൂന്ന് തലാക്കും ചൊല്ലി മൊഴിചൊല്ലപ്പെടുന്ന മുസ്ലീം സ്ത്രീകൾക്ക് ആശ്വാസപ്രദമാണെങ്കിലും ബി.ജെ.പി.സർക്കാർ കൊണ്ടുവന്ന മുത്തലാഖ് നിരോധനനിയമം ഭാര്യയെ മുത്തലാഖ് (3 തലാഖും ഒന്നിച്ച്) ചൊല്ലുന്ന പുരുഷനെ ക്രിമിനൽ കുറ്റവാളിയാക്കുന്നു. ഇത് അത്യന്തം മനുഷ്യവിരുദ്ധമായിട്ടും അതിനെതിരെ ശബ്ദമുയർത്താൻ വേണ്ട ആത്മധൈര്യം സമുദായത്തിനുണ്ടായില്ല എന്നതും ശ്രദ്ധേയമാണ്.**

> **ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന പൗരാവകാശങ്ങളും ലിംഗനീതിയും മുസ്ലീം സ്ത്രീകൾക്കും ഉറപ്പാക്കണമെങ്കിൽ ക്രോഡീകരിക്കപ്പെട്ട ഒരു മുസ്ലീം പിന്തുടർച്ചാവകാശ നിയമം രാജ്യത്ത് നിലവിൽ വരേണ്ടതുണ്ട്. പിന്തുടർച്ചാവകാശനിയമം ക്രോഡീകരിച്ച് പരിഷ്കരിക്കേണ്ടതുണ്ടെന്ന് ഫോറം ഫോർ മുസ്ലീം വിമൺസ് ജെൻഡർ ജസ്റ്റിസ്** (FMWGJ)



ച്ചിരിപ്പുണ്ടെങ്കിൽ സ്വത്തിന്റെ 1/3 ഭാഗം മാത്രം മകൾക്കും 2 /3 ഭാഗം മകനും

2. മരിച്ചയാൾക്ക് ഒരു പെൺകുട്ടി മാത്രമാണുള്ളതെങ്കിൽ ആകെ സ്വത്തിന്റെ പകുതി മാത്രം അവൾക്ക്. ബാക്കി ബന്ധുക്കൾക്ക്. ഒന്നിലധികം പെൺമക്കളാണുള്ളതെങ്കിൽ 2/3 ഭാഗം പെൺമക്കൾക്കും ബാക്കി ഭാഗം ബന്ധുക്കൾക്കും

3. ഒരാൾ ജീവിച്ചിരിക്കെ അയാളുടെ മകനും മകളും മരിക്കുകയും അവരുടെ മക്കൾ ജീവിച്ചിരിക്കുകയും ചെയ്താൽ മറ്റ് അവകാശികൾ ഇല്ലെങ്കിൽ ആൺമക്കളുടെ മക്കൾക്ക് മാത്രം സ്വത്തിൽ അവകാശം ലഭിക്കുകയും പെൺമക്കളുടെ മക്കൾക്ക് ഒരവകാശവും ലഭിക്കാതിരിക്കുകയും ചെയ്യുന്നു.

4. മക്കളില്ലാതെ ഭർത്താവ് മരിച്ചാൽ ഭർത്താവിന്റെ സ്വത്തിന്റെ 1/4 മാത്രം ഭാര്യക്ക്. ഭാര്യയാണ് മരിക്കുന്നതെങ്കിൽ ഭാര്യയുടെ സ്വത്തിന്റെ പകുതി ഭാഗം ഭർത്താവിന്.

5. മക്കൾ ഉള്ള സത്രീയ്ക്ക് ഭർത്താവിന്റെ സ്വത്തിന്റെ 1/8 മാത്രം. എന്നാൽ ഭാര്യയുടെ സ്വത്തിന്റെ 1/4 ഭാഗം ഭർത്താവിന് ലഭിക്കും.

6. അവിവാഹിതനായ മകൻ മരിച്ചാൽ മകന്റെ സ്വത്തിന്റെ 5/6 ഭാഗവും പിതാവിനുള്ളതാണ്. മാതാവിനാകട്ടെ 1/6 ഭാഗം മാത്രം.

7. മാതാപിതാക്കൾ ജീവിച്ചിരിക്കെ ഒരാൾ മരിച്ചാൽ മറ്റ് അവകാശികൾ ഉണ്ടെങ്കിൽ മരിച്ചയാളുടെ അനാഥരായ മക്കൾക്ക് ജീവിച്ചിരുന്നെങ്കിൽ പിതാവിന് ലഭിക്കുമായിരുന്ന സ്വത്തിന്റെ ഒരംശം പോലും ലഭിക്കില്ല. കുടുംബ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാത്ത പുരുഷൻമാരുള്ള കുടുംബങ്ങളിലെ സ്ത്രീകളും ഭർത്താവ് നഷ്ടപ്പെടുമ്പോൾ വീടു വരെ വിട്ടുകൊടുക്കേണ്ടി വരുന്ന സ്ത്രീകളും ഈ നിയമങ്ങളുടെ ദുരിതഭാരം പേറുന്നവരാണ്. പിന്തുടർച്ചാവകാശനിയമങ്ങൾ ഒരു മാറ്റത്തിനും വിധേയമല്ലെന്ന് യാഥാസ്ഥിതിക മതപണ്ഡിതന്മാർ വാദിക്കുമ്പോൾ അതേ നിയമത്തിന്റെ അനീതികളിൽനിന്ന് രക്ഷനേടാൻ പല മാർഗ്ഗങ്ങളും വിശ്വാസികൾ കണ്ടെത്തുന്നുത്. മതാചാരപ്രകാരം വിവാഹിതരായ ദമ്പതിമാർ തങ്ങൾക്ക് പെൺമക്കൾ മാത്രമാണ് ഉള്ളതെങ്കിൽ തങ്ങളുടെ സമ്പാദ്യം മക്കൾക്കുതന്നെ ലഭിക്കാൻ സ്പെഷൽ മാര്യേജ് ആക്ട് പ്രകാരം വീണ്ടും വിവാഹം ചെയ്യുന്ന രീതി വർദ്ധിച്ചുവരികയാണ്. പിന്തുടർച്ചാവകാശികൾക്ക് ഒസ്യത്ത് പാടില്ലെന്ന് ശരിഅ: നിയമത്തിൽ (Mulla's Principles of Mahomedan Law Section 117, 118) വ്യവസ്ഥയുണ്ട്. അതിനെ മറികടക്കാനായി അവകാശികൾക്ക് സ്വത്ത് വിറ്റതായി രേഖയുണ്ടാക്കുന്നവരും മതവിശ്വാസികളുടെ ഇടയിലുണ്ട്. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന പൗരാവകാശങ്ങളും ലിംഗനീതിയും മുസ്ലീം സ്ത്രീകൾക്കും ഉറപ്പാക്കണമെങ്കിൽ ക്രോഡീകരിക്കപ്പെട്ട ഒരു മുസ്ലീം പിന്തുടർച്ചാവകാശ നിയമം രാജ്യത്ത് നിലവിൽ വരേണ്ടതുണ്ട്. പിന്തുടർച്ചാവകാശനിയമം ക്രോഡീകരിച്ച് പരിഷ്കരിക്കേണ്ടതുണ്ടെന്ന് ഫോറം ഫോർ മുസ്ലീം വിമൺസ് ജെൻഡർ ജസ്റ്റിസ് (FMWGJ)എന്ന കേരളത്തിലെ ഈ സംഘടന ആവശ്യപ്പെടു

ന്നതും നിങ്ങളെ സമീപിക്കുന്നതും വർത്തമാന ഇന്ത്യനവസ്ഥയെ കൃത്യമായി കണക്കിലെടുത്തുകൊണ്ട് തന്നെയാണ്. കേന്ദ്രഭരണകൂടം അടിച്ചേൽപ്പിക്കുന്ന ഒരു ഏകീകൃത സിവിൽ നിയമത്തിൽ തങ്ങളുടെ ആചാരപരവും വിശ്വാസപരവുമായ പരമ്പരാഗത അവകാശങ്ങൾ നിഷേധിക്കപ്പെടുമെന്ന ഇസ്ലാം മതവിശ്വാസികളുടെ ആശങ്കകൾ ഞങ്ങളും പങ്കിടുന്നു. ഒരു കാരണവശാലും മുസ്ലീം വിരുദ്ധമായ ഒരു നിയമ നിർമ്മാണത്തിനോ, പൗരജീവിതത്തിലെ ജനാധിപത്യപരമായ വൈവിധ്യങ്ങളെ തകർക്കുന്ന ഏകീകൃത സിവിൽ കോഡ് കൊണ്ടുവരുന്നതിനോ അക്രാമകമായ ന്യൂനപക്ഷ വിരോധം പ്രകടിപ്പിക്കുന്ന ഗവൺമെന്റിന് സഹായകമാകരുത് നമ്മുടെ ഇടപെടലുകൾ എന്ന നിഷ്കർഷയും FMWGJ യ്ക്കുണ്ട്.

1937ലെ മുസ്ലീം പിന്തുടർച്ചാവകാശനിയമം ലിംഗനീതിപരമായി പരിഷ്ക്കരിക്കണമെന്ന ആവശ്യത്തെ യാഥാസ്ഥിതിക മുസ്ലീം മതപണ്ഡിതന്മാർ എതിർക്കുന്നതുപോലെ 1947 ഏപ്രിൽ 11ന് ഭരണഘടനാനിർമ്മാണസഭയിൽ അവതരിപ്പിക്കപ്പെട്ട ഹിന്ദുകോഡ്ബില്ലിനും ഹിന്ദുദേശീയവാദികളുടെയും ഹിന്ദു മഹാസഭയുടെയും യാഥാസ്ഥിതിക ഹിന്ദുമത നേതാക്കന്മാരുടെയും ശക്തമായ എതിർപ്പുണ്ടായിരുന്നു. 1951 ൽ നിയമമന്ത്രി സ്ഥാനത്തുനിന്ന് ഡോ.ബി.ആർ. അംബേദ്ക്കർക്ക് രാജി വെക്കേണ്ടിവന്നത് ഹിന്ദുകോഡ് ബില്ലുമായി ബന്ധപ്പെട്ടായിരുന്നു. ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമത്തിലും മാറ്റമുണ്ടായത് നീണ്ടുനിന്ന നിയമയുദ്ധങ്ങൾക്ക് ശേഷമായിരുന്നു. മുസ്ലീംസ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന 'നിസ' ഉൾപ്പെടെയുള്ള സംഘടനകളും വ്യക്തികളും 2008-ൽ കേരള ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി നൽകുകയുണ്ടായി. ഭരണഘടനയുടെ ആർട്ടിക്കിൾ 13 ന്റെ കീഴിൽ വരുന്ന 1937 ലെ മുസ്ലീംവ്യക്തിനിയമത്തിലെ മുസ്ലീം സ്ത്രീകളുടെ പിന്തുടർച്ചാവകാശ നിയമവുമായി ബന്ധപ്പെട്ട വകുപ്പുകൾ ഭരണഘടനയുടെ ആർട്ടിക്കിൾ 14, 15, 19, 21, 25 എന്നിവയുടെ ലംഘനമാണെന്നും അതിനാൽ അത് അസാധുവും ബാധകമല്ലാത്തതുമായി പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടായിരുന്നു ഹർജി ഫയൽ ചെയ്തത്. എന്നാൽ ഇത് പരിഗണിക്കേണ്ടതും നിയമനിർമ്മാണം നടത്തേണ്ടതും നിയമനിർമ്മാണ സഭയാണെന്ന് വിധിച്ചു കൊണ്ട് 2015 ജൂലൈ 2 ന് ഹർജിയിൽ തീർപ്പ് കൽപിക്കുകയാണ് ഹൈക്കോടതി ചെയ്തത്. തുടർന്ന് സുപ്രീംകോടതിയിൽ സ്പെഷൽ ലീവ് പെറ്റിഷൻ (SLP 9546/2016) സമർ



**1937ലെ മുസ്ലീം പിന്തുടർച്ചാവകാശനിയമം ലിംഗനീതിപരമായി പരിഷ്ക്കരിക്കണമെന്ന ആവശ്യത്തെ യാഥാസ്ഥിതിക മുസ്ലീം മതപണ്ഡിതന്മാർ എതിർക്കുന്നതുപോലെ 1947 ഏപ്രിൽ 11ന് ഭരണഘടനാനിർമ്മാണസഭയിൽ അവതരിപ്പിക്കപ്പെട്ട ഹിന്ദുകോഡ്ബില്ലിനും ഹിന്ദുദേശീയവാദികളുടെയും ഹിന്ദു മഹാസഭയുടെയും യാഥാസ്ഥിതിക ഹിന്ദുമത നേതാക്കന്മാരുടെയും ശക്തമായ എതിർപ്പുണ്ടായിരുന്നു. 1951 ൽ നിയമമന്ത്രി സ്ഥാനത്തുനിന്ന് ഡോ.ബി.ആർ. അംബേദ്ക്കർക്ക് രാജി വെക്കേണ്ടിവന്നത് ഹിന്ദുകോഡ് ബില്ലുമായി ബന്ധപ്പെട്ടായിരുന്നു.**

പ്പിക്കുകയുണ്ടായി. കേസിൽ കേരള സർക്കാരിനോട് ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുന്ന സത്യവാങ്മൂലം സമർപ്പിക്കാൻ സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കേരള സർക്കാർ പുരുഷൻമാരായ ചില മുസ്ലീം മതപണ്ഡിതന്മാരുടെ യോഗം വിളിച്ചതായും വ്യക്തിനിയമത്തിൽ കോടതിക്കോ സർക്കാരിനോ ഇടപെടാൻ അധികാരമില്ലെന്ന് അവർ അറിയിച്ചതായും മനസ്സിലാക്കാൻ കഴിഞ്ഞു. ഈ സാഹചര്യത്തിലാണ് ഫോറം ഫോർ മുസ്ലീം വിമൻസ് ജന്റർ ജസ്റ്റിസ് (FMWGJ) എന്ന കൂട്ടായ്മ രൂപീകരിക്കപ്പെടുന്നത്. സ്വത്തവകാശത്തിൽ വിവേചനം നേരിടുന്ന വിഭാഗമെന്ന നിലയിൽ മുസ്ലീം സ്ത്രീകളുടെ താല്പര്യത്തിനൊപ്പം സർക്കാർ നിൽക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ കൂട്ടായ്മ രൂപം കൊള്ളുന്നത്. 1937 ലെ മുസ്ലീം വ്യക്തി നിയമത്തിലെ പിന്തുടർച്ചാവകാശങ്ങളിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും കാര്യത്തിൽ തുല്യാവകാശങ്ങൾ ഉറപ്പുവരുത്തണം എന്നുള്ളതാണ് ഈ കൂട്ടായ്മയുടെ ആവശ്യം. വിവിധ മതവിഭാഗങ്ങളുടെ വ്യക്തി നിയമങ്ങളിൽ ഇപ്പോഴും സ്ത്രീവിരുദ്ധത പല രീതിയിൽ ഉൾച്ചേർന്നിട്ടുമുണ്ട്. അതുകൊണ്ടുതന്നെ വിവിധ മതവിഭാഗങ്ങളുടെ സിവിൽ നിയമങ്ങളിലെ സ്ത്രീ അവകാശതുല്യതക്ക് വേണ്ടിയാണ് ഇപ്പോൾ ശബ്ദമുയർത്തേണ്ടത്.

ചരിത്രപരമായി നോക്കിയാൽ ഇന്ന് വികസിതമെന്ന് തോന്നുന്ന പശ്ചാത്യ സമൂഹങ്ങളിൽ അടക്കം സ്ത്രീകൾ തുല്യാവകാശം ഉറപ്പുവരുത്താൻ ഇപ്പോഴും സമരങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ പോലും വോട്ടവകാശം അടക്കമുള്ള സിവിൽ അവകാശങ്ങൾക്ക് വേണ്ടി അവർക്ക് വലിയ തോതിൽ സമരം ചെയ്യേണ്ടിവന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ ഏതെങ്കിലും ഒരു മത വിഭാഗത്തെ പ്രത്യേകിച്ച് പിന്നോക്കം എന്നോ അപരിഷ്കൃതം എന്നോ മുദ്രകുത്തുന്നത് ശരിയല്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സ്ത്രീകൾക്ക് യാതൊരു അവകാശങ്ങളും ലഭ്യമല്ലാതിരുന്ന കാലഘട്ടത്തിൽ പരിമിതമായെങ്കിലും സ്ത്രീകളുടെ സ്വത്വം അംഗീകരിക്കാനും അവർക്ക് ചില അവകാശങ്ങൾനൽകാനും ഇസ്ലാം മതം തയ്യാറായിട്ടുണ്ട്. എങ്കിലും ഗോത്രജീവിതരീതിയിലും കുടുംബഘടനയിലും ഒക്കെ ഉണ്ടായിട്ടുള്ള ആധുനീകരണത്തെ ഉൾക്കൊള്ളാൻ ഇപ്പോഴും അത് മടിച്ചു നിൽക്കുകയാണ്.

മതവിശ്വാസികൾ എന്നുള്ള നിലയിൽ ഇസ്ലാമിലെ സ്ത്രീകൾക്ക് ഇസ്ലാമിലെ പുരുഷനു തുല്യമായ സിവിൽ അവകാശങ്ങൾ ഉറപ്പുവരുത്തുന്ന വിധം 1937 ലെ മുസ്ലീംവ്യക്തിനിയമം പരിഷ്കരിക്കണമെന്ന് ആവശ്യപ്പെടുന്നതിന്റെ പശ്ചാത്തലം ഇതാണ്.1937 ലെ മുസ്ലീം വ്യക്തിനിയമം (ശരി-അത്ത്) നടപ്പിലാക്കൽ ആക്ട് പരിമിതമായ തോതിലാണെങ്കിലും അന്നുവരെ മുസ്ലീങ്ങൾക്കിടയിൽ നിലനിന്നിരുന്ന നാട്ടുനടപ്പ് നിയമങ്ങളേയും പാരമ്പര്യ നിയമങ്ങളേയും ശരീ-അത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിക്കാനുള്ള ഒരു തുടക്കം ആയിരുന്നു. 1939-ലെ മുസ്ലീം വിവാഹ പിരിച്ചുവിടൽ നിയമം (Muslim marriage Dissolution Act) ക്രോഡീകരണത്തിന്റെ ദിശയിൽ മറ്റൊരു കാൽവെപ്പായിരുന്നു. എന്നാൽ ശരീഅ: നിയമങ്ങൾ എന്തെന്ന് വ്യക്തമായി നിർവചിക്കാതിരിക്കുകയും പല പണ്ഡിതൻമാരുടെയും ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി പല കോടതികൾ പല രീതിയിൽ വിധികൾ പ്രസ്താവിക്കുന്നത് തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ നിയമം പരിഷ്കരിച്ച് ക്രോഡീകരിക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. ഭരണഘടനാ തത്വങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ നോക്കിയാൽ ഇസ്ലാമിനെക്കാൾ പിന്നോക്കമായിരുന്ന ഹിന്ദു -ക്രിസ്ത്യൻ കുടുംബ നിയമങ്ങൾ പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു തന്നെ ഭരണഘടനയിലെ മൗലികാവകാശങ്ങൾ ഉറപ്പുവരുത്തത്തക്കവിധം സ്ത്രീകളുടെ തുല്യാവകാശം ഉറപ്പുവരുത്തിക്കൊണ്ട് മുസ്ലീം വ്യക്തിനിയമവും പരിഷ്കരിക്കണം.

ഖുർ-ആന്റെ മൂല്യങ്ങളുടെയും തത്വങ്ങളുടെയും അനുശാസനങ്ങളുടെയും മാനവികത ഉൾക്കൊള്ളുന്നതും ഇന്ത്യൻ ഭരണഘടനയുടെ ലിംഗസമത്വം, നീതി തുടങ്ങിയ തത്വങ്ങൾക്ക് നിരക്കുന്ന തരത്തിലും 1993-ൽ ഇന്ത്യ അംഗീകരിച്ച സ്ത്രീകൾക്കെതിരായ എല്ലാ രൂപത്തിലുമുള്ള വിവേചനങ്ങളും നിർമാർജനം ചെയ്യാനുള്ള 1979-ലെ ഐക്യരാഷ്ട്രസഭ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും, സ്ത്രീകൾക്കും ഇതരലിംഗവിഭാഗങ്ങൾക്കും നിയമത്തിന്റെ മുൻപിൽ സമത്വം സ്ഥാപിച്ചെടുക്കാനുള്ള പരിശ്രമം നടത്തേണ്ടത് നമ്മളേവരുടേയും ബാധ്യതയാണ്. എന്നാൽ ഈ പരിഷ്കരണവും ക്രോഡീകരണവും വ്യത്യസ്ത വിശ്വാസങ്ങൾ പിന്തുടരുന്ന മത വിഭാഗങ്ങളുടെ അവകാശങ്ങളെ ഹനിക്കുന്നതാവരുത്. ഇസ്ലാം മതത്തിൽ അടിയുറച്ച് വിശ്വസിക്കുന്നവരും ജാതി മതാതീതമായി സാമൂഹ്യനന്മയ്ക്കും മനുഷ്യനീതിയ്ക്കും വേണ്ടി നിലകൊള്ളുന്നവരും ഉൾപ്പെട്ടതാണ് ഈ കൂട്ടായ്മ. ഈ കൂട്ടായ്മയുടെ നയം മതവിരുദ്ധതയല്ലെന്നും നീതിയും ഭരണഘടനാവകാശങ്ങളും നിലനിൽക്കുന്ന ഒരു ഇന്ത്യ എന്ന സ്വപ്നമാണ് ഈ കൂട്ടായ്മ പങ്കിടുന്നത് എന്നും വീണ്ടും പറഞ്ഞുകൊള്ളട്ടെ. ഈ പ്രവർത്തനങ്ങൾക്ക് കരുത്തു നൽകുക.

സ്നേഹപൂർവം

ഡോ:ഖദീജ മുംതാസ് (വൈസ്ചെയർപേഴ്സൺ), നെജു ഇസ്മയിൽ (ട്രഷറർ), എം സുൽഫത്ത് (കൺവീനർ), അഡ്വ. റംലത്ത് പുതുശ്ശേരി (ജോയിന്റ് കൺവീനർ)



അജിത കെ.

# മുസ്ലിം സ്ത്രീകളുടെ ചരിത്രപ്രധാനമായ പ്രസ്ഥാനം



ഇക്കഴിഞ്ഞ മാസങ്ങളിൽ കേരളത്തിൽ രൂപം കൊണ്ട ഒരു പുതിയ പ്രസ്ഥാനമാണ് ഫോറം ഫോർ മുസ്ലിം വിമൻസ് ജെൻഡർ ജസ്റ്റിസ് കാലാകാലങ്ങളായി പുരുഷാധിപത്യത്തിന്റെയും മത പൗരോഹിത്യത്തിന്റെയും ചങ്ങലക്കെട്ടുകൾക്കുള്ളിൽ നരകയാതന അനുഭവിക്കുന്ന മുസ്ലിം സ്ത്രീകൾ നേരിടുന്ന പിന്തുടർച്ചവകാശത്തിലെ കടുത്തതും വിവേകശൂന്യവുമായ വിവേചനങ്ങളാണ് ഇത്തരമൊരു ഉയർത്തെഴുന്നേൽപ്പിന്റെ അടിസ്ഥാന കാരണം.

സ്ത്രീയായി ജനിച്ചുപോയതുകൊണ്ടുമാത്രം സ്വത്തവകാശത്തിൽ തുല്യത നിഷേധിക്കപ്പെടുന്ന ഈ പ്രശ്നം ഏറെക്കാലമായി ചർച്ച ചെയ്യപ്പെട്ടതാണ്. ഹിന്ദുമതത്തിലും ദശകങ്ങൾക്കു മുമ്പ് ഇത് തന്നെ ആയിരുന്നു അവസ്ഥ. പെൺകുട്ടികൾക്ക് സ്വത്തവകാശമേ ഉണ്ടായിരുന്നില്ല.

മരുമക്കത്തായം നിലനിന്ന വിഭാഗങ്ങളിൽ മാത്രമാണ് സ്ത്രീകൾക്ക് സ്വത്തവകാശം ഉണ്ടായിരുന്നത്. ഭൂരിഭാഗം ഹൈന്ദവ കുടുംബങ്ങളും മക്കത്തായ സമ്പ്രദായത്തിലായിരുന്നു. പിതൃസ്വത്ത് ആൺകുട്ടികൾക്കു മാത്രം അവകാശപ്പെട്ടതായിരുന്നു.

ഇന്ത്യൻ ഭരണഘടനയുടെ ശിൽപ്പിയായ ബാബ സാഹിബ് അംബേദ്കർ കൊണ്ടുവന്ന ഹിന്ദു കോഡ് ബിൽ, യാഥാസ്ഥിതിക വിഭാഗത്തിന്റെ കടുത്ത എതിർപ്പുകൾ നേരിട്ടുകൊണ്ട് വർഷങ്ങൾക്കുശേഷമാണ് പാസ്സായത്. സ്ത്രീപുരുഷ സമത്വം സ്വത്തിന്റെ കാര്യത്തിൽ അംഗീകരിക്കപ്പെടാൻ ഹിന്ദു സ്ത്രീകൾക്ക് അത്രയേറെ ബുദ്ധിമുട്ടേണ്ടിവന്നു.

നിയമം വന്നുവെങ്കിലും ഇന്നും തുല്യാവകാശം വകവെച്ചു കിട്ടാൻ ഹിന്ദുസ്ത്രീകൾക്ക് ഇത്ര വർഷങ്ങൾ കഴിഞ്ഞിട്ടും കോടതിയെ സമീപിക്കേണ്ടിവരാറുണ്ട്. ക്രിസ്ത്യൻസ്ത്രീകളുടെ പിന്തുടർച്ചാവകാശ പ്രശ്നം മുഖ്യധാരയിലേക്കുകൊണ്ട് വന്നത് ശ്രീമതി മേരി റോയിയാണ്. ക്രിസ്ത്യൻസ്ത്രീകൾക്ക് പിതൃസ്വത്തിൽ തുല്യവകാശത്തിന് വേണ്ടിയുള്ള മേരി റോയിയുടെ സുപ്രീം കോടതിയിലെ നിയമപ്പോരാട്ടം ചരിത്രപ്രസിദ്ധമാണ്. അങ്ങനെ ക്രിസ്ത്യൻ വ്യക്തി നിയമവും പരിഷ്കരിക്കപ്പെട്ടു. ഇന്ത്യയിലെ മത വ്യക്തിനിയമങ്ങളിൽ യാതൊരു മാറ്റവുമില്ലാതെ നില്കുന്നത് മുസ്ലിം വ്യക്തിനിയമം മാത്രമാണ്.

മുസ്ലിം സ്ത്രീകളുടെ പിന്തുടർച്ചവകാശത്തിൽ കാലോചിതമായ മാറ്റങ്ങൾ വേണമെന്നും ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന സ്ത്രീ പുരുഷ തുല്യതയുടെ അടിസ്ഥാനത്തിൽ ആൺപെൺ വ്യത്യാസമില്ലാതെ സ്വത്തു തുല്യമായി വിഭജിക്കപ്പെടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് വി. പി. സുഹറയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'നിസ' എന്ന മുസ്ലിംസ്ത്രീ സംഘടന സുപ്രീം കോർട്ടിൽ കേസ് ഫയൽ ചെയ്തതാണ് ഇതിനൊക്കെ ഒരു തുടക്കം കുറിച്ചത്. ചരിത്രത്തിന്റെ ഒരു നിമിത്തമായ ആ കേസും അതിനെ തുടർന്ന് മുസ്ലിം സ്ത്രീകൾക്കിടയിലുണ്ടായ ഉയർത്തെഴുന്നേൽപും കേരളത്തിൽ വൻ ചലനങ്ങളുണ്ടാക്കിയിരിക്കുന്നു. ഈ പ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകാൻ നിയോഗിക്കപ്പെട്ട നേതൃത്വം അതിനെ ശരിയായ ദിശയിൽ കൊണ്ടുപോകുമെന്നു തന്നെ പ്രതീക്ഷിക്കുന്നു. അതിനിടയിൽ കക്ഷി രാഷ്ട്രീയ താല്പര്യങ്ങൾ ഇടപെട്ടു പ്രസ്ഥാനം തകരാതിരിക്കട്ടെ. പുറത്തു മത യാഥാസ്ഥിതിക ശക്തികൾ കാത്തിരിക്കുകയാണ് ഈ പ്രസ്ഥാനം തമ്മിൽതല്ലി പിരിയുന്നത് കാണാൻ. അതിനു എരിപിരി കൂട്ടാൻ കഴിയുന്നതൊക്കെ അവർ ചെയ്യും. അത് മനസ്സിലാക്കി വിവേകപൂർവം പ്രസ്ഥാനം പ്രവർത്തിക്കട്ടെ എന്ന് ഹൃദയപൂർവം ആശംസിച്ചുകൊണ്ട് നിർത്തുന്നു.



# ഹിന്ദുപിൻന്തുടർച്ചാവകാശ നിയമവും സ്ത്രീ സമൂഹവും:ഒരു വിചിന്തനം





**ഡോ.ഡയാന കെ.**
അധ്യാപിക
സ്ത്രീപഠന വിഭാഗം,
കോഴിക്കോട് സർവ്വകലാശാല

ലോകരാജ്യങ്ങളിൽ സ്ത്രീകളുടെ സ്വത്തവകാശവുമായി ബന്ധപ്പെട്ട് ഒട്ടനവധിയായ നിയമങ്ങൾ നിലനിൽക്കുന്നു. യുഎന്നിന്റെ കണക്കുപ്രകാരം പുരുഷനെ അപേക്ഷിച്ച് 1/100 സ്വത്ത് മാത്രമേ സ്ത്രീക്ക് ലഭ്യമായിട്ടുള്ളൂ. ഇന്ത്യയെ സംബന്ധിച്ച് സ്ത്രീകളുടെ സ്വത്തവകാശം പൂർണ്ണമായും വ്യക്തിനിയമവുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. അതുകൊണ്ടു തന്നെ ഓരോ സമുദായത്തിലും അവരുടെ ആചാരങ്ങൾക്കും മതവിശ്വാസങ്ങൾക്കും അനുസൃതമായിട്ടാണ് സ്ത്രീകളുടെ സ്വത്തവകാശം തീരുമാനിക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയിലെ ഹിന്ദുസമുദായത്തിൽ ഒട്ടനവധിയായ ആചാരങ്ങൾ നിലനിൽക്കുന്നു. ഒരോ ജാതിയിലെയും ആചാരങ്ങൾ സ്ത്രീകളുടെ സ്വത്തവകാശങ്ങളെ നിർണ്ണയിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. ചരിത്രം പരിശോധിക്കുമ്പോൾ ഈ ആചാരങ്ങളും അതിനോടൊപ്പം നിൽക്കുന്ന നിയമങ്ങളും പലപ്പോഴും അനീതി നിറഞ്ഞതും ലിംഗസമത്വം ഇല്ലാത്തതുമായിരുന്നു എന്ന് കാണാൻ സാധിക്കും.

പൗരാണിക ഹിന്ദു നിയമം പരമ്പാരാഗതമായ ശ്രുതി, സ്മൃതി തുടങ്ങിയ സംഹിതകളിൽ നിന്ന് ഉരുത്തിരുഞ്ഞ് വന്നതാണ് എന്ന് കാണാൻ കഴിയും. ആയത് ഒരു ആചാരം എന്ന നിലക്ക് തലമുറകളായി കൈമാറപ്പെട്ട ഒരു തത്വസംഹിതയായിരുന്നു. എഴുതപ്പെട്ട ഒരു നിയമം ഉണ്ടായിരുന്നില്ല.

പുരാണ ഹിന്ദു നിയമത്തിൽ സ്വത്ത്ദായക്രമവുമായി ബന്ധപ്പെട്ട് മിതാക്ഷര എന്ന ആചാരരീതി പിന്തുടരുന്നവരും ദായഭാഗ ആചാരരീതി പിന്തുടരുന്നവരും ഇന്ത്യക്കകത്ത് ഉണ്ടായിരുന്നു. കേരളത്തിൽ സ്വത്തുദായക്രമത്തിൽ പ്രധാനമായും പിന്തുടർന്നു വരുന്ന രീതി മിതാക്ഷര നിയമം ആയിരുന്നു. ഗ്രോത്രങ്ങളിലോ, കുടംബങ്ങളിലോ സമൂഹങ്ങളിലോ സ്വത്തുദായക്രമത്തിൽ ഏതെങ്കിലും തരത്തിലുള്ള ആചാരങ്ങൾ നിലനിന്നു വന്നിരുന്നുവെങ്കിൽ ആയവ അക്കാര്യത്തെ സംബന്ധിച്ച് നിയമം എന്ന രീതിയിൽ അനുഷ്ഠിക്കപ്പെട്ടിരുന്നു. ആചാരങ്ങളുടെ അഭാവത്തിൽ മിതാക്ഷര നിയമം അതുപോലെ തന്നെ സ്വത്തവകാശം തീരുമാനിക്കുന്നതിൽ ബാധകമായിരുന്നു. ഹിന്ദു മിതാക്ഷര നിയമം വിവക്ഷിക്കുന്നത് കുടുംബകാരണവർ അടക്കമുള്ള നാല് തലമുറയിലുള്ള സന്തതികൾക്ക് മാത്രമേ കൂട്ടുകുംബസ്വത്തിൽ ജന്മവകാശം ഉണ്ടാവൂ എന്നതാണ്. മേൽ പ്രസ്താവിച്ച പരമ്പരാഗതമായ ആചാരസംഹിതയുടെ അടിസ്ഥാനഘടകങ്ങൾ താഴെ പ്രസ്താവിക്കുന്നവയാണ്.

1. ഹിന്ദു സമുദായത്തിൽ മുൻപ് കൂട്ടുകുടുംബ വ്യവസ്ഥിതിയായിരുന്നു ഉണ്ടായിരുന്നത്. ആചാരത്തിലും വിശ്വാസത്തിലും ആരാധനയിലും, എന്തിന് ഭക്ഷണത്തിലും വസ്ത്രത്തിൽ പോലും ഈ വ്യവസ്ഥിതിക്ക് വളരെയധികം സ്വാധീനം ഉണ്ടായിരുന്നു.

2. സ്ത്രീകളും കുട്ടികളും അടക്കമുള്ള എല്ലാ കുടുംബാംഗങ്ങളും കൂട്ടുകുടുംബത്തിന്റെ ഭാഗമായിരുന്നതും അവരുടെ പ്രാഥമികമായ ആവശ്യങ്ങൾ എല്ലാം തന്നെ കൂട്ടുകുടുംബത്തിലെ ചുമതലപ്പെട്ട കാരണവന്മാർ യഥാവിധി നിർവഹിച്ചു വരുന്നതുമായിരുന്നു.

3. സ്ത്രീകൾക്ക് കൂട്ടുകുടുംബസ്വത്തിൽ യാതൊരു അവകാശവും ഉണ്ടായിരുന്നില്ല. എന്നാൽ അവരുടെ കഴിച്ചിലും പ്രാഥമിക ആവശ്യങ്ങളും കൂട്ടുകുടുംബസ്വത്തിൽ നിന്നുള്ള വരുമാനം കൊണ്ട് ബന്ധപ്പെട്ടവർ നിർവഹിച്ചു വരുന്നു.

കേരളത്തിൽ ബഹുഭൂരിപക്ഷം ആചരിച്ചു വരുന്ന ഈ നിയമം മിതാക്ഷര നിയമം എന്നറിയപ്പെട്ടിരുന്നതും കൂട്ടുകുടുംബത്തിന്റെ കാരണവർ അടക്കമുള്ള നാലുതലമുറക്കാർക്ക് മാത്രമേ കൂട്ടുകുടുംബത്തിൽ സ്വത്ത് അവകാശം ഉണ്ടായിരുന്നുള്ളൂ. അവർ "Coparcenar" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അവർക്ക് കൂട്ടുകുടുംബസ്വത്തിൽ ജന്മനാതന്നെ അവകാശം സിദ്ധിക്കുമായിരുന്നു "Coparcenary" യിൽ ഉൾപ്പെട്ട ഒരു മെമ്പറുടെ നിയമിതമായ അവകാശം നിർവചിക്കത്തക്കതായിരുന്നില്ല. കാരണം കുടുംബത്തിലെ ആ സന്തതികളുടെ ജനനം വ്യക്തിപരമായ അവകാശത്തെ കുറക്കുന്നതും അവരുടെ മരണം അവകാശത്തെ കൂട്ടുന്നതുമായിരുന്നു.



source : india herald

അതേസമയം മേൽ പ്രസ്താവിച്ച പ്രകാരം സ്ത്രീകൾക്ക് കൂട്ടുകുടുംബസ്വത്തിൽ യാതൊരു അവകാശവും ഉണ്ടായിരുന്നില്ല. അവർക്ക് കാരണവരുടെയും മറ്റും സഹായത്തോടുകൂടി സ്വത്തിൽ നിന്നുള്ള വരുമാനം അവരുടെ ഇഷ്ടാനുസരണത്തിൽ തറവാട്ടിൽ കഴിഞ്ഞു പോകാനുള്ള അവകാശം അതും അവരുടെ വിവാഹം വരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇനി ഏതെങ്കിലും നിലക്ക് അവിവാഹിതയായ ഒരു സ്ത്രീക്ക് അവരുടെ ചിലവിനായി കാരണവർ അവരുടെ വല്ല സ്വത്തും മാറ്റി വെക്കുകയുണ്ടായാൽ തന്നെ ആയതിൽ നിന്നും

ആദായം എടുത്ത് കഴിയുക എന്നതല്ലാതെ ആയതിൽ പരിപൂർണ്ണ അവകാശം ഒരിക്കലും സ്ത്രീകൾക്ക് ലഭിച്ചിരുന്നില്ല. വിവാഹശേഷം സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരുടെ തറവാട്ടിലെ അംഗങ്ങളായി മാറുകയാണ് ചെയ്യുന്നത്.

മേൽ പ്രസ്താവിച്ച പുരാതന ആചാരാധിഷ്ഠിതമായ സ്ത്രീകൾക്ക് സ്വത്തവകാശം നൽകാത്ത ഹിന്ദുനിയമത്തിൽ ആദ്യമായി നിയമം മൂലം ഒരു മാറ്റം നടപ്പിലായത് 'Hindu Women's Right to Property Act 1937 എന്ന നിയമത്തിലൂടെയാണ്. മേൽ നിയമം മൂന്നു നിലവാരത്തിലുള്ള വിധവകൾക്ക് അവരുടെ മുൻഗാമിയുടെ മരണത്തോടുകൂടി അവകാശം ലഭിക്കുന്ന തരത്തിലാണ് ഉണ്ടായിരുന്നത്. ഇതുപ്രകാരം കൂട്ടുകുടുംബത്തിൽ സ്വത്തവകാശമുള്ള ഒരു പുരുഷൻ മരണപ്പെട്ടാൽ ആ സ്വത്ത് അദ്ദേഹത്തിന്റെ വിധവക്കോ, വിധവകൾക്ക് കൂട്ടായോ, ഒരു മകനുള്ളതുപോലുള്ള അവകാശം സിദ്ധിക്കുന്നതാണ്. ഈ നിയമപരമായ ആനുകൂല്യം മരണപ്പെട്ടയാളുടെ മരിച്ച മകന്റെ വിധവക്കും ലഭിക്കുന്നതാണ്. വസ്തുവിന്റെ ഭാഗം ആവശ്യപ്പെടാനുള്ള അവകാശം ഈ മൂന്ന് തലത്തിലുള്ള വിധവകൾക്ക് ഉണ്ടായിരുന്നുവെങ്കിലും മേൽ നിയമപ്രകാരം അവർക്ക് ലഭിച്ച അവകാശം വളരെ പരിമിതവും പൂർണ്ണമായതല്ലാത്തതും ആയിരുന്നു.




ഇത്തരത്തിലാണ് ഹിന്ദുസമുദായത്തിൽ സ്ത്രീകൾ അനുഭവിച്ചു വരുന്ന വിവേചനം എന്നെന്നേക്കുമായി അവസാനിപ്പിക്കാനും അവർക്ക് തുല്യാവകാശം ലഭിക്കുവാനുമായി ഭരണഘടനാശില്പിയായ ഡോ: ബി.ആർ. അംബേദ്കർ ഭരണഘടന നിർമ്മാണസഭയിൽ ഹിന്ദുകോഡ് ബിൽ എന്ന കരടു നിയമം കൊണ്ടുവന്നത്. എന്നാൽ ആയതിൽ അന്ത:സത്തക്ക് നിരക്കുന്ന രീതിയിലുള്ള പ്രോത്സാഹനം ഭരണകക്ഷിയായ കോൺഗ്രസ്സിൽ നിന്നു പോലും ലഭിക്കുകയുണ്ടായില്ല. 1947 ഏപ്രിൽ മാസം 11 തീയ്യതി ഭരണഘടന നിർമ്മാണസഭയിൽ അവതരിപ്പിച്ച മേൽ ബിൽ ചർച്ചക്ക് എടുക്കാതെ വളരെ കാലത്തിനു ശേഷം 1948 ഏപ്രിൽ 9 ന് സെലക്ട് കമ്മിറ്റിക്ക് വിടുകയാണ് ഉണ്ടായത്. നാല് വർഷത്തെ നീണ്ട ചർച്ചകൾക്കും ആയതിനെ പൂർണതയിൽ എത്തിക്കാൻ കഴിഞ്ഞില്ല. ഡോ.അബേദ്ക്കറുടെ വാക്കുകൾ തന്നെ കടം എടുത്താൽ അവർ ആ ബില്ലിനെ കരുണയില്ലാതെ കൊല്ലുകയായിരുന്നു.

എന്നാൽ പ്രസ്തുത ബിൽ ഹിന്ദുസമുദായത്തിലെ നിയമപരമായ നവോത്ഥാനത്തിന് വഴിവെക്കുകയും ഹിന്ദുസമുദായത്തിൽ വ്യക്തിപരമായ അവകാശങ്ങളെ സംബന്ധിക്കുന്ന നാല് സുപ്രധാന നിയമങ്ങളുടെ ആവിർഭാവത്തിന് വഴിയൊരുക്കുകയും ചെയ്തു. ആയവ താഴെ പറയുന്നവയാകുന്നു.

1. Hindu Marriage Act 1955 : ഈ നിയമം ഹിന്ദുവിവാഹത്തെയും വിവാഹമോചനത്തെയും സംബന്ധിച്ചുള്ള ബൃഹത്തായ ഒരു നിയമസംഹിതയാണ്. ആയത് ഇന്നും കാലാതിവർത്തിയായി തുടരുന്നതുമാണ്.

2. Hindu Succession Act 1956 : ഈ നിയമം ഹിന്ദുസമുദായത്തിലെ സ്വത്തു സംബന്ധമായ അവകാശാധികാരങ്ങളെ നിർവചിക്കുന്നതും സർവ്വോപരി സ്ത്രീകൾക്ക് കുടുംബ വസ്തുവിൽ തുല്യ അവകാശം നൽകുന്ന തരത്തിലുള്ള വിപ്ലവകരമായ ഒരു തീരുമാനവും ആയിരുന്നു. മേൽ നിയമത്തിലെ 14-ാം വകുപ്പ് പ്രകാരം മേൽ പ്രസ്താവിച്ച കൂട്ടുകുടുംബത്തിൽ വിധവ എന്ന നിലയിലോ അല്ലാതെ കഴിച്ചിലിന് വേണ്ടി നൽകിയതോ ആയ സ്വത്തിൽ സ്ത്രീയുടെ വളരെ പരിമിതമായ അവകാശത്തെ പരിപൂർണ്ണമായ അവകാശമായി മാറ്റുകയാണുണ്ടായത്. Copercener എന്നു വിവക്ഷിക്കുന്ന കൂട്ടുകുടുംബസ്വത്തിൽ ജന്മാവകാശം ഉ

ണ്ടായിരുന്ന ആ മെമ്പർമാരുടെ മരണത്തോടെ അവരുടെ നിയതമല്ലാത്ത വസ്തുവിലുള്ള അവകാശം മറ്റു Copercener ന് സിദ്ധിക്കാതെ ആയത് പിന്തുടർച്ചാവകാശമായി അദ്ദേഹത്തിന്റെ അവകാശികൾക്ക് സിദ്ധിക്കുന്ന സ്ഥിതി വന്നു. ആയതു പ്രകാരം വസ്തു അവകാശം ഒരു Copercener മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ മരണത്തിന് തൊട്ടു മുൻപ് കൂട്ടുകുടുംബസ്വത്തിൽ എത്ര ഷെയർ ഓഹരി ഉണ്ടെന്ന് കണ്ടെത്തുകയും ആയത് പിന്തുടർച്ചാവകാശമായി മേൽ നിയമത്തിന്റെ 8-ാം വകുപ്പിൽ പ്രതിപാദിച്ചപ്പോലെ അദ്ദേഹത്തിന്റെ അവകാശികൾക്ക് വന്ന് അനുഭവിക്കുകയും ചെയ്യും. തൽഫലമായി അദ്ദേഹത്തിന്റെ ഭാര്യക്കും മക്കൾക്കും അമ്മക്കും ആൺ പെൺ വ്യത്യാസമില്ലാതെ തുല്ല്യമായി വസ്തു ലഭിക്കുന്ന സാഹചര്യം ഉണ്ടായി.

കൂട്ടുകുടുംബ വ്യവസ്ഥിതികളുടെ നിരാസം പ്രതിപാദിക്കുന്ന ഹിന്ദുപിന്തുടർച്ചാവകാശ നിയമത്തിലെ പ്രത്യക്ഷത്തിൽ ഹിന്ദു കൂട്ടുകുടുംബ വ്യവസ്ഥിതി ഇല്ലാതാക്കുന്നില്ല എന്നത് ആയത് ഒരു ന്യൂനതയായി അവശേഷിച്ചു. ഒരു ആൺ അവകാശി മരണപ്പെട്ടാൽ മാത്രമേ മേൽ പ്രസ്താവിച്ച പ്രകാരം വസ്തു പിന്തുടർച്ചാവകാശികൾക്ക് ലഭിക്കുന്നുള്ളൂ. എന്നാൽ ജീവിച്ചിരിക്കുന്ന മറ്റവകാശികൾ അവരുടെ കൂട്ടുകുടുംബവ്യവസ്ഥിതിയും Copercener ഉം മുന്നോട്ടുകൊണ്ടു പോവുകയാണ് ഉണ്ടായത്. ഇതിൽ പ്രകടമായ ഒരു ലിംഗവിവേചനം നിലനിന്നിരുന്നു എന്നത് വ്യക്തമാണ്. 1956 ലെ ഹിന്ദുപിൻതുടർച്ചാവകാശ നിയമത്തെ തുടർന്ന് 2005 ആയതിന്റെ ഭേദഗതി തുടർന്ന് ഇത്തരത്തിലുള്ള പുരാതന ഹിന്ദുനിയമങ്ങൾ കാലഹരണപ്പെടുകയും കുടുംബസ്വത്തിന്റെ കാര്യത്തിൽ സ്ത്രീ-പുരുഷ സമത്വം ഉറപ്പാക്കുകയും ചെയ്തു.

ഇതിനെ തുടർന്നാണ് കേന്ദ്രസർക്കാർ Hindu Succession Amendment Act 2005 കൊണ്ടുവന്നത്. മേൽ Amendment Act se Sec 6 പ്രകാരം പെൺമക്കൾക്കും ആൺമക്കളെപോലെ കൂട്ടുകുടംബസ്വത്തിൽ Copercener എന്ന ജന്മനാവകാശം നൽകി. ഇതുപ്രകാരം കൂട്ടുകുടുംബവ്യവസ്ഥിതി തുടർന്നുവരുന്ന കുടുംബങ്ങളിൽ ആൺമക്കളെ പോലെ പെൺമക്കൾക്കും കൂട്ടുകുടംബവസ്തുവിൽ തുല്ല്യാവകാശം ജന്മനാ സിദ്ധിക്കാനിടയായി. 2005ൽ നിയമസാധുത വന്ന ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ആയതിനു മുമ്പ് ജനിച്ച സ്ത്രീകൾക്കും ഈ നിയമത്തിന്റെ ആനുകൂല്യം ലഭിക്കുമോ എന്നുള്ളത് നിയമവൃത്തത്തിലും പൊതുജനങ്ങളിലും ഉള്ള ഗൗരവമായ ചർച്ചക്ക് കാരണമായി. മുൻപുണ്ടായ എതിർ അഭിപ്രായങ്ങളെ മറികടന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി തന്നെ 2005 ലെ ഭേദഗതി നിയമം ആയതിന് മുമ്പ് ജനിച്ച സ്ത്രീകൾക്കും ബാധകമാണെും ആയത് Retro Active ആണെന്നും വിനീത ഷർമ കേസിൽ പ്രഖ്യാപിച്ചത് ഈ രംഗത്തുള്ള തെറ്റായ വാദങ്ങൾക്കും അറുതി ഉണ്ടാക്കി.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മേൽ വിധിപ്രകാരം കൂട്ടുകുടുംബസ്വത്തിലും മറ്റും സ്ത്രീകൾക്ക് പുരുഷൻമാരോടൊപ്പമുള്ള തുല്ല്യാവകാശം അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചതുവഴി തുല്ല്യത എന്ന സങ്കല്പം യാഥാർത്ഥ്യമായി. ഈ നിലയ്ക്ക് ഹിന്ദുസമൂഹത്തിൽ സ്ത്രീകൾ സ്വത്തുപരമായി പുരുഷൻമാരോടൊപ്പം എല്ലാനിലക്കും തുല്ല്യാവകാശം കൈവശമുള്ളവരായി മാറി.

മേൽനിയമങ്ങളുടെ ആവിർഭാവത്തിനുമുമ്പ് കേരളത്തിൽ നിലനിന്നിരുന്ന മരുമക്കത്തായ സമ്പ്രദായത്തെപ്പറ്റി പരാമർശിക്കാതെ പോകുന്നത് ഉചിതമല്ല. മരുമക്കത്തായ നിയമപ്രകാരം തറവാട്ടിന്റെ കാരണവർസ്ഥാനം അലങ്കരിക്കുന്നത് ഒരു സത്രീയും അവരുടെ കാരണവത്തി നാലു തലമുറ Copercener ആയി കല്പിക്കപ്പെടുന്നത് സ്ത്രീജനങ്ങളുടെ സന്തതികൾ മാത്രമാണ് എന്ന നിലയുള്ളതും ആയിരുന്നു. മേൽ വ്യവസ്ഥിതി ഒന്നു

> **കൂട്ടുകുടുംബവ്യവസ്ഥിതി തുടർന്നുവരുന്ന കുടുംബങ്ങളിൽ ആൺ മക്കളെ പോലെ പെൺമക്കൾക്കും കൂട്ടുകുടംബവസ്തുവിൽ തുല്ല്യവകാശം ജന്മനാസിദ്ധിക്കാനിടയായി. 2005 ലെ നിയമസാധുത വന്ന ഈ നിയമത്തിൽ അടിസ്ഥാനത്തിൽ ആയതിനു മുമ്പ് ജനിച്ച സ്ത്രീകൾക്കും ഈ നിയമത്തിന്റെ ആനുകൂല്യം ലഭിക്കുമോ എന്നുള്ള നിയമവൃത്തത്തിലും പൊതുജനങ്ങളിലും ഉള്ള ഗൗരവമായ ചർച്ചയ്ക്ക് കാരണമായി.**

കൊണ്ടു തന്നെ സ്ത്രീകളുടെ കുടുംബസ്വത്തിലും മറ്റും ഉണ്ടായിരുന്നു മേൽക്കോയ്മ എടുത്തു പ്രസ്താവിക്കേണ്ടതാണ്. Marumakkathayam Abolition Act, Kerala Joint Family System Abolition Act പ്രകാരവും ഹിന്ദു പിന്തുടർച്ചവാകാശനിയമത്തിന്റെയും ആവിർഭാവത്തോടുകൂടി അവർ അന്നുവരെ അനുഭവിച്ചു വന്നിരുന്ന അപ്രമാദിത്വം നഷ്ടമായതും ഇത്തരുണത്തിൽ പ്രസ്താവ്യമാണ്.

3. Hindu Minority Guardianship Act 1956.

ഈ നിയമം ഹിന്ദു സമുദായത്തിലെ മൈനർമാരുടെ അവകാശങ്ങളെ സംബന്ധിച്ചും അവരുടെ രക്ഷിതാക്കളുടെ അധികാരവകാശത്തെ സംബന്ധിച്ചും ഉള്ള മൈനർമാരെയും അവരുടെ അവകാശങ്ങളെയും നിയമപരമായി സംരക്ഷിക്കാൻ ഉതകുന്ന ഒരു പരിപൂർണ്ണനിയമം ആകുന്നു.

4. Hindu Adoption and Maintinance Act 1956



**4. Hindu Adoption and Maintinance Act 1956 ഈ നിയമം ഹിന്ദു സമുദായത്തിലെ വ്യക്തികൾക്ക് കുട്ടികളെ ദത്തെടുക്കുന്നതും അതുമായി ബന്ധപ്പെട്ട എല്ലാവിധ സംഗതികളെയും സംബന്ധിച്ചിട്ടുള്ള അടിസ്ഥാനപരമായ ഒരു നിയമസംഹിതയാകുന്നു. കൂടാതെ ആയത് കുട്ടികൾക്കും ചിലവിന് നൽകേണ്ട സംഗതിയെ സംബന്ധിച്ച് കാര്യങ്ങളിലും ആധികാരികമായി നിർവചനകൾ നടത്തുതുമാണ്. ആയത് പരമപ്രധാനമായ കുടുംബാങ്ങൾക്ക് ചിലവിന് നൽകേണ്ടുതായ നിയമപരമായ ഉത്തരവാദിത്വത്തെപ്പറ്റിയും ആയത് ലഭിക്കേണ്ട വ്യക്തികളുടെ അവകാശ സംരക്ഷണത്തിനും നിലകൊള്ളുന്നു.**

ഈ നിയമം ഹിന്ദു സമുദായത്തിലെ വ്യക്തികൾക്ക് കുട്ടികളെ ദത്തെടുക്കുന്നതും അതുമായി ബന്ധപ്പെട്ട എല്ലാവിധ സംഗതികളെയും സംബന്ധിച്ചിട്ടുള്ള അടിസ്ഥാനപരമായ ഒരു നിയമസംഹിതയാകുന്നു. കൂടാതെ ആയത് കുട്ടികൾക്കും ചിലവിന് നൽകേണ്ട സംഗതിയെ സംബന്ധിച്ച് കാര്യങ്ങളിലും ആധികാരികമായി നിർവചനങ്ങൾ നടത്തുന്നതുമാണ്. ആയത് പരമപ്രധാനമായ കുടുംബാംഗങ്ങൾക്ക് ചിലവിന് നൽകേണ്ടുതായ നിയമപരമായ ഉത്തരവാദിത്വത്തെപ്പറ്റിയും ആയത് ലഭിക്കേണ്ട വ്യക്തികളുടെ അവകാശ സംരക്ഷണത്തിനും നിലകൊള്ളുന്നു.

മേൽ പ്രസ്താവിച്ചതിൽ നിന്ന് നിയമപരമായി ഹിന്ദുസ്ത്രീകൾ വസ്തുപരമായും ഒരു വിവേചനം നേരിടുന്നില്ല എന്നത് വ്യക്തമാണ്. ഡോ ബി. ആർ. അബേദ്കർ വിഭാവനം ചെയ്ത Hindu Code Bill അംഗീകാരം നേടാൻ പരാജയപ്പെട്ടെങ്കിലും മേൽ പ്രസ്താവിച്ച നാല് പരമപ്രധാനമായ നിയമനിർമ്മാണം വഴി അദ്ദേഹം വിഭാവനം ചെയ്ത ആശയങ്ങൾ പ്രാവർത്തികമാക്കപ്പെടുന്നു എന്ന് നമുക്ക് ഉപസംഹരിക്കാവുന്നതാണ്.

### സഹായക ഗ്രന്ഥങ്ങൾ

1.Mayne, *Treatise on Hindu Law and Usage*, 1986, Twelfth edition, Bharat Law House, New Delhi.

2. S.R. Bhansali, *The Constitution of India* 2014, Second Edition, Universal Law Publishing Co. pvt .Ltd. New Delhi.



**വിജയരാജമല്ലിക**
ട്രാൻസ്ജെൻഡർ കവയിത്രി,
സാമൂഹിക പ്രവർത്തക,

# ഇനി വിചാരണ

കണ്ണാഴങ്ങളിൽ ഇരുൾമൂടിയിട്ടോ
നീ എന്നെ അറിയാതെപോയി?
പല കാലങ്ങളിലൂടെ
സങ്കല്പയാത്ര ചെയ്തു വന്നതല്ല , ഞാൻ .
ആടും മാടും കുത്തിനിറച്ച
നോഹയുടെപേടകത്തിലെ
കോലാഹലങ്ങളിലും,
നീ നിറഞ്ഞുനിന്ന
ഗാഗുൽത്താ മലയിലെ ,
നീ പോലും കേൾക്കാതെപോയ
വിലാപമാറ്റൊലികളിലുമൊന്ന് എന്റേതായിരുന്നു .

മുൾക്കിരീടം ചൂടി, ഇന്നലെകളുടെ കുഴിമാടങ്ങളിൽ
കണ്ണീർ വാർത്തും
മെഴുകുതിരിയായി വിയർത്തുരുകിയും
നിന്റെ ആൺ-പെൺ സൃഷ്ടികളേകിയ
ശാപവാക്കുകളും ചാട്ടയടികളുമേറ്റ് ,
പൊള്ളുന്ന വെയിലിൽ
കല്ലേറെത്രയായിരമേറ്റ് രക്തം ചിന്തിച്ചിന്തി
എന്റെയീ ജന്മം




മതി
കുരിശിൽനിന്നിറങ്ങിവരൂ
പ്രതിക്കൂട്ടിൽ കയറിനിൽക്കൂ
ഇനി നിന്റെ വിചാരണ...

മൂന്നാം നാളിൽ ഉയർത്തെഴുന്നേൽക്കേണ്ട .
പാരിൽ രണ്ട് കളങ്ങളിലായി
നീ വരച്ചിട്ട
കാപട്യങ്ങളുടെ
കൂമ്പു നുള്ളൂ

നിന്റെ വിശ്വാസികൾ
നിനക്ക് വേണ്ടി വാദിക്കട്ടെ
എനിക്കുവേണ്ടിയീ
വൈവിദ്ധ്യമാർന്ന പ്രകൃതിയും..!

ഭരണഘടനയിൽ കൈവെച്ചുപറയൂ
സത്യം മാത്രം,
മനുഷ്യപ്പിറവി
ആണും പെണ്ണും മാത്രമായായിരുന്നോ?
പറയൂ പരനെ
കരുണാമയനേ
മൗനത്തേക്കാൾ വലിയ
പാപമുണ്ടോ?



ഡോ.ജാൻസി ജോസ്



# മനുഷ്യത്വം വളരട്ടെ

മതം വളർത്താതെ മനുഷ്യത്വം വളർത്താൻ ശ്രമിക്കുന്ന വിശ്വാസികളുടെ ഒരു കാലമാണ് നമുക്കിനി ഉണ്ടാകേണ്ടത്. ഒരു മതത്തിൽ ജനിക്കുക, ആ മതം അവരിൽ കുത്തിനിറക്കുക, മറ്റൊരു മതവും അംഗീകരിക്കാൻ കഴിയാതെ വരിക, മതത്തിനു വണ്ടി എന്തും ചെയ്യാൻ തയ്യാറാക്കുക – ഇങ്ങനെയാണല്ലോ നമ്മൾ ഭൂജാതമാകുന്നതു മുതൽ മതത്തെ അന്ധമായിവിശ്വസിക്കുന്നതുവരെയുള്ള നമ്മുടെ വളർച്ച . മനുഷ്യന് എല്ലാ മതങ്ങളും പഠിക്കുവാനുള്ള അവസരം ഉണ്ടാവേണം. മതം വേണോ വേണ്ടയോ എന്നത് മനുഷ്യന്റെ ചോയ്സായിരിക്കണം. വേണമെങ്കിൽത്തന്നെ പഠിച്ചതിൽ നിന്നു തിരഞ്ഞെടുക്കുന്ന രീതിവരണം.

ഏതു മതത്തിൽപെട്ട കുട്ടിയാണെങ്കിലും തീരുമാനമെടുക്കാൻ കഴിയുന്ന പ്രായത്തിൽ അവൻ / അവൾ തീരുമാനിക്കട്ടെ അവർക്ക് മതം വേണോ വേണ്ടായോ എന്ന്. ഏതു മതം വേണമെന്നും .

മതപഠനത്തിനായി സ്വന്തം വീട്ടിൽ നിന്നു മാറ്റി നിർത്തുന്ന കുട്ടികളെ പീഡിപ്പിച്ചും കൊന്നും കളയുന്ന വാർത്തകൾ നിരന്തരം കേട്ടുകൊണ്ടിരിക്കുന്നു.. മതശുശ്രൂഷകരായി പോകുന്നവരും മതപഠന ക്ലാസുകളിൽ പോകുന്നവരും ഒട്ടും സുരക്ഷിതരല്ല എന്ന് മനസ്സിലാക്കാതെ മക്കളെ എറിഞ്ഞു കൊടുക്കുന്ന മാതാപിതാക്കൾ വളരെ ലജ്ജിക്കേണ്ടതുണ്ട്. പള്ളികളും അമ്പലങ്ങളുമെല്ലാം മനുഷ്യന് ആശ്വസിക്കാനുള്ള കേന്ദ്രങ്ങളായിരിക്കാം. എന്നാൽ കൊന്നുതിന്നാൻ പാകത്തിന് വേട്ടനായ്ക്കളെപ്പോലുള്ള മനുഷ്യ പിശാചുക്കൾ ഇരതേടിയിരിക്കുന്നുണ്ടോ എന്ന് നമ്മൾ അന്വേഷിച്ചറിയണം. നമ്മുടെ കണ്ണുകൾ മക്കൾടെ ഇരുപുറവുമുണ്ടാവണം. മത വിശ്വാസം മക്കളെ രക്ഷിക്കുമെന്ന് കരുതി ആശ്വസിച്ചിരിക്കാൻ വരട്ടെ. പലതും കണ്ടറിഞ്ഞ്, കേട്ടറിഞ്ഞ് ആളുകൾ / വിശ്വാസികൾ മതം പഠിപ്പിക്കുന്നതിന് വീട്ടിൽ തന്നെ അദ്ധ്യാപകരെ നിയമിച്ചു തുടങ്ങിയിട്ട് കാലങ്ങളായി. വിശ്വാസത്തിന്റെ പേരിൽ എല്ലാം ത്യജിക്കാൻ തയ്യാറാകുന്ന കൂട്ടരോട് കുട്ടികളുടെ സുരക്ഷിതത്വത്തെക്കുറിച്ചു പറഞ്ഞാൽ എവിടെ ഏശാൻ !



**ഫബിത അബ്ദുൽ ഗഫൂർ**
കൈപ്പമംഗലം
തൃശ്ശൂർ

# ദേശാടനം

ക്ലാസ് മുറികളിൽ നിന്ന് കുട്ടികളൊക്കെ പിരിഞ്ഞ് പോയിത്തുടങ്ങിയിരുന്നു. സാധാരണ ഒരു ദിവസം. തീർത്തും സാധാരണമായിരിക്കണം ആ കൂടിക്കാഴ്ച എന്ന് അവൾ മനസിലുറപ്പിച്ചിരുന്നു എന്നത്തേയും പോലെ . അവധിക്കാലങ്ങളിലെ ഇംഗ്ലീഷ് ഭാഷാ ക്ലാസുകൾ അവിടെ പതിവായി നടക്കാറുള്ളതാണ്. നാല് വർഷമാകുന്നു ആ പരിസരവുമായി മുംതാസ് പരിചയപ്പെട്ടിട്ട്. നാല് വർഷം ആയുസ്സുള്ള പ്രണയത്തിന്റെ ആദ്യവും അന്ത്യവും കുറിക്കുന്ന ഒരിടം. ദാമ്പത്യ ബന്ധത്തിന്റെ വിരസതകൾക്കും വേദനകൾക്കുമിടയിൽ താൻ കണ്ടെത്തിയ ആശ്വാസ തുരുത്ത്. നടത്തത്തിന്റെ



അവസാനം അവൾ ക്ലാസ് മുറിയുടെ വാതിൽക്കലെത്തി.

ആരോ അകത്തിരുന്ന് സംസാരിക്കുന്നുണ്ട്. ഒരു കുട്ടിയും കൂടെയുള്ളത് അവന്റെ മാതാപിതാക്കളായിരിക്കണം. താൻ വരുമെന്ന് അറിയിച്ചിരുന്നു. പുറത്തെ വിശാലതയിലേക്ക് നോക്കി മുംതാസ് കാത്ത് നിന്നു, നിരന്തരമായ യാത്രയിൽ ക്ഷീണിച്ച് തളർന്ന ദേശാടനപ്പക്ഷി വിശ്രമിക്കാനിരുന്ന തുരുത്തിൽ നിന്ന് ആവോളം ഊർജ്ജം സംഭരിച്ച് യാത്ര തുടരാൻ സമയമായെന്ന പോലെ.

നഗര വീഥിയിൽ ജോലിയും പഠിപ്പുമൊക്കെ കഴിഞ്ഞ് ആളുകൾ വീട്ടിലേക്ക് മടങ്ങുന്നതിന്റെ തിരക്ക് ആകെ ശബ്ദമുഖരിതം. ഇരുട്ടുന്നതിന്റെ മുമ്പ് തനിക്ക് വീട്ടിലെത്തണം: ആകെ ഒരു മണിക്കൂർ. അത്രയും സമയത്തിനുള്ളിൽ യാത്ര പറഞ്ഞ് ഇറങ്ങേണ്ടിയിരുന്നു. കുറേ നാൾ കൂടി കണ്ടുമുട്ടുന്നതിന്റെ ആഹ്ലാദമോ എല്ലാം പറഞ്ഞ് പിരിയുന്നതിന്റെ ആകുലതയോ ഇല്ലാത്ത ഒരു തരം നിസംഗത അവളെ ബാധിച്ചിരുന്നു. താൻ ആദ്യമായി ഇവിടെ കയറി വന്ന ദിവസം അവളോർത്തെടുത്തു. അതിനും മുമ്പ് മകന്റെ സ്കൂളിലെ പാരന്റിംഗ് ക്ലാസിലാണ് മാഷെ പരിചയപ്പെട്ടത്. അതിനു ശേഷമെത്ര കൂടിക്കാഴ്ചകൾ വിദ്യാർത്ഥിയുടെ രക്ഷിതാവെന്ന സ്ഥാനം വിട്ട് മറ്റു പലതുമായിത്തീർന്ന കാഴ്ചകൾ. ദിനേനയുള്ള ഫോൺ വിളികൾ, വാട്ട്സാപ്പ് സന്ദേശങ്ങൾ. പ്രണയം ആശിച്ചു നടന്ന ഒരുവളെ പ്രണയത്തിന്റെ എല്ലാ നോവും അനുഭൂതിയുമറിയിച്ച നാളുകൾ, കൂടെ ഒരന്യപുരുഷനുമായി പ്രണയത്തിലേർപ്പെട്ടതിന്റെ കുറ്റബോധവും . പരസ്പരം കണ്ടുമുട്ടിയപ്പോഴൊന്നും സംസാരിച്ചതേയില്ല. മൗനമായിരുന്നു തങ്ങളുടെ ഭാഷ ആ നിമിഷങ്ങളിലൊക്കെ സങ്കടങ്ങൾ അവൾ മറന്ന് പോയിരുന്നു. താൻ ആത്മാവ് കൂടി നഗ്നയാക്കപ്പെട്ടവളായി.

രണ്ട് സമാന്തരരേഖകളുടെ സംഗമം പോലെ അനിവാര്യമായ ആ കൂടിക്കാഴ്ചകളിലായിരിക്കണം എവിടെയോ മറന്ന് വച്ച എന്നെ ഞാൻ വീണ്ടെടുത്തത്. അതിൽ പിന്നെയാണ് ഓർമ്മകളെനിക്ക് പ്രിയപ്പെട്ടവയായത്. നമ്മൾ ചിലവഴിച്ച ഓരോ നിമിഷങ്ങളും എന്നിലിന്നും മായാതെ ഇങ്ങനെ നിലനിൽക്കുന്നത്. നീ പറഞ്ഞ ഓരോ വാക്കും ഞാൻ ഓർത്തുവയ്ക്കുന്നത്. പ്രിയപ്പെട്ടവനേ ഞാൻ നിന്നെ സ്നേഹിക്കുന്നു ഈ പ്രപഞ്ചത്തോളം പ്രണയിക്കാതിരിക്കാൻ നമ്മൾക്കിടയിൽ ഒരു കാരണവുമുണ്ടായില്ല.

പ്രണയം എന്നത് ജീവിതത്തിൽ സംഭവിക്കുന്ന ഒരു സ്വാഭാവിക പ്രക്രിയ പോലെ പലപ്പോഴും തന്റെ ആധികളെ ഒരു പൊട്ടിച്ചിരിയിലൂടെ ഇല്ലാതാക്കി മനോഹരമായ പ്രണയാനുഭവങ്ങളായി മാറുകയായിരുന്നു. അതെ ഈ പ്രണയമാണ് എന്നെ ഞാനാക്കിയത്. എന്നിലെ ഉൾക്കരുത്തിനെ ഒന്ന് തേച്ച് മിനുക്കിയത്. എന്തും നേരിടാൻ തന്നെ പ്രാപ്തയാക്കിയത്. ആത്മാവില്ലാത്ത ഉടൽ വേഴ്ചകൾ അപ്രസക്തമായ ആത്മീയാനുഭൂതി നിറഞ്ഞ ഒരു പ്രണയകാലം .

' മാഷിനെങ്ങനെ ഇത് സാധിക്കുന്നു ഇത്ര തീവ്രമായി ഇങ്ങനെ പ്രണയിക്കാൻ'

'അപ്പൊ നിനക്കോ മുംതാസ്'

'അതെന്റെ സാഹചര്യമല്ലേ? ഞാനൊരു സാധാരണ പെണ്ണ്. ഭർത്താവിന് വിധേയപ്പെട്ട് വീട്ടിൽ അടങ്ങി ഒതുങ്ങിക്കഴിയുന്ന ആഗ്രഹങ്ങളും അവകാശങ്ങളുമില്ലാത്ത ഒരു കുലസ്ത്രീ' ഒരു പരിഹാസ ചുവയുണ്ടായിരുന്നു വാക്കുകൾക്ക് .

'മാഷ് അങ്ങിനെയാണോ നിങ്ങൾ ആണുങ്ങൾക്ക് ഒരു പാട് പ്രയോരിറ്റികളില്ലേ'

'എല്ലാവരും സാധാരണ മനുഷ്യരാണ് മുംതാസ്. എല്ലാവർക്കും സാഹചര്യങ്ങളുണ്ട്.

എന്നെ തീവ്രമായി സ്നേഹിക്കാൻ ഒരു പെണ്ണ് വേണമായിരുന്നു. എന്റെ മനസ് എന്നും അത് തിരഞ്ഞിരുന്നു'.

'ശരിയാണ്, പ്രണയം ഞാൻ എന്നും തിരഞ്ഞിരുന്നു. പ്രണയത്തിനല്ലാതെ മറ്റൊന്നിനും എന്നെ തൃപ്തയാക്കാൻ കഴിയുമായിരുന്നില്ല'

അവളുടെ ഊഴമായി, മുൻപത്തെ അനുഭവമോർത്ത് മുംതാസ് ഒന്നകലം വിട്ട് നിന്നു . അന്നൊരിക്കൽ മാഷ് തന്നെ നെഞ്ചോടടുക്കിപ്പിടിച്ചത്. മീശയില്ലാത്ത ചുണ്ടുകളാൽ തന്റെ ചുണ്ടുകളിലും കണ്ണുകളിലും ചുംബിച്ചത്. ഒരിക്കലും തനിക്ക് മറക്കാൻ സാധിക്കാത്തൊരു കൂടിക്കാഴ്ച്ച ആയിരുന്നു അത്. എങ്ങിനെയാണ് മറക്കാൻ സാധിക്കുക അത് പോലെ താനെന്നെങ്കിലും സ്നേഹിക്കപ്പെട്ടിരുന്നോ?

അന്ന് താനെത്ര കണ്ണീരൊഴുക്കി. പിന്നെ പിന്നെ അതെത്ര സുഖമുള്ള ഓർമ്മയായി.

'എന്താണ് മുംതാസ്' അവൾ ചിന്തകളിൽ നിന്ന് ഉണർന്നു കണ്ണുകളിൽ പ്രണയത്തിന്റെ തീവ്രത . നോക്കി നിൽക്കാനാകാതെ അവൾ കണ്ണുകൾ പിൻവലിച്ചു.

'എന്റെ വിവാഹമുറപ്പിച്ചു'

അയാളുടെ മുഖത്ത് നോക്കാതെ അവൾ പറഞ്ഞു. എത്ര നാളാ നമ്മളിങ്ങനെ തിമിംഗലത്തിന്റെയും കുരുവിയുടെയും അവസ്ഥയിൽ?

'പ്രണയമെന്നാൽ ഒന്നിച്ചു ജീവിക്കലാണോ മുംതാസ്'.

'അല്ല, ആർക്കും ഒരുമിച്ച് ജീവിക്കാൻ സാധിക്കണമെന്നില്ല'

പക്ഷേ ജീവിതത്തിൽ പ്രണയം ഞാനെത്രയോ ആഗ്രഹിച്ചിട്ടുണ്ട് , ഒന്ന് സ്നേഹിക്കപ്പെടാൻ എത്ര യാചിച്ചിട്ടുണ്ട്.

എല്ലാത്തിനോടും പൊരുത്തപ്പെടുകയായിരുന്നു

ഞാൻ . പക്ഷേ ഇനിയെനിക്ക് സാധിക്കില്ല ഇങ്ങനെ ജീവിതം നീട്ടിക്കൊണ്ട് പോകാൻ . ഒരു വീട്ടിനകത്ത് അപരിചിതരെപ്പോലെ ഉടൽ മാത്രം പങ്ക് വയ്ക്കുന്നവരായി, എത്ര നാളാണിങ്ങനെ. അത് കൊണ്ട് ഞാനിറങ്ങിപ്പോന്നു. ഒരു വ്യക്തിയാണെന്ന അംഗീകാരം ഇല്ലാതെ എന്നുമിങ്ങനെ വിധേയപ്പെട്ട് ജീവിക്കാൻ എനിക്ക് വയ്യ.

അയാൾ പതിവ് പോലെ അവളെ തൊടാൻ കയ്യൊന്ന് നീട്ടി, അതവഗണിച്ച് അവൾ കസേരയിൽ നിന്ന് എഴുന്നേറ്റു

'നമുക്കൊന്ന് ഇറങ്ങി നടക്കാം'

അവൾ വരാന്തയിലേക്കിറങ്ങി

കുട്ടികൾ പന്ത് കളിക്കുന്നുണ്ട്. മൈതാനത്തിന് നടുവിൽ പടർന്ന് പന്തലിച്ച് നിൽക്കുന്ന ഒരു വൻ വൃക്ഷം. ആകാശത്ത് സൂര്യവെളിച്ചമടിച്ച സ്വർണ്ണ മേഘം. സൂര്യൻ അസ്തമിക്കാനുള്ള ഒരുക്കത്തിലാണ് , കൂട്ടിലേക്ക് മടങ്ങുന്ന കിളികൾ . ദൂരെ ഒരു കാക്കത്തുരുത്തുണ്ട്. കൂട്ടമായി കാക്കകൾ പാർക്കുന്ന സ്ഥലം. അന്തിമയങ്ങി തുടങ്ങുമ്പോൾ കാക്കകളുടെ ശബ്ദത്താൽ മുഖരിതമാകും അവിടം . എണ്ണിത്തുടങ്ങിയാൽ എണ്ണം തെറ്റിച്ച് പറന്നും പോയും പിന്നെയുമെത്തും അവ.

'ആരാണാ ഭാഗ്യവാൻ'

' കൂട്ടുകാരിയുടെ ഭർത്താവാണ് '

' കൂട്ടുകാരിക്കെന്ത് പറ്റി'

' മരണപ്പെട്ടു'

ബൈക്ക് ആക്സിഡന്റായിരുന്നു . അവളുടെ ഭർത്താവിന് ഒരു കാൽ നഷ്ടപ്പെട്ടു. ഒരു ജീവിതം കൊടുക്കണം. രണ്ട് പെൺകുട്ടികളാണ് ആ അനാഥരുടെ അമ്മയാകണം കൂടാതെ എന്റെ കുഞ്ഞുവിനു കൂട്ടുകാരും വേണം.

അവൾ കുറെ ആശിച്ചതാണ് ഒരു കുഞ്ഞനിയത്തിയെ, പക്ഷേ എനിക്കിനിയും അയാളുടെ ,എന്റെ പഴയ ഭർത്താവിന്റെ, മക്കളെ പ്രസവിക്കണ്ടായിരുന്നു.

'എങ്കിലും നിനക്കെങ്ങനെ സാധിക്കുന്നു വിവാഹം മോചനം നേടി ഈ ആറു മാസങ്ങൾക്കുള്ളിൽ മറ്റൊരാളുമായി . പൊരുത്തപ്പെടാൻ , എന്നെയും ഒഴിവാക്കുകയാണോ'

'സാധിക്കണം , ഞാനെല്ലാവരെയും ഉപേക്ഷിച്ച് പോന്നതാണ്. ഇനിയൊരു തിരികെ വിളി ഇല്ലാതിരിക്കാൻ അതാണ് നല്ലത്. ഇമോഷനൽ ബ്ലാക്ക് മെയിലിങ്ങിന് കൂടി മറ്റുള്ളവർക്ക് സാധിക്കാത്ത വിധം . ഇതെന്റെ മാത്രം തീരുമാനമാണ്. അവർ പലതും പറയുന്നുണ്ടാകും. മറ്റുള്ളവർ തീരുമാനമെടുത്ത് ഒരു ജീവിതം തിരഞ്ഞെടുത്തു തന്നതല്ലേ . അത് പരാജയപ്പെട്ടിരിക്കുന്നു. അവരൊന്നും അത് സമ്മതിക്കാൻ തയ്യാറല്ലെങ്കിലും.

ഇനി എന്റെ ഊഴമാണ്, എന്റെ ഇഷ്ടം എന്റെ

**ഇനി എന്റെ ഊഴമാണ്, എന്റെ ഇഷ്ടം എന്റെ തീരുമാനം തന്റേടിയെന്നും,സാമർത്ഥ്യക്കാരിയെന്നുമൊക്കെ പറയട്ടെ ആവോളം. എല്ലാം ഞാൻ ചിരിച്ചു തള്ളും.**
**'എന്തോ എനിക്ക് വല്ലാത്ത പക തോന്നുന്നു ഈ ചുറ്റുപാടുകളോടും സമൂഹത്തോടുമൊക്കെ. മറ്റുള്ളവർ അടിച്ചേൽപ്പിച്ച ബന്ധത്തിൽ എന്തും സഹിച്ച് തുടരണമെന്ന് പറയുന്നതിന്റെ ന്യായമെന്താണ് .**

തീരുമാനം തന്റേടിയെന്നും,സാമർത്ഥ്യക്കാരിയെന്നുമൊക്കെ പറയട്ടെ ആവോളം . എല്ലാം ഞാൻ ചിരിച്ചു തള്ളും.'

'എന്തോ എനിക്ക് വല്ലാത്ത പക തോന്നുന്നു ഈ ചുറ്റുപാടുകളോടും സമൂഹത്തോടുമൊക്കെ'.

മറ്റുള്ളവർ അടിച്ചേൽപ്പിച്ച ബന്ധത്തിൽ എന്തും സഹിച്ച് തുടരണമെന്ന് പറയുന്നതിന്റെ ന്യായമെന്താണ് .

'എനിക്ക് ഇപ്പഴും മാഷിനോട് സ്നേഹമാണ്, ഒരു നല്ല പ്രണയകാലം നമ്മളാസ്വദിച്ചില്ലേ മറ്റാരുമറിയാതെ , ഞാനെന്നും ഓർക്കും ഇനി ഞാൻ കാണാൻ വരില്ല. falling in love വല്ലാത്തൊരനുഭൂതിയാണ് അല്ലേ എവിടെയായാലും അവിടെയൊക്കെ ഉണ്ടെന്ന് തോന്നും. '

പക്ഷേ എത്ര നാളാ നമ്മളിങ്ങനെ ഒരിക്കലും ഒരുമിക്കാൻ സാധിക്കാതെ ഇങ്ങനെ ജീവിതം എന്തിന് നീട്ടിക്കൊണ്ട് പോകണം . ഇനി ബാക്കിയുള്ള ജീവിതം ആ ഒരാൾക്കെങ്കിലും ഉപകാരപ്പെടട്ടെ . ഞാൻ എന്നെക്കൊണ്ടാവും വിധം ആത്മാർത്ഥത പുലർത്താൻ ശ്രമിക്കും '

പറഞ്ഞ് നിർത്തിയതും അവളുടെ കണ്ണിൽ നിന്ന് ഒരു നീർത്തുള്ളി ഉരുണ്ടു വീണു. അയാളുടെ മുഖത്ത് നഷ്ടബോധത്തിന്റെ ഒരു വിഷാദ ഭാവം നിഴലിച്ചു.

' ഞാൻ പോകട്ടെ സമയം വൈകുന്നു '

അവസാനത്തെ കൂടിക്കാഴ്ച ഹൃദ്യമായിരിക്കണമെന്ന വിചാരത്താൽ അവൾ ഒരു കടുകു മഞ്ഞ സാരിയിൽ സുന്ദരിയായി ഒരുങ്ങിയിരുന്നു. നീളൻ മുടിയിഴകൾ ചെറിയ കാറ്റിൽ പാറിപ്പറന്നു .

' അവസാനമായി നിന്റെ കൈയ്യിലൊന്നു ഞാൻ തൊടട്ടെ മുംതാസ് ' അയാളൊരു യാചനയോടെ അവളെ നോക്കി ചോദിച്ചു.

**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ



ആരാവും ചന്ദ്രനിലേക്ക് യാത്ര തിരിക്കുന്ന ആദ്യ വനിത? ലോകം അത്യാകാംക്ഷയോടെ ചോദിച്ചുകൊണ്ടിരുന്ന ആ ചോദ്യത്തിന് ഉത്തരവുമായി രംഗത്തെത്തിക്കഴിഞ്ഞു നാസ. ചന്ദ്രനെ ചുറ്റി സഞ്ചരിക്കാൻ പോവുന്ന ആദ്യ വനിത ആരാണെന്നോ? ക്രിസ്റ്റീന ഹാമോക്ക് കോക്ക് തന്നെ. ആർട്ടെമിസ്-2 ദൗത്യത്തിൽ മിഷൻ സ്പെഷ്യലിസ്റ്റ് ആയാണ് ക്രിസ്റ്റീന ചാന്ദ്രദൗത്യത്തിനൊരുങ്ങുന്നത്.ഈ ദൗത്യത്തിൽ ക്രിസ്റ്റീനയ്ക്കൊപ്പം മൂന്നു പേർ കൂടിയുണ്ട് കേട്ടോ. യു.എസ് ആസ്ട്രോനോട്ടുകളായ വിക്റ്റർ ഗ്ലോവർ, റീഡ് വൈസ്മാൻ , കനേഡിയൻ ബഹിരാകാശ സഞ്ചാരിയായ ജെർമി ഹാൻസൺ എന്നിവരാണ് ദൗത്യസംഘത്തിലെ മറ്റംഗങ്ങൾ. ലോകത്തിന്റെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും ആവേശത്തിനുമൊപ്പമാണ് തങ്ങൾ കുതിച്ചുയരാൻ പോവുന്നത് എന്ന് ചരിത്രനേട്ടത്തിലേക്ക് പറക്കാനൊരുങ്ങുന്ന ക്രിസ്റ്റീനകോക്ക് പറയുന്നു. അരനൂറ്റാണ്ടിന്റെ നീണ്ട ഇടവേളയ്ക്കു ശേഷമുള്ള മനുഷ്യന്റെ ചാന്ദ്രയാത്രയാ



# ചാന്ദ്രയാത്രക്കൊരുങ്ങി ക്രിസ്റ്റീന കോക്ക്

> **അരനൂറ്റാണ്ടിന്റെ നീണ്ട ഇടവേളയ്ക്കു ശേഷമുള്ള മനുഷ്യന്റെ ചാന്ദ്രയാത്രയാണ് ഇതെന്ന പ്രത്യേകതയുമുണ്ട്. പത്തു ദിവസം നീളുന്ന ആർടെമിസ്-2 ദൗത്യത്തിന്റെ ഭാഗമായി അടുത്ത വർഷം നവംബറിലാണ് ഈ നാൽവർ സംഘം ചന്ദ്രനിലേക്ക് യാത്രതിരിക്കുക. ഇവർ ചന്ദ്രനിൽ കാലുകുത്തുന്നില്ല. പകരം ചന്ദ്രനെ ചുറ്റിസഞ്ചരിച്ച് ഭൂമിയിൽ തിരിച്ചെത്തുകയാണ് ചെയ്യുക.**

ണ് ഇതെന്ന പ്രത്യേകതയുമുണ്ട്. പത്തു ദിവസം നീളുന്ന ആർടെമിസ്-2 ദൗത്യത്തിന്റെ ഭാഗമായി അടുത്ത വർഷം നവംബറിലാണ് ഈ നാൽവർ സംഘം ചന്ദ്രനിലേക്ക് യാത്ര തിരിക്കുക. ഇവർ ചന്ദ്രനിൽ കാലുകുത്തുന്നില്ല. പകരം ചന്ദ്രനെ ചുറ്റിസഞ്ചരിച്ച് ഭൂമിയിൽ തിരിച്ചെത്തുകയാണ് ചെയ്യുക.



ബഹിരാകാശ പര്യവേക്ഷണങ്ങളിലും പരീക്ഷണങ്ങളിലും തന്റെ പ്രതിഭയും ശക്തമായ സാന്നിധ്യവും നേരത്തെ തന്നെ ലോകത്തിനു കാണിച്ചുതന്ന വനിതയാണ് ക്രിസ്റ്റീന കോക്ക്. 328 ദിവസം തുടർച്ചയായി ബഹിരാകാശത്തു കഴിഞ്ഞ് ലോകത്തെ വിസ്മയിപ്പിച്ച ആസ്ട്രോനോട്ട് ആണ് ക്രിസ്റ്റീന. 2019 ഒക്റ്റോബറിൽ ക്രിസ്റ്റീനയും ജെസീക്ക മേയറും അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് പുറത്തിറങ്ങി വിജയകരമായി പൂർത്തിയാക്കിയ സങ്കീർണ്ണമായ സ്പേസ് വോക്കും അന്താരാഷ്ട്ര ബഹിരാകാശനിലയത്തിൽ നടത്തിയ അറ്റകുറ്റപ്പണികളുമൊക്കെ ലോകം വിസ്മയത്തോടെയാണ് നോക്കിക്കണ്ടത്.

ബഹിരാകാശ പര്യവേക്ഷണങ്ങളും ചാന്ദ്രയാത്രയുമൊന്നും സ്ത്രീകൾക്ക് പറഞ്ഞിട്ടുള്ളതല്ലെന്ന ധാരണ തിരുത്തിക്കുറിച്ചുകൊണ്ട് വൻ ബഹിരാകാശ ദൗത്യങ്ങളിൽപ്പോലും സ്ത്രീകൾ വെന്നിക്കൊടി പാറിച്ചുകൊണ്ടിരിക്കുകയാണ്. ബഹിരാകാശ ഗവേഷണങ്ങളിലും പര്യവേക്ഷണങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം അനിവാര്യവും അനിഷേധ്യവുമാണെന്ന് കാലം തെളിയിച്ചു കഴിഞ്ഞു.

1979- ജനുവരി 29-ന് മിഷിഗണിലെ ഗ്രാന്റ് റാപിഡ്സിൽ ബാർബറ ജോൺസന്റെയും റൊണാൾഡ് ഹാമ്മോക്കിന്റെയും മകളായാണ് ക്രിസ്റ്റീന കോക്കിന്റെ ജനനം. ആകാശത്തിന്റെ അനന്തവിസ്മയങ്ങൾ കുട്ടിക്കാലം തൊട്ടേ ആ പെൺകുട്ടിയെ മോഹിപ്പിച്ചിരുന്നു. നോർത്ത് കരോലിന സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിലാണ് ക്രിസ്റ്റീന ബിരുദവും ബിരുദാനന്തര ബിരുദവും നേടിയത്. 2001-ൽ നാസയുടെ ഗൊദാർദ് സ്പേസ് ഫ്ലൈറ്റ് സെന്ററിൽ എത്തുന്നത്. ബഹിരാകാശ ഗവേഷണങ്ങളിൽ മാത്രമല്ല അവിടെ ക്രിസ്റ്റീന പങ്കാളിയായത്. 2004 മുതൽ മൂന്നു വർഷം യു.എസ് അന്റാർട്ടിക്ക പ്രോഗ്രാമിൽ റിസർച്ച് അസോസിയേറ്റ് ആയും പ്രവർത്തിച്ചു. നാസയിൽ ബഹിരാകാശ സഞ്ചാരിയായി ക്രിസ്റ്റീന തെർഞ്ഞെടുക്കപ്പെടുന്നത് 2013-ൽ ആണ്. തെരഞ്ഞെടുക്കപ്പെട്ടത്.ആസ്ട്രോനോട്ട് ഗ്രൂപ്പ്-21 ന്റെ ഭാഗമായി 2015-ൽ പരിശീലനം പൂർത്തിയാക്കുകയും

ചെയ്തു. 2019 മാർച്ച് 14-നാണ് സോയൂസ് എംഎസ്-12

പേടകത്തിലേറി കോക്ക് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള സംഘത്തിൽ അംഗമാവുകയും ആ ദൗത്യം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. നീണ്ട ഇടവേളയ്ക്ക് ശേഷം മനുഷ്യനെയും വഹിച്ചുകൊണ്ടുള്ള ഭാവി ചാന്ദ്രദൗത്യങ്ങൾക്കു ശക്തമായ അടിത്തറയൊരുക്കാൻ ആർട്ടെമിസ്-2 ദൗത്യത്തിനു കഴിയുമെന്നാണ് പ്രതീക്ഷ. ചന്ദ്രനിൽ ചേക്കേറാനുള്ള കിടമൽസരവുമായി ലോകരാജ്യങ്ങൾ മുന്നേറുമ്പോൾ ക്രിസ്റ്റീന കോക്കിനു ശേഷം ചാന്ദ്രയാത്ര നടത്താൻ പോവുന്ന വനിതകൾ ആരൊക്കെയാവും എന്ന ആകാംക്ഷയിലാണ് ലോകം.


പുതിയ കാലത്തെ
സ്ത്രീയെ
പുനർനിർവ്വചിക്കുന്ന
സ്ത്രീപക്ഷ മാസിക
വായിക്കാം സംഘടിതയിലൂടെ
www.sanghaditha.com
സംഘടിത